Edit with WPS Office

# SHARE YOUR SIGHT

A Talking Text Development Project

Curricular Project of

P.K.M. College of Education

Script of Standard VIII

**Adisthaanapaadavali**

Submitted By

**Department of Malayalam**

Under the Mega Project

Next Gen @PKM Teacher

NEXT GENERATION TEACHER AT PKM

Edit with WPS Office

General Coordinator
**Dr. Jessy N C**

Project Coordinator
**Dr. Prasanth Mathew**

Student Coordinators

1. **Mr. Sayooj V V**
2. **Ms. Saranya L**

Subject Coordinator
**Minimol George**

Optional Student Coordinators

1. **Anusree K. C**
2. **Soorya Babu**

List of students and their Contribution

| | **Content** | **Name of student** |
|---|---|---|
| 1. | പുതുവർഷം | അനുശ്രീ കെ. സി |
| 2. | ആ വാഴവെട്ട് | ആദിത്യ. വി |
| 3. | എണ്ണ നിറച്ച കരണ്ടി | അതുല്യ. സി |
| 4. | രണ്ടു മത്സ്യങ്ങൾ | അഞ്ജലി ആർ |
| 5. | തേൻകനി | നിവ്യ ജോസഫ് |
| 6. | കുപ്പായം | അപർണ. യു |
| 7. | ബഷീർ എന്ന ബല്യ ഒന്ന് | സൂര്യ ബാബു |
| 8. | നനയാത്ത മഴ | അർച്ചന കെ. സി |

# പുതുവർഷം - ടോക്കിങ് ടെക്സ്റ്റ് - സ്ക്രിപ്റ്റ്

എട്ടാം തരം അടിസ്ഥാന പാഠാവലിയിലെ 'പിന്നെയും പൂക്കുന്ന ചില്ലകൾ ' എന്ന ഒന്നാം യൂണിറ്റിൽ ഉൾപ്പെടുന്ന വിജയലക്ഷ്മിയുടെ 'പുതുവർഷം' എന്ന കവിതയാണ് ടോക്കിങ് ടെക്സ്റ്റ് ആയി ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്.

## ടോക്കിങ് ടെക്സ്റ്റ് -1

## (പാഠത്തിന്റെ ആമുഖം അഥവാ പാഠാവതരണം )

(പശ്ചാത്തലസംഗീതം ഉയരുന്നു )

(ടീച്ചർ ശബ്ദം) നമസ്കാരം കുട്ടികളെ,

എല്ലാരും വന്നല്ലോ അല്ലെ, കഴിഞ്ഞ ക്ലാസുകളിലെ പോലെ ധാരാളം കവിതകളും കഥകളും നാടകങ്ങളും ലേഖനങ്ങളും ഒക്കെയുമായിട്ടാണ് ഇത്തവണയും മലയാളം പാഠപുസ്തകം നിങ്ങൾക്ക് മുന്നിലെത്തിയിരിക്കുന്നത്... ഇതിൽ കവിതകൾ കേൾക്കാനും ചൊല്ലാനും ഇഷ്ടമുള്ള എത്ര പേരുണ്ട്?

(കുട്ടികളുടെ പ്രതികരണം)

ആ, എല്ലാവർക്കും ഇഷ്ടമാണല്ലേ? അപ്പൊ നമുക്ക് ഒരു കവിതയിലൂടെ തന്നെ മലയാളം അടിസ്ഥാനപാഠാവലി ആരംഭിക്കാം.പിന്നെയും പൂക്കുന്നു ചില്ലകൾ എന്ന ഒന്നാം യൂണിറ്റിലെ ആദ്യ പാഠഭാഗമാണ് പുതുവർഷം. പിന്നെയും പൂക്കുന്ന ചില്ലകൾ പ്രതീക്ഷയാണ് അല്ലെ, ഉണങ്ങികരിഞ്ഞവയല്ല, ഇത്തരത്തിൽ പ്രത്യാശ ഉണർത്തുന്ന തരത്തിലുള്ള മൂന്നു പാഠഭാഗങ്ങൾ ആണിതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിൽ ആദ്യത്തേതായ വിജയലക്ഷ്മിയുടെ 'പുതുവർഷം' എന്ന കവിതയെ നമുക്കറിഞ്ഞാല്ലോ കൂട്ടുകാരെ, ഈ പേരു കേട്ടപ്പോൾ നിങ്ങൾക്ക് എന്തൊക്കെയോ മനസ്സിൽ വന്നിട്ടുണ്ട് അല്ലെ, ഓരോരുത്തരും പറഞ്ഞാട്ടെ, പുതുവർഷം എന്നു കേട്ടപ്പോൾ എന്തൊക്കെയാ നിങ്ങൾക്ക് ഓർമ്മ വന്നത്?

(കുട്ടികളുടെ പ്രതികരണം )

( ടീ:ശ ) അതെ, മഴക്കാലം, അമ്മയുടെ കൂടെ മഴ നനഞ്ഞു സ്കൂളിൽ പോവുന്നത്, മഴയുടെ  പെയ്ത്തിൽ മങ്ങി കേട്ട ക്ലാസുകൾ,  കുഞ്ഞുകാലത്തെ മഴക്കാലം, ആഹ്, ഏഴാം ക്ലാസ്സിൽ പഠിച്ച കവിതകളും ഓർത്തുവല്ലേ, എൻ വി കൃഷ്ണവാര്യരുടെ 'വെള്ളപ്പൊക്കം ' ചിങ്ങപ്പുലരിയെയും  പൂക്കളെയും  വർണ്ണിക്കാൻ കൊതിച്ച പി ഭാസ്കരന്റെ  'ഞാറ്റുവേലപ്പൂക്കൾ' എന്ന കവിത,

പിന്നെ,ആ..

അമ്മയെയോർത്തുവല്ലേ, അമ്മയാവുന്ന പ്രകൃതി ഉറക്കുന്ന സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിതയും കൂട്ടുകാർ ഓർത്തല്ലോ. കൂട്ടുകാർ പറഞ്ഞതൊക്കെയും പുതുവർഷം എന്ന കവിതയിലും വരുന്നുണ്ട് കേട്ടോ. പുതിയ അധ്യയന വർഷമാണ്. കൊറോണ മഹാമാരി എത്രയും പെട്ടെന്നു ഒഴിഞ്ഞു  സ്കൂളുകൾ തുറക്കട്ടെ എന്ന് നമുക്കും പ്രത്യാശിക്കാം. അപ്പൊ പുതുവർഷത്തിന്റെ  കവയിത്രിയെ നമുക്ക് പരിചയപ്പെട്ടാല്ലോ?. മലയാള കവിതയിലെ വേറിട്ട സ്ത്രീശബ്ദങ്ങളിൽ ഒന്നാണ് പ്രശസ്ത കവയ്ത്രി വിജയലക്ഷ്മി.പുതിയ കാലത്ത്  മനുഷ്യനെ  അലോസരപ്പെടുത്തുന്നതെന്തും കവിയെയും അലോസരപ്പെടുത്തും എന്ന നിലപാടോടുകൂടി എഴുതിയ വിജയലക്ഷ്മിയുടെ കവിതകൾ ഒക്കെ തന്നെയും വേറിട്ടതാണ്. മൃഗശിക്ഷകൻ, ദേവാസുരം, തച്ചന്റെ മകൾ, മഴ തൻ മറ്റേതോ മുഖം, മഴ,  ഒറ്റമണൽത്തരി  തുടങ്ങിയവയാണ് പ്രധാന കൃതികൾ.മഴ, മാതൃത്വം, പ്രകൃതിബോധം ,നഷ്ടബാല്യം എന്നിവ വിജയലക്ഷ്മിയുടെ കവിതകളിൽ ആവർത്തിച്ചുവരുന്ന ബിംബങ്ങളാണ്.

അപ്പൊ കവയിത്രിയെ പരിചയപ്പെട്ടല്ലോ കൂട്ടുകാരെ,

(പശ്ചാത്തല സംഗീതം കട്ട് ചെയ്യുന്നു )

ഇനി നമുക്ക് പുതുവർഷം എന്ന കവിതയിലേക്ക് കടക്കാം.കുട്ടികളുടെ കയ്യിൽ പദ്യഭാഗം ഉണ്ടെന്ന് രക്ഷിതാക്കൾ ഉറപ്പുവരുത്തുമല്ലോ അല്ലെ?
പുതുവർഷം, ജീവിതത്തിലുടനീളം നമ്മെ സ്വാധീനിക്കുന്ന ശക്തിയാണ് അമ്മ. അമ്മയെ കുറിച്ചുള്ള ദീപ്തസ്മരണകൾക്ക് ഏതു പൂക്കളെത്തേ

ക്കാളും മനോഹരിതയുമുണ്ട്. ഓരോ പുതുവർഷവും അമ്മയെ എന്ന പോലെ നന്മയും പ്രത്യാശയും വളർത്താൻ കൊതിപ്പിക്കുന്നു. എന്നാൽ ഓണത്തെയും പൂക്കളത്തേയും മറക്കുന്ന കേരളനാടിന്റെ മനം മാറ്റം മറുവശത്തുമുണ്ട്. ഈ ആശയത്തെ മുന്നോട്ടുവയ്ക്കുന്ന കവിതയാണ് പുതുവർഷം. അപ്പൊ കവിതയിലേക്ക് കടക്കുന്നതിനു മുന്നോടിയായി കവിത ഒന്നു കേട്ടു നോക്കിയാല്ലോ കൂട്ടുകാരെ,

### ടോക്കിങ് ടെക്സ്റ്റ് -2

## (പുതുവർഷം കവിത -അവതരണം)

(പശ്ചാത്തലത്തിൽ കീബോർഡ് സംഗീതം ഉയരുന്നു )

(കവിത ചൊല്ലുന്നു )

"അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു -

മില്ലാതിരുന്നൊരാ പോയ കാലം..

........... .................. ............ ...........

മാലറ്റു പോകും വരും വർഷമക്ഷയ

ശ്രീയാം വലത്തുകാൽ വച്ചുകേറും "

കവിത മുഴുവനായും കേട്ടല്ലോ കൂട്ടുകാരെ, എല്ലാർക്കും ഇഷ്ടമായോ?

(കു: പ്ര )....

(പശ്ചാത്തല സംഗീതം പതിയെ കട്ട് ചെയ്യുന്നു)

## ടോക്കിങ് ടെക്സ്റ്റ് -3

## (പുതുവർഷം - ആശയവിശദീകരണം - പ്രവർത്തനങ്ങൾ)

ഇനി നമുക്ക് കവിത വിശകലനം ചെയ്യാം. കവിത കേട്ടപ്പോ തന്നെ നമുക്ക് കൊറേ കാര്യങ്ങൾ മനസിലേക്ക് കടന്നു വന്നിട്ടുണ്ട് അല്ലെ, വളരെ ലളിത മായ വരികൾ ആണല്ലോ. അപ്പൊ കവിതയിലൂടെ കടന്നുപോയപ്പോൾ ജീവിതത്തിന്റെ ചില ഘട്ടങ്ങളിലൂടെ കവയ്ത്രി കടന്നുപോയി എന്ന് എത്ര പേർക്ക് മനസിലായി?

(കു : പ്ര )....

(ടീ ശ ) : ആഹ്, മാതൃസ്നേഹം, പ്രകൃതിബോധം, സാമൂഹ്യ ബോധം എന്നീ ഘടകങ്ങളിൽ ബാല്യ -കൗമാര - യൗവന-ഘട്ടങ്ങളിലൂടെ കടന്നുപോയ കവ യിത്രിയുടെ കാലഘട്ടങ്ങളിൽ വന്ന മാറ്റങ്ങൾ ഇതിൽ വ്യക്തമാണ്. കവിത യുടെ ആദ്യഭാഗം ബാല്യത്തിൽ കേന്ദ്രീകരിച്ചാണ്. എന്തായിരുന്നു വരികൾ?

"അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു -

..... ടൊപ്പമെന്നമ്മയും തുമ്പ പോലെ "

എത്ര മനോഹരമായ കാലമാണ് ബാല്യകാലം. നിഷ്കളങ്കഹൃദയങ്ങൾ പാ റിനടക്കുന്ന കാലം. ഈ കാലത്ത് അമ്മയാണ് നമ്മുടെയൊക്കെയും അവ സാനവാക്ക്. അമ്മ ചൊല്ലി കേട്ട മാവേലി നാടു വാണീടും കാലം യഥാർഥ ത്തിൽ ഉണ്ടായിരുന്നെന്ന് കുഞ്ഞു മനസുകൾ ഒരുപോലെ വിശ്വസിക്കുന്ന കാലം. പുത്തനുടുപ്പ് അണിഞ്ഞു ഓണം ആഘോഷിച്ചതും പുസ്തകസ ഞ്ചിയുമായി പോകും വഴിക്കുന്ന് പുളി പെറുക്കി വായിലിട്ടതും തുടങ്ങി എന്തൊക്കെ അനുഭവങ്ങളാണ്?.. കുഞ്ഞുണ്ണി മാഷിന്റെ ബാല്യത്തെ സംബന്ധിക്കുന്ന ഒരു കവിതയുണ്ട്.."ഒരു വളപൊട്ടുണ്ടെൻ കയ്യിൽ ഒരു മയിൽപ്പീലി ഉണ്ടെന്നുള്ളിൽ, വിരസനിമിഷങ്ങൾ സരസമാക്കാനിവ ധാരാ ളമാണെനിക്കെന്നും " ഓർക്കുന്തോറും സുഖം തരുന്നവയാണ് ബാല്യകാ ലോർമ്മകൾ അല്ലെ, ബാല്യത്തിൽ അമ്മയ്ക്കൊപ്പം ആണ് കവയ്ത്രി

അത്തപ്പൂക്കളം ഒരുക്കുന്നത്. അമ്മയെ ആരെചേർത്താ കുട്ടികളെ ഉപമിക്കുന്നത്?

(കു : പ്ര )...

(ടീ : ശ )അതെ.. തുമ്പയോടാണല്ലേ, എന്തുകൊണ്ടാണ് തുമ്പയ്ക്കിത്ര പ്രാധാന്യം? പാടവരമ്പത്തും തൊടിയിലും കാണപ്പെടുന്ന വെളുത്ത നിറത്തിലുള്ള ഒരു കുഞ്ഞു പൂവാണ് തുമ്പ. ആരാലും പെട്ടെന്ന് ശ്രദ്ധിക്കണമെന്നില്ല. പക്ഷെ ഓണക്കാലത്തു അതിനു പ്രാധാന്യമുണ്ട്. പുരാണത്തിൽ ഒരു കഥയുണ്ട്, മഹാബലിയെ വരവേൽക്കാനായി പ്രകൃതി ഒന്നടങ്കം ഒരുങ്ങി നിൽക്കുവായിരുന്നു. എല്ലാ പൂക്കളും തങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന നിറത്താലും സുഗന്ധത്താലും മന്നനെ വരവേറ്റു. എന്നാൽ മന്നൻ വന്നപ്പോൾ ശിരസ്സിൽ ഏറ്റി വച്ചതാവട്ടെ തുമ്പയെയാണ്. ആ എളിമ ആണ് മന്നനെ ആകർഷിച്ചത്. അതുപോലെ വീടിന്റെ ഐശ്വര്യമായി മാറിയ പൂക്കളത്തിനുമുന്നിൽ തുമ്പയെ പോലെ പരിശുദ്ധിയാർന്നു എളിമയോടെ നിൽക്കുന്ന അമ്മയെ കവയിത്രി ഓർക്കുകയാണ്. വിജയലക്ഷ്മിയുടെ കവിതകളിൽ മിക്കതിലും കടന്നുവരുന്ന ബിംബമാണ് തുമ്പ. 'മഴ' എന്ന കവയിത്രിയുടെ മറ്റൊരു കവിതയിൽ,

" ആവണിക്കൊരു തുമ്പ തേടുമ്പോഴും

ആരെയോർക്കേണ്ടു നിന്നെയല്ലാതെ ഞാൻ " എന്നിങ്ങനെ തുമ്പ കടന്നു വരുന്നുണ്ട്. അപ്പൊ കൂട്ടുകാരെ, ബാല്യത്തിൽ അമ്മ എത്ര മാത്രം നമ്മെ സ്വാധീനിക്കുന്നുവെന്നതിന്റെ ചിത്രം ഇതിൽ നിന്നും മനസിലായല്ലോ, ഇനി അടുത്ത ഭാഗം നോക്കിയേ,

" ആകുല ചിന്തകൾ ആയിരം കുന്ത -

..... വീചി പോലാപത്തായ് മാറും കാലം "

കൗമാരത്തിലേക്കെത്തി അല്ലെ, വികാരവിക്ഷോഭങ്ങളുടെ കാലമാണ് കൗമാരം. തിളയ്ക്കുന്ന സ്നേഹം ഉണ്ടാവുന്നു എന്നാണ് പറയുന്നതല്ലേ കുട്ടികൾ മിക്കവരും തങ്ങൾ മുതിർന്നവരായി എന്നു ചിന്തിച്ചു തുടങ്ങുന്ന ഘട്ടമാണിത്. ആശങ്കകളും ആകുലതകളും നിരാശയും പകയും കൂടിക്ക

ലർന്ന തരത്തിൽ, കവയ്ത്രി പറഞ്ഞപോലെ ആയിരം കുന്തങ്ങളായി മനസ്സിൽ തറിക്കുന്ന കാലമാണ്. ഒന്ന് ഓർത്തുനോക്കിയേ, പുഞ്ചിരിച്ചു ആരോടും വിദ്വേഷമില്ലാതെ നടന്ന കാലത്തുനിന്നും കൗമാരത്തിലെത്തുമ്പോഴേക്കും ഞാൻ എന്ന ഭാവത്തിന് അടിമയായില്ലേ. ശ്രദ്ധിക്കാതെ പോയാൽ പാളി പോവുന്ന വൈദ്യുതി വീചി പോലെയുള്ള വികാരങ്ങളുടെ തിളച്ചു മറിയൽ കാരണം എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടുപോവേണ്ടി വരുന്ന കൗമാരകാലത്തിന്റെ പ്രത്യേകതകൾ ആണ് ഈ വരികൾ മുന്നോട്ടു വയ്ക്കുന്നത്. ഇനി അടുത്ത വരികൾ വായിച്ചേ,

" ജീവിതാനന്ദങ്ങൾ കാട്ടുതേനൂട്ടിയും

.......നോവടുത്തുച്ചത്തിലാർക്കും കാലം "

യൗവനത്തിൽ എത്തിച്ചേർന്നു അല്ലെ, വല്ലാതെ മോഹിപ്പിക്കുകയും എത്ര കിട്ടിയാലും മതിയാവില്ലെന്ന തോന്നൽ ഉണ്ടാക്കുകയും ചെയ്യുന്ന കാലം, തീർത്തും സ്വതന്ത്രരായി തീരുന്ന ഈ കാലത്തെ കണ്ണഞ്ചിപ്പിക്കുന്ന പുറം കാഴ്ചകൾ നമ്മെ ശരീരികമായും മാനസികമായും സാന്മർഗികമായും സാംസ്കാരികമായും അതിലേക്ക് അടുപ്പിക്കുന്നു.ഈ കാലത്ത് ഒറ്റപ്പെടുന്നവർ തീർത്തും ഒറ്റപ്പെടുകയും അല്ലാത്തവർ ബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ഘടകങ്ങൾ നമ്മെ ആദ്യം കാട്ടുതേൻ എന്നപോലെ ആകർഷിക്കും, കളിപ്പിക്കും (കാടു കാണിക്കും ), ഒടുവിൽ അത് പോരാ പോരാ എന്നുപറഞ്ഞു വെട്ടിപ്പിടുത്തങ്ങൾ തുടങ്ങും. ചിലപ്പോൾ ആകർഷിച്ചു ചതിക്കുഴിയിൽ വീണുവെന്നും വരാം. അല്ലെ, കുഴിയിൽ വീണ ശേഷം ആയിരിക്കാം താൻ ചൂഷണം ചെയ്യപ്പെട്ടു എന്ന് ബോധ്യപ്പെടുക. തകർന്നുപോവുന്ന കുടുംബജീവിതങ്ങൾ, ലഹരിയുടെ വല്ലാത്ത ഉപയോഗം ഒക്കെയും ഈ കാലത്ത് ആദ്യം മോഹിപ്പിച്ച് പിന്നീട് തിരിച്ചറിവുകൾ സൃഷ്ടിക്കുന്നവയാണ്. അപ്പൊ ബാല്യത്തിന്റെ ചിറകൊതുക്കത്തിൽ നിന്നും എത്ര ദൂരം പിന്നിട്ടു അല്ലെ കൂട്ടുകാരെ, ഇനി കവയ്ത്രി പ്രകൃതിയോടും ഓണക്കാലത്തോടും ഉള്ള മാറുന്ന കേരളനാടിന്റെ സമീപനം ആണ് വ്യക്തമാക്കുന്നത്. വെട്ടിപ്പിടുത്തങ്ങളും പോരാത്ത ആർത്തിയും നമ്മെ എവിടെ എത്തിച്ചേർത്തു കുട്ടികളെ, വരികൾ വായിച്ചുനോക്കാം -

" ഓണവും പൂവും മറന്ന മലയാള -

...... ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ "

ഓണം അന്ന് ഇന്ന് എന്ന് തലക്കെട്ട് കൊടുത്ത് എഴുതാൻ മാത്രം മാറ്റങ്ങൾ വന്നില്ലേ കൂട്ടരേ, ഓണാഘോഷത്തിന്റെ മട്ടും ഭാവവും ഒക്കെയും മാറിപ്പോയി.അതോർക്കുമ്പോൾ ഞാൻ ഖിന്നയാണ്, എന്ന് കവയിത്രി പാടുന്നു. എന്താണ് കുട്ടികളെ 'ഖിന്ന 'എന്നാൽ?

(കു പ്ര )...

(ടീ ശ ) അതെ, വിഷമം അല്ലെ, ഈ വല്ലാത്ത പോക്ക് കണ്ട് വിഷമിക്കുന്നു എന്നാണ് പറയുന്നത്.കമ്പോളങ്ങളിൽ ഒതുങ്ങുന്ന ഇന്നത്തെ ഓണം കുട്ടികളെ പറമ്പിലേക്ക് പൂ പറിക്കാൻ ഓടിക്കുന്നുണ്ടോ? ഇല്ല, കടകളിൽ എല്ലാ കാലത്തേക്കും നിക്കുന്ന വാടാത്ത പൂക്കൾ കിട്ടുമല്ലേ, സദ്യവട്ടങ്ങൾക്ക് പരക്കം പാച്ചിലുണ്ടോ ഇല്ല, ഓൺലൈൻ ആയിട്ട് സദ്യ ഇങ്ങുപോരും അല്ലെ, ഇത്തരത്തിൽ നമ്മുടെ തനിമയുണർത്തുന്നതൊക്കെ നാടു വിട്ടു പോവുന്ന അവസ്ഥയല്ലേ ഇന്ന് നമ്മൾ കാണുന്നത്? പൂവിനുപോലും സ്വന്തം നാട്ടിൽ നിലനിൽക്കാൻ ഒരുപിടി മണ്ണില്ല, ഇതുപോലെ ജീവിക്കാൻ ഒരു തുണ്ട് ഭൂമിയില്ലാതെ എത്ര പേരാണ് നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നത്? ഇതിന്റെ മറുവശം നോക്കിയാലോ നഗരവത്കൃത സമൂഹത്തെ കാണാല്ലോ?, മലയാളികൾ ഏറ്റവും കൂടുതൽ ആസ്വദിച്ചിരുന്ന മഴയും ഓണവും എല്ലാം ഫ്ലാറ്റിന്റെ ഇട്ടാവട്ട മുറ്റത്ത് കൊടിചുരുക്കി അല്ലെ, എന്നാൽ ഇത്തരത്തിലുള്ള വീർപ്പുമുട്ടലുകൾ വരുമ്പോഴാണ് അമ്മ നമുക്ക് എത്ര മാത്രം ആശ്വാസം പകരുന്നുവെന്ന് തിരിച്ചറിയുന്നത്. നഗരവത്കൃത സമൂഹത്തിന്റെ വേവലാതിപ്പിടിച്ച, ആശങ്കകൾ നിറച്ച ജീവിതത്തിൽ വേദനിപ്പിക്കാത്ത അമ്മയുടെ മുഖം ഒന്നോർക്കുമ്പോൾ തന്നെ ഇത്രേം ദുഃഖങ്ങൾ അലിഞ്ഞു ഇല്ലാതാവുകയാണ്. നമുക്കറിയാം എത്ര വിഷമങ്ങൾ വന്നാലും നമ്മുടെ കുറവുകളെ ഒക്കെയും മാറ്റിനിർത്തി ചേർത്തുപിടിക്കുന്ന അമ്മയുടെ കരുതൽ പകരുന്ന ആശ്വാസം എത്ര മാത്രം വലുതാണ് എന്ന്. അതുകൊണ്ടുതന്നെയാണ് കവയിത്രി എന്തു പറയുന്നത് കുട്ടികളെ?,

(കു : പ്ര )....

(ടീ ശ )    ആഹ്,  അമ്മ സ്നേഹത്തോടെ പുഞ്ചിരിക്കുമ്പോൾ   എന്തിനാണ് പൂക്കളം  എന്ന് അല്ലെ. ഐശ്വര്യം തുളുമ്പുന്ന ആ മുഖം തന്നെയാണ്  വീടാകുന്ന മനസിന്റെയുള്ളിൽ നിറക്കേണ്ട പൂക്കളം.അത്രമാത്രം കരുതൽ നിറക്കുന്ന അമ്മയുടെ മുഖം നമുക്കുള്ളിൽ ഉണ്ടെങ്കിൽ അത് ഏത്  നാഗരിക ജീവിതത്തിലും എളിമയോടെ, സന്തോഷത്തോടെ ജീവിക്കാൻ നമ്മെ   പ്രേരിപ്പിക്കുന്നതായിരിക്കും.കൂരിരുൾ നീക്കി ഓണത്തിന് അമ്മ വരുമെന്ന പ്രതീക്ഷയിൽ മാലറ്റുപോകും, മാൽ എന്നാൽ ദുഃഖം, അപ്പൊ ദുഃഖം മാറ്റി  പുതുവർഷത്തിൽ  അക്ഷയ ശ്രീയാം  വലത്തുകാൽ വന്നുകേറും. ക്ഷയിക്കാത്ത, നശിക്കാത്ത ഐശ്വര്യം അമ്മയുടെ വരവോടെ വരും എന്ന ശുഭപ്രതീക്ഷയിൽ ആണ് ഈ കവിത അവസാനിക്കുന്നത്. അപ്പൊ   തുടക്കത്തിൽ ഗൃഹാതുരത ഉണർത്തുന്ന ഓർമ്മകളുടെ ഭൂതകാലത്തെ  ഓർത്തും തനിമ മറക്കുന്ന മലയാളിയുടെ വാർത്തമാനകാലത്തെ ഓർത്തും   അമ്മയെയെന്നപോലെ പ്രതീക്ഷ നൽകുന്ന ഭാവിയെ ആഗ്രഹിച്ചുമുള്ളതാണ്  പുതുവർഷം എന്ന കവിത. അല്ലെ കൂട്ടുകാരെ, ഏത്   സമൂഹത്തിൽ   പുലർന്നാലും എളിമയുടെ, നന്മയുടെ അംശം നമ്മൾ കാത്തുസൂക്ഷിക്കണം അല്ലെ, അമ്മയെ   ഓർക്കണം   എന്നാൽ   നമ്മുടെ വേരിന്റെ ഇടത്തെയും ഓർക്കണം എന്നാണ്. കൂട്ടുകാർ ഈ യൂണിറ്റിന്റെ ആദ്യ ഭാഗത്തെ പി കെ പാറക്കടവിന്റെ ഒരു കുഞ്ഞു കഥ പരിചയപ്പെട്ടില്ലേ, എന്തായിരുന്നു കഥ?

(കു :  പ്ര )....

(ടീ : ശ )     അതെ, ഭൂമിയിൽ ജീവിക്കുമ്പോൾ പ്രതീക്ഷയുടെ ആകാശത്തെയും  ആകാശത്തു  നിൽക്കുമ്പോൾ  വേര് പടർന്ന  ഭൂമിയെയും കാക്കുക. അത് നമ്മുടെ  ജീവിതത്തെ  ശുഭപ്രതീക്ഷയോടെ  മുന്നോട്ടു നയിക്കും, അല്ലെ കൂട്ടുകാരെ, അപ്പൊ എല്ലാവരും കവിത നന്നായിട്ട് വായിക്കുമല്ലോ, പുതിയ  ഈണങ്ങൾ കണ്ടെത്താനും നോക്കുമല്ലോ, മൂന്നാവർത്തി   വായിച്ചുകഴിയുമ്പോഴേക്കും ഈ പാഠഭാഗത്തു കൊടുത്തിരിക്കുന്ന   ചോദ്യങ്ങൾക്ക് നിങ്ങൾക്ക്   എളുപ്പത്തിൽ   ഉത്തരം നൽകാൻ കഴിയും.  കൂട്ടുകാരുടെ കുട്ടിക്കാലം എങ്ങനെയായിരുന്നുവെന്ന് ഓർത്തെടുക്കുമല്ലോ? കവിത വായിക്കുമ്പോൾ തന്നെ കൂട്ടുകാരുടെ അനുഭവങ്ങളും ചേർത്ത്  വായിക്കാൻ നോക്കണം കേട്ടോ?

അപ്പൊ ഇന്നത്തെ ക്ലാസ്സ് ഇവിടെ അവസാനിപ്പിക്കാം. എല്ലാരും സന്തോഷത്തോടെ, ആരോഗ്യത്തോടെ ഇരിക്ക ട്ടോ, നന്ദി.

**അവതരണം,**

**അനുശ്രീ കെ സി**

**ഒന്നാം വർഷ ബി എഡ് മലയാളം**

**പി കെ എം കോളേജ് ഓഫ് എഡ്യൂക്കേഷൻ മടമ്പം**

Edit with WPS Office

.

## ആ വാഴവെട്ട് - പൊൻകുന്നം വർക്കി

**അവതരണം-ആദിത്യ വി**

നമസ്കാരം കുട്ടികളെ , എല്ലാവരും മലയാളം ക്ലാസ് കേൾക്കുവാൻ കാത്തിരിക്കുകയാവും അല്ലേ...? അപ്പോൾ നമ്മളിന്ന് പരിചയപ്പെടാൻ പോകുന്നത് കാലിക പ്രസക്തിയുള്ള മനോഹരമായ ഒരു കഥയാണ്.

'പിന്നെയും പൂക്കുമീ ചില്ലകൾ എന്ന അടിസ്ഥാന പാഠാവലി ഒന്നാം യൂണിറ്റിലെ ഉപയൂണിറ്റായ പൊൻകുന്നം വർക്കിയുടെ "ആ വാഴവെട്ട് " (പേജ് നമ്പർ 10 മുതൽ 15 വരെ)

കഥയിലേക്ക് കടക്കുന്നതിനു മുൻപ് നമുക്ക് കഥാകാരനെയൊന്ന് പരിചയപ്പെടാം. ടീച്ചർ പറഞ്ഞതുപോലെ പൊൻകുന്നം വർക്കിയുടെ കഥയാണ്  ആ വാഴവെട്ട് . നാടകകൃത്ത് നോവലിസ്റ്റ് തിരക്കഥാകൃത്ത് എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രസിദ്ധനാണ്. സ്വാതന്ത്ര്യ സമരകാലത്തെ ജനജീവിതത്തെയും അധികാരവർഗ്ഗങ്ങളുടെ നീചമുഖവുമെല്ലാം  തന്റെ എഴുത്തിൽ അദ്ദേഹം കൊണ്ടുവന്നിട്ടുണ്ട്. ശബ്ദിക്കുന്ന കലപ്പ മന്ത്രിക്കെട്ട് തുടങ്ങിയ യാണ് പ്രധാനപ്പെട്ട കൃതികൾ . ഇനി നമുക്ക് കഥയിലേക്ക് കടക്കാം. 1940 കാലഘട്ടത്തില മധ്യതിരുവിതാംകൂർ: അവിടുത്തെ കാർഷിക ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള കഥയാണ് 'ആ വാഴവെട്ട് " . മാർക്കോസു ചേട്ടൻ റാഹേൽ എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ . ടീച്ചർ കഥ വായിക്കുവാൻ പോകുകയാണ് എല്ലാവരും ശ്രദ്ധിച്ച് കേൾക്കണം .... കേട്ടോ....

കുംഭത്തിൽ നട്ടാൽ കുടത്തോളം: മീനത്തിലാ യാൽ എങ്കണ്ണിനോളം മാത്രം. കുംഭത്തിലെ വെളുത്ത വാവിൻനാൾ നടുന്നതാണ് ഏറ്റവും നല്ലത്. എങ്കിൽ ആ ചേനയ്ക്ക് ചന്ദ്രനോളം തന്നെ മുഴുപ്പുണ്ടായിരിക്കും. (പഴഞ്ചൊല്ലിനെക്കുറിച്ച് സൂചന നൽകുക).

ചേനത്തലകൾ ഏതേതുകാലത്ത് നടണമെന്നു ള്ള കാര്യത്തിൽ മർക്കോസുചേട്ടന് വളരെ നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കൃഷിക്കാരനാണ്. എല്ലുകൾ ഉന്തിനിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽത്തന്നെ അയാളെ ഒരു കൃഷിക്കാരനെന്ന് വിളിച്ചുപറയും ( ശരീരഘടന കൃത്യമായി വിവരിക്കുക ). കുംഭത്തിലെ കാലുപൊള്ളുന്ന വെയിലത്തുനിന്ന് അയാൾ നിലം ഒരുക്കുകയാണ്. ശരീരത്തിൽക്കൂടി വിയർപ്പുചോലകൾ അങ്ങനെ ഒഴുകുന്നു.

ശ്മശ്രുനിരകൾ വളർന്നു നിൽക്കുന്ന ആ മുഖത്തുനിന്ന് പ്രസന്നത എത്രയോ മുമ്പുതന്നെ പറന്നകന്നിരിക്കുന്നു. ഒരു കർഷകന്റെ മുഖത്ത് പ്രസന്നതയന്വേഷിക്കാൻ കേരളത്തിനു നേരമില്ല. അവ ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ പോലെ നിലകൊള്ളുന്നു.“പെണ്ണേ റാഹേലേ!' - തൂമ്പക്കയുടെ ഉപരി തലത്തിൽ കൈപ്പത്തി ചേർത്ത് അവശനായി നിന്നു കൊണ്ട് ആ പിതാവ് പുത്രിയെ വിളിച്ചു ( കിതയ്ക്കുന്ന ശബ്ദം ). ദാഹം കൊണ്ട് അയാൾ വിഷമിക്കുന്നു.

“എന്തുവാ അപ്പച്ചാ?” അവൾ അന്വേഷിച്ചു.

“ഒന്നു കുടിക്കാൻ "

Edit with WPS Office

ഒരു അയിരൂച്ചട്ടി നിറച്ചു കഞ്ഞിവെള്ളവുമായി റാഹേൽ പിതാവിന്റെ അടുക്കൽച്ചെന്നു. കിട്ടിയപാടെ ആ പരവശൻ അതു കുടിച്ചുതുടങ്ങി, കഞ്ഞിവെള്ളം കുടിക്കുന്നത് അയാൾക്കു വളരെ ഇഷ്ടമാണ്. തന്നെയല്ല, വിയർത്തൊലിച്ചു നിൽക്കുമ്പോൾ പച്ചവെള്ളം കുടിച്ചാൽ ജലദോഷത്തിനു കാരണ വുമാണ്. ആവശ്യബോധത്തിന്റെ ഗൗരവത്തിൽ മൂന്നുനാലു കവിൾ ഇറക്കിയശേഷം വല്ലായ്മ നിഴലിക്കുന്ന മുഖത്തോടുകൂടി അയാൾ ചോദിച്ചു :

"എന്റെ മോളേ, ഇതെങ്ങനെ കുടിക്കുന്നു? നാഴി കഞ്ഞിവെള്ളം പോലും ചൊവ്വേനേരേ കുടിക്കാ നില്ല. പലതും സഹിക്കേണ്ട ആ കൃഷിക്കാരൻ പരാതി പറഞ്ഞു.

"എന്റെ അപ്പച്ചാ, തെകന്നില്ല; അതിനുമുമ്പ് അരി വെന്തു . (ശബ്ദ വ്യത്യാസം വരുത്തുക ) .

റേഷനരിയെപ്പറ്റി റാഹേൽ റിപ്പോർട്ടു സമർപ്പിച്ചു. അതു പച്ചരിയായിരുന്നു. നെല്ലും പൊടിയും പൊടിയരിയും കല്ലും സഹിക്കാം. അവയുടെ ഉള്ളിൽ യോഗനിദ്രയിൽ ലയിച്ചിരിക്കുന്ന ജീവരാശികളായിരുന്നു വിഷമം.പ്രാണായാമപടുക്കളായ യതിവര്യൻമാർ ജലത്തിനു മുകളിൽ നിഷ്പ്രയാസം ശയിക്കാറുണ്ട്. ഈ അരിക്കൂട്ടങ്ങൾക്കും അതു സാധിക്കും. നോമ്പുകാലത്ത് ആഹാരത്തിൽ മാംസബന്ധം ആ ക്രിസ്ത്യാനിക്ക് നിഷിദ്ധമത്രേ. പക്ഷേ, റേഷനരി ഉപയോഗിക്കുന്നവർക്ക് അതെങ്ങനെ സാധിക്കും?

"എന്റെ മോളേ, നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനുപകരം സൂപ്പാണല്ലോ കുടിക്കുന്നത്.

പിതാവിന്റെ തമാശകേട്ടു റാഹേൽ ചിരിച്ചു പോയി. (ചിരി) അവൾ പറഞ്ഞു:

"പച്ചരിയല്ലാതെ ഒറ്റപ്പീടികലെങ്കിലും പുഴുക്കലരി കിട്ടാനില്ല. നാട്ടോടെ നടപ്പുള്ളതല്ലേ. ഇനി ഇതുപോലും കിട്ടുകേലെന്നാ.

"ഏത്?" ആ കർഷകനു വെറുപ്പായി. "ഈ പച്ചരി പോലും...

"അരി തരാനില്ലെങ്കിൽ എല്ലാത്തിനും കുറേ വേഷം തന്ന് അങ്ങ് കൊന്നേക്കട്ടെ. എന്നാൽ ബുദ്ധിമുട്ടില്ലല്ലോ. ഈ പത്തും മൂവായിരോമൊക്കെ മേടിക്കുന്നോർക്ക് അറിഞ്ഞുകൂടായിരുന്നോ ക്ഷാമം വരാൻ പോകുന്നെന്ന്. വരാപോകുന്ന കാര്യം കാണാൻ കണ്ണില്ലാത്തോര് പിന്നെ എന്തിന് ഇതിനൊക്കെ പോകുന്നു?

വൃദ്ധന്റെ അത്തരം വാദഗതി റാഹേലിനെ സംബന്ധിച്ചിടത്തോളം നിഷ്ഫലമാണ്. അവൾക്ക് അതൊന്നും അറിഞ്ഞുകൂടാ.

മർക്കോസുചേട്ടൻ വീണ്ടും കിളയ്ക്കാൻ തുടങ്ങി. ദാരിദ്ര്യത്തിന്റെ മാറിലേക്ക് വീഴുന്ന വെട്ടുപോലെ തൂമ്പ അയാളുടെ കൈയിൽ നിന്ന് മുന്നോട്ടു കുതിച്ചുകൊണ്ടിരുന്നു. (കിതയ്ക്കുന്ന ശബ്ദം )

അയൽക്കാരിൽ ഒരാൾ വന്നു മർക്കോസ് ചേട്ട നോടു പറഞ്ഞു: "മർക്കോസുചേട്ടനറിഞ്ഞോ, പുരയിടത്തിൽ നല്ലപോലെ കൃഷിചെയ്യുന്നോർക്കു സർക്കാരീന്നു സമ്മാനം കൊടുക്കുമെന്ന്.

"അതു കൃഷി ചെയ്തുകഴിഞ്ഞല്ലേ? ചെയ്യുന്നേനു മുമ്പ് വല്ലതും കൊടുത്തിരുന്നെങ്കിൽ വേണ്ട, ഒന്നും സഹായിക്കാതിരുന്നാ മതിയായിരുന്നു.

രണ്ടുമൂന്നു പരിഷ്കാരികൾ ആ കർഷകന്റെ അടുക്കൽ ചെന്നു.

Edit with WPS Office

“നിങ്ങളുടെ പേരെന്ത്?” അവർ ആ കർഷകനോട്ചോദിച്ചു.

മർക്കോസ്: “എന്താ വിശേഷം?” വിവരമറിയാൻ വൃദ്ധന് തിടുക്കമായി. അയാൾ അവരെ ഗൃഹത്തിലേക്കു നയിച്ചു. ആ കർഷകഗൃഹം പരിഷ്കാരികളായ ആ ചെറുപ്പക്കാരെ സ്വീകരിക്കത്തക്കവിധം ശക്തിയുള്ളതായിരുന്നില്ല. അവർക്കു നൽകാൻ ഒരു കസേരപോലും അവിടെയില്ല. തിണ്ണയിൽ ചിതറി ക്കിടക്കുന്ന ചപ്പും കപ്പയും കൈച്ചുറുക്കോടുകൂടി റാഹേൽ തൂത്തുവാരി. അവൾ അതിഥികൾക്ക് ഇരിക്കുവാൻ ഒരു പായ് നിവർത്തു.

“വേണ്ടാ; ഞങ്ങൾക്കിരിക്കണമെന്നില്ല. ഇവിടെ വാഴയെത്രയുണ്ട്?” അവർ ചോദിച്ചു. ആ ചോദ്യത്തിനുമുമ്പിൽ ഇടിവെട്ടേൽക്കുന്നതു പോലെ വൃദ്ധൻ ഞെട്ടിപ്പോയി. ( ഭയാനക ശബ്ദം - Background)

വാഴ വെട്ടുവാൻ ആളുകൾ ഇറങ്ങിയിട്ടുള്ള കഥ അയാൾ നേരത്തേ കേട്ടതാണ്. അവരാണ് തന്നെ സമീപിച്ചിരിക്കുന്നത് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീ പിടിച്ചു.

അയാൾക്ക് കഷ്ടിച്ച് ഒരേക്കർ സ്ഥലമുണ്ട്. അത്യധ്വാനംകൊണ്ട് ചുവടുപിടിപ്പിച്ച കുറേ വാഴ യാണ് ആ പുരയിടത്തിന്റെ പച്ച; ആ കർഷക കുടുംബത്തിന്റെ തണൽ. കണ്ണനും പാളേങ്കോടനും പൂവനും ഏത്തനുമായ വാഴകൾ. ആ കുടിലിലെ ജീവിതച്ചൂടു വീശിത്തണുപ്പിച്ചുകൊണ്ടിരുന്ന മരതകക്കാറ്റാടികളായിരുന്നു അവ (വിശദീകരിക്കുക ) ഇലയും നാരും വിറ്റ് അയാളുടെ കുട്ടികൾ എങ്ങനെയായാലും ആഴ്ചയിൽ ഒരു രൂപയെങ്കിലും ആദായമുണ്ടാക്കും. വെള്ളിയാഴ്ച ചന്തയിൽ കൊണ്ടുപോകുന്നതിന് ഒരു കുലയെങ്കിലും കർഷകനും കിട്ടുകയും ചെയ്യും. അവ വെട്ടുകയെന്നുവരുന്നതും അയാളുടെ കഴുത്തുവെട്ടുന്നതും ഒരുപോലെത്തന്നെ.

“പറയൂ, എത്ര വാഴയുണ്ട്?' അവർ വീണ്ടും

ചോദിച്ചു.

“എനിക്കറിഞ്ഞുകൂടാ; ഞാൻ എണ്ണിനോക്കി യിട്ടില്ല. ഇത്രേം വാഴയുണ്ട്. വാഴക്കൂട്ടത്തിന് നേർക്ക് കൈയോടിച്ചുകൊണ്ട് വൃദ്ധൻ തുടർന്നു: “ഇതാണ് എന്റെ അന്നന്നേപ്പം.

“എന്റെ അന്നന്നേപ്പം! വാഴ വെട്ടാൻ ഓർഡർ പാസായ കാര്യം തനിക്കറിഞ്ഞുകൂടേ? ഈ വാഴയെല്ലാം വേഗം വെട്ടിക്കൊള്ളണം.

“അയ്യോ! രോഗമുള്ള വാഴയല്ലേ വെട്ടേണ്ടത്? ഗദ്ഗദകണ്ഠനായ ആ കർഷകൻ ചോദിച്ചു. “ഇതിനു രോഗമില്ലെന്നു തനിക്കെങ്ങനെയറിയാം? താനാണോ ഇതൊക്കെ നിശ്ചയിക്കുന്നത്?” (ഗൗരവശബ്ദം )ആ ചോദ്യം കേട്ട് ആ വാഴത്തൈകൾ നടുങ്ങി പ്പോയി. “ഇതിനു രോഗമൊന്നുമില്ലെന്നുള്ളത് എനിക്കറിയാം. ഞാൻ കൃഷിക്കാരനല്ലേ? രോഗമുള്ളത് ഞങ്ങൾക്കു തിരിച്ചറിയാം.

“എടോ, തന്റെ വകുപ്പും ചട്ടവുമൊന്നും പറയേ ണ്ടാ. ഇതൊക്കെ രോഗബാധിതസ്ഥലങ്ങളാണ്. ഇതൊക്കെ ഗവൺമെന്റ് ഓർഡറാണ്. താൻ ഗസറ്റു നോക്കൂ.

“അയ്യോ, അതെന്തുവാ ഈ ഗജേറ്റ്?”

“ഗജേറ്റ്.” ആ അഭ്യസ്തവിദ്യർക്ക് ചിരി വന്നു. കോമൺസെൻസുപോലുമില്ലാത്ത ആ കർഷകന്റെ അടുക്കൽ സംസാരിക്കുന്നത് അവരുടെ സ്റ്റാറ്റസിനു യോജിച്ചതായിരുന്നില്ല. ചിരിയടക്കിക്കൊണ്ട്

Edit with WPS Office

അവരിൽ ഒരാൾ പറഞ്ഞു: "എടോ, ഗജേറ്റല്ല; ഗസറ്റ്. ഗസറ്റെന്നു താൻ കേട്ടിട്ടില്ലേ?"

"ഇല്ല."

"ആ, അതു വായിച്ചുനോക്ക്. സർക്കാരു വകയാ.

"അതു ചുമ്മാ കിട്ടുന്നതാണോ?

"അതേ, ചുമ്മാ

"അയ്യോ, അല്ലാതെ ഞങ്ങൾക്കൊക്കെ അതെങ്ങനെ കിട്ടും?"

"എടോ, അതൊന്നും താനറിയേണ്ടാ. ഒരാഴ്ച യ്ക്കകം ഈ വാഴയെല്ലാം വെട്ടിക്കൊള്ളണം. അല്ലെങ്കിൽ ഞങ്ങൾ വെട്ടിക്കും. ഞങ്ങൾ വെട്ടിയാൽ ആ നഷ്ടം കൂടി താൻ കൊടുക്കേണ്ടതായിവരും, കേട്ടോ?"

"നിങ്ങളിങ്ങനെ കണ്ണിച്ചോരയില്ലാതെ പറേന്നല്ലോ. ഉള്ളിൽ നിറഞ്ഞ സങ്കടത്തോടുകൂടി ആ കർഷകൻ തുടർന്നു: "ഇതൊക്കെ വെട്ടിക്കളഞ്ഞാൽ പിന്നെ ഞാനെന്തു ചെയ്യും?

"എടോ, ഇവിടുത്തെ വാഴയ്ക്കെല്ലാം രോഗമുണ്ട്. അതൊക്കെ വെട്ടിക്കളഞ്ഞുകൊള്ളണമെന്നു

ഗവൺമെന്റിൽ നിന്ന് ഓർഡർ ഇട്ടിരിക്കുകയാണ്. അറിഞ്ഞോ?"

ഓർഡർ ഗവൺമെന്റിൽ നിന്നായിരുന്നു. അതിന്റെ മുമ്പിൽ ആ പാവം കൃഷിക്കാരൻ എന്തു ചെയ്യും? എങ്കിലും അയാൾ ചോദിച്ചു: "അങ്ങനെ യാണെങ്കിൽ ഈ തെങ്ങിനുമൊണ്ടല്ലോ രോഗം. തെങ്ങായതെങ്ങെല്ലാം കാറ്റുവീണിരിക്കുന്നു. കവു ങ്ങും തേ, എന്റെ ഈ പ്ലാവേലെ ഒരു ചക്ക ആദ്യ കാലത്ത് ഒരാൾ എടുക്കത്തില്ലായിരുന്നു. ഇപ്പം ഒരാഞ്ഞിലിച്ചക്കയോളമേയുള്ളൂ. അതും എട്ടോ പത്തോ. ആദ്യകാലത്ത് ഈ മണ്ണിൽ വളമേ വേണ്ടാ രുന്നു. ഇപ്പം വളമിട്ടില്ലേ, ഒരു ചുവടു കപ്പപോലും പച്ചപിടിക്കുന്നില്ല എന്നു വിചാരിച്ച് ഈ മണ്ണെല്ലാം അങ്ങു നശിപ്പിച്ചാ മതിയോ? ആദ്യം വെട്ടേണ്ടത് ഈ തെങ്ങാക്കെയാ. രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാ മതിയോ? അങ്ങനെയാണെങ്കിൽ ഈ ആശുപതീം ഒന്നും വേണ്ടല്ലോ. എല്ലാരേം കൊന്നാപ്പിന്നെ ആശുപത്രി വേണോ? ഇന്നാണോ ഈ വാഴരോഗം? ഇതിനു മുമ്പെങ്ങും ഇത് ഇല്ലായിരുന്നോ?" ആ വാഴയുദ്യോഗസ്ഥന്മാർക്കു ദേഷ്യം വന്നു. അവരിൽ പ്രധാനി പറഞ്ഞു:

"എടോ, മതി; നിറുത്ത്. തന്റെ പ്രസംഗമൊന്നും കേൾക്കേണ്ടാ. വരുന്ന തിങ്കളാഴ്ചയ്ക്കകം ഈ വാഴയെല്ലാം വെട്ടി കുഴി കുഴിച്ച് അതിലിട്ടു മൂടി ക്കൊള്ളണം. അതിനാണു ഞങ്ങളെ നിയമിച്ചിരി ക്കുന്നത്. ഒന്നുരണ്ടല്ല; രൂപ അയ്യായിരം വീതമാണ് ഗവൺമെന്റിന് ചെലവ്. തനിക്കറിയാമോ?"

"ഏതിന്, ഈ വാഴ വെട്ടാനോ?" ആ കർഷകൻ ചോദിച്ചു.

"ങ്ഉം, എന്താ?"

"എന്നാ അതു ഞങ്ങൾക്കു വല്ല വളമോ വിത്തോ തരാൻ ചെലവാക്കിയിരുന്നെങ്കിൽ!' മർക്കോസു ചേട്ടൻ ആത്മാർഥതയോടുകൂടി പറഞ്ഞു. പക്ഷേ, ആ ഉദ്യോഗസ്ഥന്മാർക്ക് അതു പിടിച്ചില്ല. അവർ അവിടെനിന്ന് സഗൗരവം നടന്നു.

Edit with WPS Office

കർഷകൻ അവരെ നോക്കി വളരെ നേരം അങ്ങനെ നിന്നുപോയി. നിറഞ്ഞ കണ്ണുകളോടു കൂടി വിഷാദമഗ്നനായി നിന്ന പിതാവിനെക്കണ്ടു റാഹേൽ പറഞ്ഞു: "അപ്പച്ചാ, നമുക്ക് ഇവിടുന്ന് പൊയ്ക്ക ളയാം. വല്ല മലബാറിലും പോകാം. കൃഷിചെയ്യാൻ ഭൂമിയുമില്ല. ചെയ്യുന്ന വകയൊട്ടു ചെയ്യിക്കേമില്ല.

അന്ന് ശനിയാഴ്ചയാണ്. ആ അവധിദിവസം തികയാൻ ഇനി ഒരു ദിവസം കൂടിയേ വേണ്ടു. മർക്കോസുചേട്ടൻ ആ വാഴച്ചുവട്ടിലേക്കു നടന്നു. തന്റെ ജീവിതത്തിന്റെ രക്തധമനി കളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടുകൂടി അയാൾ നോക്കിനിന്നു. ആ ദുഃഖിതനിലുള്ള അനുകമ്പയാലോ എന്നു തോന്നുമാറ് വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വ സിപ്പിച്ചു. അയാൾ ആ ചെടികൾ എണ്ണിനോക്കി. കുലയ്ക്കാറായതും കുടം വന്നതുമായ അറുപ തോളം ചെടികൾ. ഇവ ഓരോന്നുമാണല്ലോ താൻ വെട്ടേണ്ടത് എന്നു വിചാരിച്ച് അയാളുടെ ഹൃദയം ഉരുകി. അയാൾ ചിന്തിച്ചു. എങ്കിൽ എന്റെ പൗലോസിനേയും ജോണിനേയും റാഹേലിനേയു മൊക്കെ അങ്ങു വെട്ടിക്കളയുകയല്ലേ ഭേദം? (വിശദീകരണം)വെയിലിൽ മണ്ണ് ഉരുകിക്കൊണ്ടിരുന്നു. ചുറ്റി ത്തിരിഞ്ഞ ഇളംകാറ്റിൽ തെല്ലൊരു ആശ്വാസം ഉണ്ടുകൊണ്ട് ആ കർഷകൻ ഒരു വാഴച്ചുവട്ടിൽ ഇരുന്നു. കാൽമുട്ടിൽ കൈമുട്ട് ഊന്നി ആ കൈപ്പത്തികൊണ്ട് ശിരസ്സു താങ്ങി അയാൾ അങ്ങനെ ഇരിക്കയാണ്. അയാളുടെ പ്രിയപ്പെട്ട വരിക്കമാവിലേക്ക് അയാൾ നോക്കി. അതും ഈ പ്രാവശ്യം അയാളെ ചതിച്ചിരിക്കുന്നു. അത് ആ മാവിന്റെ മനഃപൂർവം കൊണ്ടല്ല.ഒന്നാംതരം വരിക്കമാങ്ങാ, അതു നിറയെ കായ്ക്കാറുണ്ട്. ഈ പ്രാവശ്യവും അതു നിറയെ പൂത്തു. ഇല കാണാൻ പാടില്ലാതെ മുറ്റിയ പൂവു കണ്ട് അയാൾ ആഹ്ലാദിച്ചു. പക്ഷേ, നിലാവ് ആ മാവിനെ ചതിച്ചു. ആദ്യം ഇരുട്ടുള്ള പക്ഷത്തിലാണ് ആ മാവു പൂത്തത്. പാതിരാ കഴിയുമ്പോൾ നിലാവു തെളിയും. നേരം വെളുത്തതാണെന്നു വിചാരിച്ചു മാമ്പൂ കണ്ണുതുറക്കും. അധരം വിടർത്തും. പക്ഷേ, ചതിയന്റെ മുമ്പിലാണ് തങ്ങൾ ചിരിക്കുന്നതെന്ന് അവർ അറിഞ്ഞില്ല. അധരം വിടുർത്തി എഴുന്നേറ്റ ഓരോ മാവിൻപൂവും ചന്ദ്രന്റെ വഞ്ചനയിൽപ്പെട്ട് ഉരുകി താഴെവീണു. സൂര്യൻ വന്നുനോക്കുമ്പോൾ ആ മാവിലെ പൂവായ പൂവെല്ലാം മാവിൻ ചുവട്ടിൽ മാവിന്റെ കാര്യം അങ്ങനെ. കൃഷിയിറക്കാനുള്ള വളമാണെങ്കിൽ ഒരു രൂപയ്ക്ക് ചാരം രണ്ടു പാട്ട മാത്രം. ചാണകവും അങ്ങനെത്തന്നെ. ആവശ്യത്തിനുള്ള വളത്തിന് എത്ര ചുരുങ്ങിയാലും ഒരു അമ്പതു രൂപാ വേണം. അമ്പതു ചക്രം ഉണ്ടായിരുന്നെങ്കിൽ റാഹേലിന് ഒരു ചട്ട അയാൾ തയ്പ്പിച്ചേനേ. അവൾ ഇട്ടിരിക്കുന്ന പഴയ ചട്ട അവളുടെ മാറിൽ നിർദയ മായ കീറൽ സാധിച്ചുകൊണ്ട് അങ്ങനെ കിടക്കുന്നു. ആ ഇളംകാറ്റിലിരുന്ന് അയാൾ ഒന്നു മയങ്ങി പ്പോയി. ഭയങ്കരമായ ഒരു സ്വപ്നം - ആ വാഴയായ വാഴയെല്ലാം വെട്ടിയിട്ടിരിക്കുന്നു. ചോരയൊലിപ്പി ച്ചുകൊണ്ട് ആ ഓരോ വാഴപ്പിണ്ടിയും എഴുന്നേറ്റ് നിന്ന് അയാളോട് പറയുന്നു: "അല്ലയോ ഉദാര നായ കർഷകാ, ഞങ്ങൾ പോകട്ടെ, നമ്മെ ഭിന്നി പ്പിച്ചു നിറുത്തുകയും വെട്ടിമുറിവേൽപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ഭരണരീതിക്ക് ഉടനെ മാറ്റമു ണ്ടാകും. നിങ്ങളുടെ രാജ്യം വരുന്നു. ആ നിത സ്വതന്ത്രമായ ഭൂമിയിൽ വച്ചു വീണ്ടും നമുക്കു കാണാം. നമസ്കാരം.

"മാർക്കോസുമാപ്പിളേ...മാർക്കോസുമാപ്പിളേ..."

അയൽക്കാരൻ ഗോപാലൻ നായരും വന്ന് ആ സ്വപ്നക്കാരനെ ഉണർത്തി.

"എന്താ വാഴച്ചുവട്ടിൽ വന്നിരുന്ന് ഉറക്കം തൂങ്ങുന്നത്?"

"ഓ ഒന്നുമില്ല, കാറ്റുകൊണ്ട് ഞാനിവിടെ ഇരുന്ന് ഒന്നു മയങ്ങിപ്പോയി.

"അറിഞ്ഞോ, തെക്കേടത്ത വാഴയായ വാഴയെല്ലാം വെട്ടി, വള്ളിക്കാട്ടെ മമ്മതുമേത്തരുടെവാഴേം വെട്ടി. എന്റെ വാഴയും ഞാൻ വെട്ടാൻ പോകയാ. താനെന്താ വെട്ടാത്തത്? വെട്ടിയില്ലേ, അവരു വന്നു

Edit with WPS Office

വെട്ടിക്കും. ആ ചെലവിനു പിന്നെ ഈ കുടിലുകൂടെ ജപ്തി ചെയ്യും. എന്തു ചെയ്യു ന്നെടോ, വരുന്നതൊക്കെ നമുക്ക് അനുഭവിക്കാം.

ആ തിങ്കളാഴ്ച വളരെ നേരത്തേതന്നെ സൂര്യൻ ഉദിച്ചു. സാധാരണ മർക്കോസുചേട്ടൻ വാഴയ്ക്ക വെള്ളം കോരിക്കഴിഞ്ഞ സൂര്യൻ വരാറുള്ളൂ.

അയാളുടെ കിടക്കപ്പായിൽ അന്നു വെയിലു കയറി. ആ പരവശൻ ഉണർന്നു. ഇടത്തുവശത്തു നിന്ന് പുളിയിലിരുന്ന് ഉപ്പൻ ചിലച്ചു. കണ്ണുകൾ തിരുമ്മിക്കൊണ്ട് ആ കർഷകൻ മുറ്റത്തിറങ്ങി. അയാളുടെ അനുജൻ വറുഗീസ് ദൂരെനിന്നു നടന്നു വരുന്നു. ഒരുമൈൽ അകലെനിന്ന് ആ സഹോദരൻ ഇത്ര രാവിലെ തിടുക്കത്തിൽ നടന്നുവരുന്നതെന്തെ ന്നറിയാൻ മർക്കോസുചേട്ടൻ വെമ്പൽക്കൊണ്ടു.

"ചേട്ടാ, താസീൽദാരെജമാനുമൊക്കെ ഇന്ന് ഇങ്ങോട്ടാ വേഗം ഈ വാഴയൊക്കെ വെട്ടിക്കോ. വന്നപാടെ തന്റെ ചേട്ടനു വറുഗീസ് മുന്നറിവു കൊടു ത്തു. അയാളുടെ വാഴയും അന്നുതന്നെ വെട്ടിത്തീർക്കണമായിരുന്നു.

"നേരമില്ല. ഞാമ്പോണു വറുഗീസ് നടന്നു. "ചിറ്റപ്പാ, തൊള്ളി കാപ്പി കുടിച്ചിട്ട് റാഹേൽ അപേക്ഷിച്ചു. പക്ഷേ, ആ ചിറ്റപ്പനു നേരമില്ലായി രുന്നു.

ആറ്റംബോംബിന്റെ യുഗത്തിൽ ജീവിക്കുന്ന ആ കർഷകൻ മൂർച്ചയുള്ള തന്റെ വെട്ടരിവാളുമായി പുരയിടത്തിലേക്കിറങ്ങി.

അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ഠം ഉണങ്ങിക്കഴിഞ്ഞു. ഹൃദയത്തിൽ നിന്ന് ആരോ നടത്തുന്ന വാഴവെട്ടിന്റെ മാറ്റൊലികളും.

ഒരു പൂവൻ വാഴയുടെ ചുവട്ടിൽ അയാൾ നിന്നു. ഒറ്റ വെട്ടുകൊണ്ട് അത് രണ്ടു തുണ്ടമാക്കി യിരുന്നെങ്കിൽ അതിനാണ് അയാൾ ചെന്നിരി ക്കുന്നത്. പക്ഷേ, അയാളുടെ കൈ ഉയരുന്നില്ല. ഉണങ്ങിയ ഒരു വാഴപ്പോള നീക്കിക്കളഞ്ഞ ശേഷം വളരെനേരം അയാൾ അവിടെ നിന്നുപോയി. വാഴ യുടെ ശിരസ്സിലിരുന്ന് ഇളംകാറ്റ് പൊട്ടിയ ഇലത്തുണ്ടുകൾ വഴി എന്തോ പറയുന്നുണ്ട്. കവിൾത്തടം

വാഴപ്പിണ്ടിയിൽ അമർത്തിനിന്ന് ആ കർഷകൻ കരഞ്ഞു. ഇന്നുവരെ അയാൾ ആ വാഴച്ചുവട്ടിൽ ഒഴിച്ചിട്ടുള്ളത്. ജലവും വിയർപ്പുതുള്ളികളും മാത്രമാണ്. അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണീർത്തുള്ളികളും അതിനു നൽകുന്നു. ശിരസ്സിനു മുകളിൽ പടർന്നു നിരന്നുനിന്ന വാഴക്കൈകളിൽ അയാൾ കൈയോടിച്ചു. പതിന്നാലു തണ്ടെങ്കിലുമില്ലാത്ത വാഴ ആ പുരയിടത്തിലില്ല. ആ തണ്ടുകൾ അയാളുടെ വിരലുകളിൽ വെൺമയുടെ ലേപനം ചേർത്തു. ഇങ്ങനെ നിന്നാലോ? അയാൾ ചിന്തിച്ചു.

ഒരുവിധത്തിൽ വെട്ടരിവാൾ അയാൾ ഉയർത്തി. ഒറ്റവെട്ട്, ( വാഴവെട്ടുന്ന ശബ്ദം )വാഴപ്പിണ്ടി ക്ഷണത്തിൽ പിന്നിട്ടശേഷം

അരിവാൾച്ചുണ്ട് ആ കർഷകന്റെ ഇടത്തെ കാൽമുട്ടിലേക്ക് കുതിച്ചു.

കട്ടൻ കാപ്പിക്കു റാഹേൽ പിതാവിനെ അന്വേഷിച്ചു. അത് ആറിത്തണുത്തു. ആറിത്തണുത്തുതന്നെ ഒരിടത്ത് അവളുടെ പിതാവും കിടക്കുന്നുണ്ട്. മാറിൽത്തല്ലി കരഞ്ഞുകൊണ്ട് അവൾ വാഴച്ചുവട്ടിലേക്കോടി, അന്ന് ഉച്ചതിരിഞ്ഞപ്പോൾ വാഴവെട്ടുകാർ ആ പുരയിടത്തിൽക്കയറി. രോഗബാധിതമായ സ്ഥലത്ത് ഒറ്റ വാഴയെങ്കിലും ശേഷിക്കാതിരിക്കാൻ അവർക്കു നിർബന്ധമുണ്ടായിരുന്നു. വലിയ കുഴിയുണ്ടാക്കി അവയത്രയും അവർ കുഴിച്ചിട്ടു. മർക്കോസുചേട്ടൻ

Edit with WPS Office

ആശുപത്രിയിലായിരുന്നു. പിതാവിനു കുടിക്കുവാൻ ഒരു കരിക്കിനുവേണ്ടി റാഹേൽ വീട്ടിൽ എത്തിയിരിക്കുന്നു. വാഴവെട്ടുകയാൽ മരുഭൂമിയായിത്തീർന്ന പുരയിടം കണ്ട് അവൾ മാറിൽത്തല്ലി, കൃത്യനിർവഹണത്തിനുശേഷം ആ ഉദ്യോഗസ്ഥന്മാർ യാത്രതിരിച്ചു. “എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക. " ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു. അവളുടെ കൈയിൽ ഒരു കരിക്കുമുണ്ട്.

"പോ പെണ്ണേ മരംകേറി ...."

കർഷക ജീവിതത്തെ, ഒരു കർഷകൻ തന്റെ കൃഷിയെ എത്രത്തോളം തുറന്നുകാട്ടുന്ന കഥയാണല്ലെ "ആ വാഴവെട്ട് " കഥ നിങ്ങൾക്കെല്ലാവർക്കും ഇഷ്ട്ടപ്പെട്ടുവെന്ന് ടീച്ചർ വിചാരിക്കുന്നു. കർഷക ജീവിതത്തെ തുറന്നുകാട്ടുന്ന ഇത്തരത്തിലുള്ള നിരവധി കഥകൾ നോവലുകൾ കവിതകളെല്ലാമുണ്ട്. നിങ്ങൾ കണ്ടെത്തുക. അതുപോലെ മാർക്കോസ് എന്ന കർഷകന് കൃഷിയോടുള്ള സ്നേഹത്തെ തുറന്നുകാട്ടുന്ന ഭാഗം കൂടുതൽ കേട്ട് മനസ്സിലാക്കുക.

എല്ലാവർക്കും ശുഭദിനം നേരുന്നു. അടുത്ത ക്ലാസിൽ വീണ്ടും കാണാം.

Edit with WPS Office

# TALKING TEXT

- അവതരണം : അതുല്യ സി
- എട്ടാംതരം അടിസ്ഥാനപാഠാവലി

## എണ്ണനിറച്ച കരണ്ടി

## ( രമാമേനോൻ)

പ്രവേശകം

(ടീച്ചറുടെ ശബ്ദം ) :

സൗഹൃദസംഭാഷണം

- കുട്ടികളെ എല്ലാവരും സുഖമായിരിക്കുന്നോ?
- നിങ്ങളിലാരൊക്കെ സ്വപ്നം കാണാറുണ്ട്? നമ്മളൊക്കെ സ്വപ്നം കാണുന്നവരാണ് അല്ലേ? എന്തൊക്കെയാ നമ്മൾ സ്വപ്നം കാണാറുള്ളത്? ചിലപ്പോഴൊക്കെ നമ്മൾ വല്ലാതെ ആഗ്രഹിക്കുന്ന,അന്വേഷിക്കുന്ന കാര്യങ്ങളും ചിലപ്പോ ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളും സ്വപ്നത്തിണ്ടാവും അല്ലെ?

ആമുഖം

- അതേ! ഇതുപോലെ സാന്റിയാഗോ എന്ന് പേരുള്ള ഒരു ഇടയബാലൻ

Edit with WPS Office

( ആരാണ് ഇടയൻ? ആടിനെ മേയ്ക്കുന്നയാളാണ് കേട്ടോ ) ഒരു സ്വപ്നം കണ്ടു.

- അവന് ഒരു നിധി കിട്ടുന്നതാണ് സ്വപ്നം. അങ്ങനെ അവനാ നിധി അന്വേഷിച്ചു നടത്തുന്ന യാത്രയാണ് 'ആൽക്കമിസ്റ്റ്' എന്ന നോവൽ
- എന്താണ് ആൽക്കമിസ്റ്റ് എന്നുപറഞ്ഞാൽ?..........................മെറ്റലിനെ സ്വർണ്ണമാകുന്ന മാന്ത്രിക ശാസ്ത്രജ്ഞൻ ആണ്. അതെന്തിനാ നമ്മള് വായിക്കുന്നത് എന്നാവും അല്ലെ?നമ്മുടെ സാധാരണ ജീവിതത്തെ സ്വർ ണ്ണത്തോളം വിലപിടിച്ച ഒന്നാക്കി മാറ്റുന്ന മാന്ത്രികതയാണ് ഈ നോവൽ.

## എഴുത്തുകാർ

- ആരാണ് ആൽക്കമിസ്റ്റ് എഴുതിയത് എന്നറിയാമോ?ലോക പ്രശസ്ത സാഹിത്യകാരനായ ' പൌലോ കൊയ്‌ലോ ' ആണ് ( നല്ല പേരാണല്ലേ പൗലോ കൊയ്‌ലോ )
- അപ്പോ ഇത് ഏതു ഭാഷയിലാണ് എന്ന് സംശയമുണ്ടല്ലെ?...... പോർച്ചുഗീ സ് ഭാഷയിലാണ്.
- പക്ഷെ നമുക്കിത് മലയാളത്തിലും വായിക്കാം....രമാമേനോൻ എന്ന എഴുത്തുകാരി ആൽക്കമിസ്റ്റ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.
- മലയാളത്തിലേക്ക് മാത്രമല്ല 67 ഭാഷകളിലേക്ക് കൃതി വിവർത്തനം

Edit with WPS Office

ചെയ്തിട്ടുണ്ട്.

ഒത്തിരി യാത്രകളും അന്വേഷണങ്ങളും ഉള്ള കൃതിയാണിത്. നിങ്ങൾക്കും ഇങ്ങനെ യാത്ര ചെയ്യാനും അന്വേഷിക്കാനും ഇഷ്ടമല്ലേ? അങ്ങനെയാണെങ്കിൽ നമുക്ക് സാന്റിയാഗോയുടെ കൂടെ ഒരു കുഞ്ഞി യാത്രപോകാം? വരൂ.......

പാഠഭാഗം

- സാന്റിയാഗോ യാത്ര ചെയ്യുകയാണ്. അതിനിടെ അവൻ ഒരു വയസ്സായ ആളെ കാണുകയാണ്. അയാൾ സാന്റിയാഗോക്ക് പറഞ്ഞുകൊടുത്ത കഥയാണ് 'എണ്ണ നിറച്ച കരണ്ടി' എന്ന നമ്മുടെ പാഠം.
- ഒരിക്കെ ഒരു കച്ചവടക്കാരൻ സന്തോഷത്തിന്റെ രഹസ്യം അറിഞ്ഞു വരാനായി തന്റെ മകനെ ഒരു ജ്ഞാനിയുടെ അടുത്തേക്ക് അയക്കു കയാണ്....ഒരുപാട് യാത്രചെയ്ത് കുന്നിൻമുകളിലെ ജ്ഞാനി താമസി ക്കുന്ന സ്ഥലം അവൻ കണ്ടെത്തി.
- നമ്മുടെ മനസ്സിലൊക്കെ സന്ന്യാസി / ജ്ഞാനി എങ്ങനെയാണ്, ഒറ്റയ്ക്ക് കണ്ണടച്ചിരിക്കുന്ന ഒരാൾ അല്ലെ? ഈ കുട്ടിയും അങ്ങനെ വിചാരിച്ചു പക്ഷേ, ഇവിടെ അങ്ങനെ ആയിരുന്നില്ല.
- ഇത് അതിമനോഹരമായ ഒരു കൊട്ടാരമായിരുന്നു. നല്ല തിരക്കും ഒരുപാട് ആളുകൾ വന്നു പോകുന്നതും ഒരുഭാഗത്ത് ഒരുപാട് ആളുകൾ ഇരുന്നു

Edit with WPS Office

സംസാരിക്കുകയും കൂട്ടംകൂടി നിൽക്കുകയും ഗാനമേള നടത്തുകയും അപ്പുറത്ത് സമൃദ്ധമായ വിരുന്നു മേശയും. ചിലർ ജ്ഞാനി യോട് സംസാരിക്കുന്നുണ്ട്. രണ്ടു മണിക്കൂർ കഴിഞ്ഞ് ആ കുട്ടിക്ക് ഭക്ഷണം കിട്ടി. അവൻ ജ്ഞാനിക്കടുത്തെത്തി.

- എന്തിനാ അവൻ ജ്ഞാനിയെ തിരക്കി വന്നത്? അതേ, സന്തോഷത്തിന്റെ രഹസ്യമറിയണം. ജ്ഞാനി ഒരു വഴി പറഞ്ഞു കൊടുത്തു. അതിനായി കൊട്ടാരം മുഴുവൻ രണ്ടു മണിക്കൂർ കൊണ്ട് നടന്നു കണ്ടുവരണം. കൂടെ ഒരു സ്പൂൺ / കരണ്ടി എണ്ണ  കൊടുത്തു. എണ്ണ തുളുമ്പരുത് എന്ന നിർദേശവും.
- അങ്ങനെ അവൻ കൊട്ടാരം നടന്നു കണ്ടു.മനോഹരമായ കൊട്ടാരം! പക്ഷേ അവൻ ഒരു നിർദ്ദേശം കിട്ടിയിട്ടുണ്ട് എന്താണത്?.......... അതെ എണ്ണ തുളുമ്പരുത്. അവൻ എല്ലാ ശ്രദ്ധയും എണ്ണയിൽ കൊടുത്തു. രണ്ടു മണിക്കൂർ കൊണ്ട് കൊട്ടാരം മുഴുവൻ നടന്നുവന്നു. തിരികെ വന്നപ്പോൾ ജ്ഞാനി കൊട്ടാരത്തേക്കുറിച്ച് അന്വേഷിക്കുന്നു. പക്ഷേ കുട്ടി ഒന്നും കണ്ടില്ല.കാരണമെന്താ? ശ്രദ്ധ മുഴുവൻ എണ്ണയിൽ ആണ്.
- ജ്ഞാനി ഒരിക്കൽക്കൂടെ കൊട്ടാരം പോയി കാണാൻ പറഞ്ഞു. ഒരാളെ വിശ്വസിക്കുന്നതിനുമുമ്പ് അയാളുടെ ചുറ്റുപാടുകൾ മനസ്സിലാക്കാൻ പറഞ്ഞു.അതേ സ്പൂണും എണ്ണയും കയ്യിൽ കൊടുത്തു .

Edit with WPS Office

- വീണ്ടും അവൻ മനോഹരമായ കൊട്ടാരത്തിലെ കാഴ്ചകൾ കണ്ടു. പക്ഷേ ഇത്തവണ എണ്ണ ശ്രദ്ധിച്ചില്ല.തിരിച്ചു വന്നപ്പോൾ ശൂന്യമായ സ്പൂൺ കണ്ട ജ്ഞാനി എണ്ണ എവിടെ എന്ന് അന്വേഷിച്ചു. ഒന്നും ഇല്ലല്ലേ സ്പൂണിൽ.
- ജ്ഞാനി പറയുകയാണ് നീ പഠിക്കേണ്ടത് ഒരു പാഠമേയുള്ളൂ. ലോക ത്തിൽ സുഖസൗകര്യങ്ങൾ ആസ്വദിക്കുമ്പോഴും കയ്യിലുള്ള സ്പൂണും എണ്ണയും മനസ്സിലുണ്ടാവണം. അതാണ് സന്തോഷത്തിന്റെ രഹസ്യം.
- അങ്ങനെ വൃദ്ധൻ കഥ പറഞ്ഞ് അവസാനിപ്പിച്ചു. സാന്റിയാഗോക്ക് ഒരു ഗുണപാഠം പറഞ്ഞുകൊടുത്തു. നാടുചുറ്റി നിധി അന്വേഷിക്കുമ്പോഴും കാഴ്ചകൾ കാണുമ്പോഴും എന്ത് ശ്രദ്ധിക്കണമെന്നോ..... കൂടെയുള്ള ആട്ടിൻകൂട്ടത്തെ എപ്പോഴും ശ്രദ്ധിക്കണം
- നമുക്കെന്താണ് മനസ്സിലാവുന്നത്. നമ്മോടു കൂടെയുള്ള നന്മ എപ്പോഴും കാത്തു സൂക്ഷിച്ചു വേണം സന്തോഷത്തെ അന്വേഷിക്കാൻ.

എല്ലാവർക്കും കഥ ഇഷ്ടപ്പെട്ടോ? അടുത്ത ക്ലാസ്സിൽ വിശദമായി കഥ വായിച്ചു തരാം.

Edit with WPS Office

# TALKING TEXT

- അവതരണം : അതുല്യ സി
- എട്ടാംതരം അടിസ്ഥാനപാഠാവലി

## എണ്ണനിറച്ച കരണ്ടി

( രമാമേനോൻ)

കഥാവായന

Part 2

- ടീച്ചറുടെ ശബ്ദം :

ഒരു കച്ചവടക്കാരൻ അയാളുടെ മകനെ അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ ജ്ഞാനിയുടെ അരികിലേക്കയച്ചു. സന്തോഷത്തിന്റെ രഹസ്യമെന്താണെന്ന് അറിഞ്ഞു വരാൻ.ഏതാണ്ട് നാൽപതുനാൾ അവൻ മരുഭൂമിയിൽ അലഞ്ഞു നടന്നു.ഒടുവിൽ അച്ഛൻ പറഞ്ഞ ജ്ഞാനിയുടെ വാസസ്ഥലം കണ്ടുപിടിച്ചു; കുന്നിൻമുകളിലുള്ള അതിമനോഹരമായൊരു കൊട്ടാരം.

Edit with WPS Office

അകത്തു ചെന്നപ്പോഴോ? അതിലും വലിയ വിസ്മയം. അവന്റെ സങ്കല്പത്തിൽ ഉണ്ടായിരുന്നത് അതിദിവ്യ നായ ഒരു സന്ന്യാസിവര്യൻ ആയിരുന്നു.പക്ഷേ,ഇവിടെ നല്ല തിരക്കും. പലതരത്തിലുള്ള ആളുകൾ വരുന്നു,പോകുന്നു. ചിലർ മൂലകളിൽ കൂട്ടം കൂടി നിന്ന് സംസാരിക്കുന്നു. ഒരുഭാഗത്ത് ചെറിയൊരു ഗാനമേള.അതിനപ്പുറത്ത് അതിസ മൃദ്ധമായൊരു വിരുന്നുമേശ.വലിയ വലിയ തളികകൾ നിറച്ച് ആസ്വാദ്യകരങ്ങളായ പലതരം വിഭവങ്ങൾ വിളമ്പി വെച്ചിരിക്കു ന്നു.ഓരോരുത്തരെയായി അരികിൽ വിളിച്ച് ജ്ഞാനി വിവരങ്ങ ളന്വേഷിക്കുന്നു.ഏതാണ്ട് രണ്ടു മണിക്കൂർ കാക്കേണ്ടി വന്നു അവന്റെ തവണയെത്താൻ. അവൻ തന്റെ വരവിന്റെ ഉദ്ദേശ്യം ജ്ഞാനിയെ അറിയിച്ചു

അദ്ദേഹത്തിന്റെ മറുപടി :

- ജ്ഞാനി :

സന്തോഷത്തിന്റെ രഹസ്യമറിയണം. അല്ലെ? പക്ഷേ,

Edit with WPS Office

തൽക്കാലം അൽപം തിരക്കുണ്ട്. പോയി എന്റെ ഈ കൊട്ടാരം ഒക്കെ ഒന്ന് ചുറ്റി നടന്നു കണ്ടിട്ട് വരൂ...... ഒരു രണ്ടു മണിക്കൂർ കഴിഞ്ഞ്.

- ടീച്ചറുടെ ശബ്ദം :

ഒരു ചെറിയ സ്പൂണെടുത്ത് അദ്ദേഹം അവന്റെ നേരെ നീട്ടി അതിൽ രണ്ടു തുള്ളി എണ്ണയുണ്ടായിരുന്നു.

- ജ്ഞാനി :

വെറുതെ നടക്കണ്ട ഇതുകൂടി കയ്യിലിരിക്കട്ടെ.നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂ ക്ഷിക്കണം.

- ടീച്ചറുടെ ശബ്ദം:

കൊട്ടാരത്തിലെ എണ്ണമറ്റ കോണിപ്പടികൾ കയറി ഇറങ്ങി അവൻ രണ്ടുമണിക്കൂർ കഴിച്ചുകൂട്ടി.പക്ഷേ, ശ്രദ്ധ മുഴുവൻ ആ സ്പൂണിലായിരുന്നു രണ്ടു മണിക്കൂറിനു ശേഷം അവൻ ജ്ഞാനിയിരുന്ന മുറിയിൽ തിരിച്ചെത്തി.

- ജ്ഞാനി :

Edit with WPS Office

ഓ നീ വന്നോ? എല്ലാം നടന്നു കണ്ടില്ലേ, ഊൺമുറിയിലെ തിരശ്ശീലകൾ പേർഷ്യയിൽ നിന്ന് പ്രത്യേകമായി നെയ്യിച്ചു കൊണ്ടുവന്നതാണ്. നമ്മുടെ ഉദ്യാനമെങ്ങനെ? തികച്ചും പത്തു വർഷമെടുത്തു അതീ മാറ്റിലാക്കിത്തീർക്കാൻ. ഗ്രന്ഥപ്പുരയിൽ പോയില്ലേ എത്ര മൃദുലവും മനോഹരവുമാണ് ഓരോ തുകൽ ത്താളുകളും.

- ടീച്ചറുടെ ശബ്ദം :

എന്തുപറയണമെന്നറിയാതെ അവൻ പരുങ്ങിനിന്നു. വാസ്തവത്തിൽ ഈ പറഞ്ഞതൊന്നും തന്നെ അവന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. മനസ്സ് മുഴുവൻ സ്പൂണിലെ എണ്ണ യിലായിരുന്നു. അതെങ്ങാൻ തുളുമ്പിപ്പോയാലോ? അവൻ വാസ്തവം തുറന്നുപറഞ്ഞ് കുറ്റസമ്മതം നടത്തി.

- ജ്ഞാനി :

ആട്ടെ, ഒന്നുകൂടി എല്ലാം വിസ്തരിച്ചു കണ്ടു വരൂ...

- ടീച്ചറുടെ ശബ്ദം :

Edit with WPS Office

തിരിഞ്ഞു നടക്കാൻ തുടങ്ങിയ അവനെ അദ്ദേഹം ഓർമപ്പെടുത്തി.

- ജ്ഞാനി :

ഒരാളെ വിശ്വസിക്കുന്നതിനു മുൻപ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം.

- ടീച്ചറുടെ ശബ്ദം:

അവനു സമാധാനമായി. വീണ്ടും അവൻ ജ്ഞാനിയുടെ കൊട്ടാരം നടന്നു കാണാൻ പുറപ്പെട്ടു. അപ്പോഴും കൈയിലു ണ്ടായിരുന്നു ആ സ്പൂണും രണ്ട് തുള്ളി എണ്ണയും. എന്നാലും ഒന്നും വിടാതെ എല്ലാം വിസ്തരിച്ചു തന്നെ അവൻ നോക്കിക്കണ്ടു. തട്ടിലും ചുമരിലുമൊക്കെയുള്ള കലാസൃഷ്ടികൾ, അതിസുന്ദരമായ ഉദ്യാനം, അതിനു ചുറ്റുമുള്ള മലനിരകൾ, എല്ലാത്തരത്തിലും നിറമുള്ള പൂക്കൾ. എന്തുമാത്രം സൗന്ദര്യബോധത്തോടുകൂടിയാണ് ആ തോട്ടമൊരുക്കിയിരിക്കുന്നത്!ജ്ഞാനിയുടെ മുമ്പിൽ അവൻ

Edit with WPS Office

പിന്നെയും ചെന്നു നിന്നു. കണ്ട കാഴ്ചകളെല്ലാം വിശദമായിത്തന്നെ അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു.

- ജ്ഞാനി :

പക്ഷേ, ഞാൻ നിന്റെ കയ്യിലേൽപ്പിച്ച ആ രണ്ടു തുള്ളി എണ്ണയെവിടെ?

- ടീച്ചറുടെ ശബ്ദം:

അപ്പോഴാണവൻ കയ്യിൽ പിടിച്ചിരുന്ന സ്പൂണിലേക്ക് നോക്കിയത്.അത് തികച്ചും ശൂന്യം

- ജ്ഞാനി :

നീ പഠിച്ചിരിക്കേണ്ടതായി ഒരു പാഠമേയുള്ളൂ. ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ.അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം അത് തന്നെയാണ് സന്തോഷത്തിന്റെ രഹസ്യം.

- ടീച്ചറുടെ ശബ്ദം:

Edit with WPS Office

വൃദ്ധൻ കഥ പറഞ്ഞു നിർത്തി. ഇടയൻ നിശ്ശബ്ദനായിരുന്നു. കഥയുടെ ഗുണപാഠം അവന്റെ മനസ്സിൽ പതിഞ്ഞു. ഇടയന്റെ മോഹം നാടുചുറ്റി കാഴ്ചകൾ കാണുകയാവാം. ആയിക്കോട്ടെ. അപ്പോഴും അവന്റെ കണ്ണ് സ്വന്തം ആട്ടിൻ കൂട്ടത്തിന്റെ മേൽത്തന്നെയുണ്ടാകണം.

എല്ലാവരും കഥ കേട്ടില്ലേ. ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് കച്ചവടക്കാരന്റെ മകനെ വിസ്മയിപ്പിച്ച ദൃശ്യങ്ങൾ നമ്മൾ കണ്ടില്ലേ?എന്തൊക്കെയാണവ എല്ലാവരും ഒന്നു പറഞ്ഞു നോക്കിക്കേ, ആ.... എല്ലാവരും പറയുന്നുണ്ട്.അപ്പോൾ എല്ലാവരും ഒരുതവണകൂടി കഥ കേൾക്കണേ.

Edit with WPS Office

# രണ്ടു മത്സ്യങ്ങൾ

## - അംബികാസുതൻ മാങ്ങാട്

എട്ടാം തരം അടിസ്ഥാന പാഠാവലിയിലെ കണ്ണുവേണമിരുപുറമെപ്പോഴും എന്ന യൂണിറ്റിലെ അംബികാസുതൻ മാങ്ങാട് എഴുതിയ 'രണ്ടു മത്സ്യങ്ങൾ' എന്ന പാഠഭാഗത്തിന്റെ ടോക്കിംങ്ങ് ടെസ്റ്റാണ് അവതരിപ്പിക്കുന്നത്.



(അധ്യാപിക ) കൂട്ടുകാർക്കെല്ലാം കഥ കേൾക്കുന്നത് ഇഷ്ട്ടമല്ലേ. നമ്മുക്ക് ഇന്നൊരു മനോഹരമായ കഥ കേട്ടാലോ, എല്ലാവരും തയ്യാറല്ലേ.(കുട്ടികളുടെ പ്രതികരണം)

(അധ്യാപിക) നമ്മുടെ കഥയുടെ പേര് എന്താണെന്ന് അറിയുമോ?

രണ്ടു മത്സ്യങ്ങൾ എന്നാണ്. കഥ എഴുതിയത് അംബികാസുതൻ മാങ്ങാട് എന്ന ഉത്തരാധുനിക കഥാകൃത്താണ്.

നമ്മുക്ക് കഥ എഴുതിയ കഥാകാരനെ പരിചയപ്പെടാം.

(അധ്യാപിക അംബികാസുതൻമാങ്ങാടിനെക്കുറിച്ച് ചുരുക്കി ഒരു വിവരണം നൽകുന്നു).

Edit with WPS Office

(ബാക്ക്ഗ്രൗണ്ടിൽ ലൈറ്റ്മ്യൂസിക്ക്)

1962 കാസർഗോഡ് ജില്ലയിൽ ജനിച്ച അംബികാസുതൻ മാങ്ങാട് ' കയ്യൊപ്പ്' എന്ന ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും നിർവ്വഹിച്ചിട്ടുണ്ട്.

കുന്നുകൾ പുഴകൾ, എൻമകജെ, രണ്ടു മുദ്ര, മരക്കാപ്പിലെ തെയ്യങ്ങൾ, ജീവിതത്തിന്റെ മുദ്ര എന്നിങ്ങനെ ധാരാളം കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

കഥാരംഗം അവാർഡ്, കാരൂർ പുരസ്കാരം, അങ്കണം അവാർഡ്, ഇതൾ അവാർഡ് എന്നിങ്ങനെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

എല്ലാവരും കഥാകൃത്തിനെ പരിചയപ്പെട്ടില്ലേ.

(ബാക്ക് ഗ്രൗണ്ട് മ്യൂസിക് ഓഫ് ചെയ്യുന്നു)

ആദ്യം നമ്മുക്ക് മത്സ്യങ്ങൾ എന്താണെന്ന് നോക്കാം.

പല നിറങ്ങളുള്ള മനോഹരമായ ഒരു ജീവിയാണ് മത്സ്യങ്ങൾ. ജലത്തിൽ ജീവിക്കുന്ന അവയ്ക്ക് ചുവപ്പ്, പച്ച, മഞ്ഞ എന്നിങ്ങളെ വർണ്ണശമ്പളമായ നിറങ്ങളുണ്ട്. നിങ്ങൾ വീടുകളിൽ മത്സ്യങ്ങളെ വളർത്തുന്നുണ്ടോ? (കു.പ്ര)

നമ്മുടെ കഥയിലെ മത്സ്യങ്ങൾ നെടുംചൂരികളാണ്. നെടുംചൂരികൾ എന്താണെന്ന് കുട്ടികൾക്ക് അറിയാമോ?  അവ ഒരു പ്രത്യേക രീതിയിലുള്ള മത്സ്യങ്ങളാണ്.

മത്സ്യങ്ങളെ കൂടാതെ തവളയും, കിളിമകളും കഥയിലെ പ്രധാന കഥാപാത്രങ്ങളാണ്.

തവളയെ കൂട്ടുകാർക്ക് അറിയാമോ? പച്ച നിറമുള്ള, 'പെക്രേം 'ശബ്ദമുണ്ടാക്കുന്ന തവള.    ( ബാക് ഗ്രൗണ്ടിൽ തവളയുടെ ശബ്ദം).തവള കരഞ്ഞാൽ മഴ പെയ്യും എന്നാണ് പറയാറ്. (കു.പ്ര)

അതുപോലെ അതിരാവിലെ നമ്മുടെ വീടിന്റെ മുറ്റത്ത് വന്ന് ' ചിൽ ചിൽ' എന്ന് ശബ്ദമുണ്ടാക്കുന്ന കിളികളെ കൂട്ടുകാർക്ക് അറിയില്ലേ.(ബാക് ഗ്രൗണ്ടിൽ കിളികളുടെ ശബ്ദം). (കു.പ്ര)

ഇനി ചെറുതായി നമ്മുക്ക് കഥയിലേക്ക് കടന്നാലോ? എല്ലാവരും തയ്യാറല്ലേ.

(അധ്യാപിക കഥയിലെ കഥയും, സംഭാഷണ ഭാഗങ്ങളും അവതരിപ്പിക്കുന്നു ).

നമ്മുടെ കൊച്ചു കഥയിൽ രണ്ടു മത്സ്യങ്ങളാണ് പ്രധാന കഥാപാത്രങ്ങൾ. അവയ്ക്ക് മനോഹരമായ പേരുകളുണ്ട് കൂട്ടുകാരെ. അഴകൻ, പൂവാലി എന്നിങ്ങനെ ഒരു ആൺ മത്സ്യവും, പെൺ മത്സ്യവുമാണ് അവർ. എന്തു നല്ല പേരുകളാണല്ലേ.ഈ രണ്ട് മത്സ്യങ്ങളും കവ്വായിക്കായലിലാണ് താമസിക്കുന്നത്. കായലിന്റെ അടിത്തട്ടിൽ നിറയെ മണ്ണിരകളുണ്ട്. നമ്മുടെ പൂവാലി അവയെ പിടിക്കാൻ പിറകെ ഓടുകയാണ്.   (ബാക്ഗ്രൗണ്ടിൽ നേരിയ മ്യൂസിക്).

Edit with WPS Office

കായലിന്റെ അടിത്തട്ടിൽ മനുഷ്യർ മത്സ്യങ്ങളെ പിടിക്കാനായി ചൂണ്ട ഇട്ടു വെയ്ക്കും.എന്നാൽ ചൂണ്ടയിൽ ആരാ കുടുങ്ങിയേ?(കു.പ്ര) അതെ മണ്ണിരയാണ്. പൂവാലി രക്ഷപ്പെട്ടു.

അഴകൻ : പൊന്നേ, അത് മരണക്കെണിയാണ്.

അഴകൻ എന്ന മത്സ്യം പൂവാലിയോട് വിളിച്ചു പറഞ്ഞു. പൂവാലി ഇപ്പോൾ ഗർഭിണി കൂടിയാണ് കേട്ടോ.

അഴകൻ : നമ്മൾ മീനുകൾക്ക് നാലു ചുറ്റിലും കണ്ണുകൾ വേണം, എടുത്തു ചാടരുത്.

അഴകൻ പറഞ്ഞത് നമ്മുടെ ജീവിതത്തിലും എത്ര അർത്ഥവത്തായ വാക്കുകളാണല്ലേ. നമ്മൾ ഒരു കാര്യത്തിലും എടുത്തു ചാടരുത്. അങ്ങനെ ചെയ്താൽ എന്താ ഫലം? (കു.പ്ര) അതെ, നമ്മൾ ആപത്തിൽ ചെന്നുപെടും.

അഴകൻ പൂവാലിയെ ശാസിച്ചു.പൂവാലിക്ക് വലിയ സങ്കടമായി. പാവം പൂവാലിയല്ലേ, പക്ഷേ അഴകൻ പറഞ്ഞതിലും കാര്യമുണ്ട്, കാരണം പൂവാലിയുടെ വയറ്റിൽ ചെറിയ മത്സ്യക്കുഞ്ഞുങ്ങളുണ്ട്.

പൂവാലി : എപ്പോഴാണ് നാം യാത്ര പുറപ്പെടുക?

അഴകൻ : മഴ പെയ്യാതെ എങ്ങനെ നാം യാത്ര പുറപെടും?

രണ്ടു പേരും എങ്ങോട്ടോ പോകുവാനുള്ള ഒരുക്കത്തിലാണെന്ന് തോന്നുന്നുവല്ലേ.അതെന്താണെന്ന് വെച്ചാൽവേനല് മഴ തുടങ്ങുമ്പോള് ശൂലാപ്പിലെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുമ്പോഴേക്കും കര്   ക്കിടത്തിന്റെ മാരിപ്പെയ്ത്ത് തുടങ്ങും. ആ വെള്ളപ്പാച്ചിലില് ശത്രുക്കളുടെ പിടിയിൽപ്പെടാതെ അമ്മമാർക്ക് കുഞ്ഞുങ്ങളെ സുരക്ഷിതമായി പുഴയിലും പിന്നെ കായലിലും എത്തിക്കാം.

അതാ ആകാശം മുഴുവൻ ഇരുണ്ടുകൂടുന്നു.ആകാശത്ത് മേഘങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. മേഘമാണ് നമ്മുക്ക് മഴ നൽകുന്നത്.മഴയത്ത് നമ്മുക്ക് പാട്ടു പാടാം, തോണി ഉണ്ടാക്കാം എന്ത് രസമാണല്ലേ.(കു.പ്ര)

അഴകൻ : ദിവസം പത്തു പതിനഞ്ചായി ആകാശമിങ്ങനെ മുഖം വീർത്തു നിൽക്കുന്നു. ഒന്ന് പൊട്ടി കരഞ്ഞൂടേ ഈ ആകാശത്തിന്.

ആകാശം എന്തിനാണ് കരയുന്നത്.കൂട്ടുകാർ കരയാറില്ലേ.അതു പോലെ ആകാശവും കരയും, അതാണ് മഴ.

മനോഹരമായ മിഴികൾ വിടർത്തി പൂവാലി അഴകനോട് ചോദിച്ചു.

പൂവാലി : ആകാശത്തിന്റെ കണ്ണുനീരാണല്ലേ മഴ?

Edit with WPS Office

അഴകൻ : ആയിരിക്കാം, പക്ഷേ മഴ പെയ്തില്ലെങ്കിൽ നാം എന്തു ചെയ്യും?

മത്സ്യങ്ങൾക്കെന്തിനാണ് മഴ അത് നമ്മുക്ക് നോക്കാം.

പൂവാലിക്ക് കവ്വായിക്കായലിൽ മുട്ടയിടാൻ പറ്റില്ല. കാരണമെന്താണെന്നോ അതിലെ വെള്ളം മുഴുവൻ ഉപ്പാണ്. ഉപ്പിൽ മുട്ടയിട്ടാൽ മീനുകൾ ചത്തുപോകും. അതു കൊണ്ട് അവർ ദൂരെയുള്ള ശൂലാപ്പ് കാവിലെ തെളിനീരുള്ള വെള്ളത്തിൽ മുട്ടയിടാനായി യാത്ര പുറപ്പെടും. പക്ഷേ അവിടേക്ക് പോകുന്നത് കുറച്ച് കഠിനമാണ് കൂട്ടുകാരെ.കാരണം പാറക്കെട്ടുകളിലൂടെ മലകൾ കയറിയിറങ്ങി വേണം അവിടേക്ക് എത്തിച്ചേരാൻ. ഇപ്പോൾ കൂട്ടുകാർക്ക് എന്താണ് കാരണമെന്ന് മനസിലായില്ലേ.

നമ്മുടെ പൂവാലിക്കൊന്നും അറിയില്ല, അഴകനാണ് എല്ലാം അവൾക്ക് പറഞ്ഞു കൊടുക്കുന്നത്.

അഴകൻ : എങ്കിൽ നമ്മുക്ക് ആകാശദേവനേയും, ശൂലാപ്പ്ദേവിയെയും പ്രാർത്ഥിക്കാം മഴ പെയ്യാനായി. അമ്മയാകാൻ ആഗ്രഹിക്കുന്ന പെണ്ണല്ലേ നീ. നീ പ്രാർത്ഥിച്ചാൽ ദൈവങ്ങൾ കേൾക്കും.

അങ്ങനെ അവർ രണ്ടു പേരും പ്രാർത്ഥിക്കാൻ തുടങ്ങി.അതാ ആകാശത്തിൽ മേഘങ്ങൾ വന്നു മൂടിയിരിക്കുന്നു. അവർക്ക് രണ്ടു പേർക്കും സന്തോഷമായി.

അഴകൻ : ഇന്നു മഴ പെയ്താൽ പുലർച്ചെ നമ്മുക്ക് പുറപ്പെടാം. വെളിച്ചമായാൽ ആയുധങ്ങളേന്തിയ മനുഷ്യർ വഴി തടയും.

പൂവാലി : മനുഷ്യനെയാണോ ഏറ്റവും പേടിക്കേണ്ടത്?

അഴകൻ ഇപ്രകാരം പറഞ്ഞു, പണ്ട് ശൂലാപ്പ് കാവിലേക്ക് പോകുന്ന നെടുംചൂരികൾ ഏറ്റവും പേടിച്ചത് മണ്ണൻ മുതലകളെയാണ്.അമ്മമ്മ പറഞ്ഞു തന്ന കഥകളിലൊക്കെ കുറെ മണ്ണൻ മുതലകളുണ്ട്. തന്ത്രശാലികളായ നീർനായ്ക്കളുമുണ്ട്.മുതലകളെ കൂട്ടുകാർക്ക് അറിയാമോ? (കു.പ്ര)

പൂവാലി : അഴകാ നീയെന്നെ വീണ്ടും പേടിപ്പിക്കുന്നു.

അഴകൻ : നിനക്കോർമ്മയുണ്ടോ പൂവാലീ, ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത. നാം കണ്ടുമുട്ടിയിട്ട് ഇന്നേക്ക് ഒരു വർഷം തികയുകയാണ്.

പൂവാലിക്ക് വലിയ ആഹ്ലാദമായി.അവൾ പറയുകയാണ് "എത്ര പെട്ടെന്നാണ് കാലം ഒഴുകിപ്പോകുന്നത്, അവൾ നെടുവീർപ്പിട്ടു.

അവർ രണ്ടു പേരും സന്തോഷം കൊണ്ട് മതി മറന്നിരിക്കുന്ന സമയം അതാ ആകാശത്തു നിന്ന് മഴത്തുള്ളികൾ വീഴാൻ തുടങ്ങി.

Edit with WPS Office

(ബാക് ഗ്രൗണ്ടിൽ മഴ പെയ്യുന്ന ശബ്ദം)

അങ്ങനെ ശൂലാപ്പ് കാവിലേക്കുള്ള അവരുടെ യാത്ര ആരംഭിക്കുന്നു. കുന്നുകൾ കയറിയിറങ്ങി, പാറക്കെട്ട് ചാടിക്കടന്ന് അവർ വെള്ളത്തിലൂടെ നീന്തി തുടിച്ചു.

അഴകൻ : വെളിസ്ഥലങ്ങൾ കണ്ടാൽ ശ്രദ്ധിക്കണേ പൂവാലി, അവിടെ ആയുധങ്ങളുമായി മനുഷ്യർ പതുങ്ങിയിരിപ്പുണ്ടാകും.

അവർ രണ്ടു പേരും വളരെ ശ്രദ്ധയോടെയാണ് നീന്തുന്നത്. മനുഷ്യരുടെ കൈയ്യിൽപ്പെട്ടാൽ എന്താ സംഭവിക്കുക. (കു.പ്ര)

അതെ, അവർ പിടിച്ചു കൊണ്ടുപോയി വേവിച്ച് ഭക്ഷിക്കും.

പെട്ടെന്ന് അവർ രണ്ടു പേരും പേടിപ്പിക്കുന്ന ഒരു കാഴ്ച കണ്ടു. എന്താണത്?

അഴകൻ : അയ്യോ, അതാ കുറച്ച് മനുഷ്യർ ഓടി വരുന്നു. നമ്മുക്കെവിടെയെങ്കിലും ഒളിച്ചിരിക്കാം.

(ബാക് ഗ്രൗണ്ടിൽ മനുഷ്യരുടെ ശബ്ദം)

അങ്ങനെ അഴകനും പൂവാലിയും കരിയിലകൾക്കുള്ളിൽ പതുങ്ങിയിരിക്കുന്നു.

മനുഷ്യർ അവിടെയെല്ലാം പരതാൻ തുടങ്ങി.

(മനുഷ്യരുടെ സംസാരം)

പൂവാലി ശൂലാപ്പ് ദേവിയെ പ്രാർത്ഥിക്കാൻ തുടങ്ങി.

(ബാക് ഗ്രൗണ്ടിൽ ലൈറ്റ് മ്യൂസിക് )

അവിടെ എല്ലായിടത്തും മനുഷ്യർ മൂർച്ചയേറിയ കുന്തങ്ങൾ കുത്തി പരതാൻ തുടങ്ങി.അവർ രണ്ടു പേരും ഭയന്നു വിറച്ചിരിക്കുകയാണ്. അവിടെയുള്ള കുറെ മത്സ്യങ്ങളെ അവർ പിടികൂടി.

മനുഷ്യർ ഇപ്രകാരം ചെയ്യുന്നത് ശരിയാണോ കുട്ടികളെ? (കു.പ്ര)

അതെ മത്സ്യങ്ങൾക്കും ഇവിടെ ജീവിക്കേണ്ടേ. ഇപ്രകാരം ക്രൂരത ചെയ്യുന്നത് തെറ്റാണല്ലേ.

അഴകൻ : പൂവാലി നമ്മുടെ ജീവിതം തീരുകയാണ്.

പൂവാലി : ഇല്ല അഴകാ, ശൂലാപ്പ് ദേവി നമ്മളെ കൈവിടില്ല.

അഴകൻ : നീ ഉള്ളിലോട്ട് കേറി നിൽക്ക്. എന്നെ പിടിച്ചാലും സാരമില്ല, നീ പെണ്ണാണ് അടുത്ത തലമുറയ്ക്ക് ജീവൻ പകരാൻ നീ വേണം.

Edit with WPS Office

പൂവാലി : ഇല്ലഴകാ, നീയില്ലാതെ ഈ ഭൂമിയിൽ ഞാൻ ജീവിക്കുകയില്ല.

അഴകൻ : അസംബന്ധം പറയാനുള്ള നേരമല്ലിത്.

പൂവാലി : ഉള്ളിലോട്ട് കേറാൻ ഒട്ടും സ്ഥലമില്ല അഴകാ.

പെട്ടെന്ന് ആ കുന്തത്തിന്റെ മുന അഴകനെ പിടിക്കാൻ നോക്കുമ്പോൾ പൂവാലി അഴകനെയും പിടിച്ച് അവിടെയുള്ള ഒരു മാളത്തിലൂടെ അകത്തേക്ക് കടന്നു.

അഴകൻ : നീ പേടിച്ചോ.

ശരീരമാകെ പേടിച്ച പൂവാലിക്ക് ഒന്നും പറയാനായില്ല.

അവിടെ ഒരു വലിയ ഗുഹയിലേക്കാണവർ എത്തപ്പെട്ടത്. അവിടെ നല്ല പ്രായം തോന്നിക്കുന്ന ഒരു തവളയെ അവർ കണ്ടു.

അഴകൻ : ക്ഷമിക്കണം പ്രഭോ, പുറത്ത് മനുഷ്യരുടെ ആക്രമണം ഉണ്ടായപ്പോൾ രക്ഷപ്പെടാൻ കയറിയതാണ്. ഉടനെ പോയ് കൊള്ളാം.

തവള : എങ്ങോട്ട്?

അഴകൻ : ശൂലാപ്പ് കാവിലേക്ക്.

തവള : ഓ, മുട്ടയിടാനുള്ള കാലമായല്ലേ. ഇവിടെ കുറച്ച് സമയം വിശ്രമിച്ചിട്ട് പോകൂ.

ഇതൊക്കെ കേട്ടപ്പോൾ രണ്ടു പേർക്കും ആശ്വാസമായി.

പൂവാലി : അങ്ങ് എന്തിനാണ് ഈ ഇരുട്ടിൽ കഴിയുന്നത്?

തവള : ശൂലാപ്പ് കാവിലാണ് മത്സ്യങ്ങളെ ഞാൻ പിറന്നതും ജീവിച്ചതും.കാവിനകത്ത് ദേവിയുടെ ഗർഭപാത്രം പോലെയുള്ള ജലാശയത്തിൽ.ഒരു ദിവസം ധ്യാനത്തിനായി ബുദ്ധൻ കാവിലേക്കു കയറി വന്നു.

മത്സ്യങ്ങൾ വിശ്വസിക്കാനാവാതെ ഒന്നിച്ചു ഇപ്രകാരം ചോദിച്ചു. ശ്രീബുദ്ധനോ?

തവള കഥ പറയാനാരംഭിച്ചു.

തവള : അതെ, സാക്ഷാൽ ശ്രീബുദ്ധൻ രണ്ടു മത്സ്യങ്ങളേ, നൂറ്റാണ്ടുകൾക്കു മുമ്പുള്ള കഥയാണ് ഞാൻ പറയുന്നത്. അതീവ തേജസ്വിയായ ബുദ്ധൻ ഉദയസൂര്യനെപ്പോലെ വരുന്നതു കണ്ടപ്പോൾ വഴി മാറാൻ പോലുമാകാതെ ഞാൻ നിന്നു. ഒരു ഉറുമ്പിനെപ്പോലും വേദനിപ്പിക്കാത്ത അദ്ദേഹം ചതുപ്പിൽ പൂണ്ട എന്നെ കണ്ടില്ല. വേദനിച്ചിട്ടില്ല, ഞാൻ മാറാൻ ശ്രമിച്ചു. എനിക്ക് വേദനിച്ചുവെന്ന് കരുതി അദ്ദേഹം എന്നെ കൈകളിൽ എടുത്ത് തടവാൻ തുടങ്ങി.

ബുദ്ധൻ : കുഞ്ഞേ ഞാൻ നിന്നെ വേദനിപ്പിച്ചു അല്ലേ?

Edit with WPS Office

തവള : വേദനയെന്തെന്ന് ഞാനറിഞ്ഞില്ല വിഭോ. അങ്ങയുടെ പാദസ്പർശത്താൽ ഞാൻ ധന്യനായി എന്നും പറഞ്ഞ് തവള കഥ അവസാനിപ്പിച്ചു, എന്നിട്ട് ഇപ്രകാരം പറഞ്ഞു.

തവള : രണ്ടു മത്സ്യങ്ങളെ,ബുദ്ധന്റെ പാദസ്പർശമേറ്റ് ഞാൻ ചിരഞ്ജീവിയായി.(ചിരഞ്ജീവി എന്നത് മരണമില്ലാത്ത അവസ്ഥ എന്നാണതിന്റെ അർത്ഥം കൂട്ടുകാരെ). ഞാൻ അതിൽ അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തു. പക്ഷേ സമീപകാലത്ത് മനുഷ്യർ ഭൂമിയോടു കാണിക്കുന്ന കൊള്ളരുതായ്മകൾ സഹിക്കാൻ വയ്യാതായപ്പോൾ , ചുറ്റുമായി രാക്ഷസ യന്ത്രങ്ങൾ പാറകൾ ഭക്ഷിക്കാൻ തുടങ്ങിയപ്പോൾ ഞാൻ ഇങ്ങോട്ടു വന്നതാണ്.

ബുദ്ധനെ എല്ലാവർക്കും അറിയാമോ? (കു.പ്ര)

ടീച്ചർ പറഞ്ഞു തരാം കേട്ടോ.

(അധ്യാപിക ശ്രീബുദ്ധനെപ്പറ്റി പറഞ്ഞു കൊടുക്കുന്നു).

കുട്ടികളെ മനുഷ്യർ പ്രകൃതിയോട് പലതും ചെയ്യുന്നുണ്ടെന്ന് നമ്മൾ കണ്ടു. നീണ്ട മൗനത്തിനു ശേഷം തവള ക്ഷോദത്തോടെ ചോദിച്ചു.

തവള : മനുഷ്യൻ മാത്രം ബാക്കിയാകുന്ന ഒരു സങ്കൽപ്പത്തെയാണോ വികസനം വികസനമെന്ന് വിളിക്കുന്നത്.

മത്സ്യങ്ങൾക്ക് തവള പറഞ്ഞതൊന്നും മനസിലായില്ല.കുട്ടികൾക്ക് മനസിലായോ?(കു.പ്ര)

അഴകൻ : വികസനമോ അതെന്താണ്?

തവള : രണ്ടു മത്സ്യങ്ങളെ നിങ്ങൾക്ക് മാത്രമല്ല ആർക്കും ഒന്നും മനസിലാകുന്നില്ല, വാ നമ്മുക്ക് ശൂലാപ്പ് കാവിലേക്ക് പോകാം.ശത്രുക്കൾ ഒഴിഞ്ഞു പോയെന്ന് തോന്നുന്നു.

അങ്ങനെ രണ്ടു മത്സ്യങ്ങളും തവളയും ശൂലാപ്പ് കാവിലേക്ക് പുറപ്പെടുന്നു.(ബാക്ഗ്രൗണ്ടിൽ ലൈറ്റ് മ്യൂസിക് ).

കാടായി നിറഞ്ഞുനിന്നിരുന്ന അവിടെ ഇപ്പോൾ നാലഞ്ച് മരങ്ങൾ മാത്രം. ജലാശയം നികത്തി മാർബിളിൽ മനോഹരമായ സൗധം പണിഞ്ഞിരുന്നു.അവിടെ പകുതി കത്തിയെരിഞ്ഞ ബോധി വൃക്ഷത്തിന്മേൽ ഒരു പച്ച പനങ്കിളിത്തത്തയോട് തവള ചോദിച്ചു.

തവള : കിളിമകളേ എന്താണിവിടെ സംഭവിച്ചത്?

വളരെ ദുഃഖത്തോട് കൂടി ശബ്ദമിടറിക്കൊണ്ട് കിളി പറഞ്ഞു.

Edit with WPS Office

കിളി : പ്രഭോ, കഴിഞ്ഞ കൊല്ലം മുട്ടയിടാൻ വന്ന മീനുകളെല്ലാം വെള്ളത്തിലെ രാസവിഷം കാരണം ചത്തുപൊന്തിയപ്പോൾ കുറെ മനുഷ്യർ വന്നു കാട് മുഴുവൻ തീയിട്ടു നശിപ്പിച്ചു. എന്റെ കൂട്ടുകാരെല്ലാം തീയിൽ കത്തിയെരിഞ്ഞു. ഞാൻ നോക്കി നിൽക്കെ എന്റെ പ്രിയതമനും ജീവനോടെ എന്നു പറഞ്ഞു കിളിമകൾ വീണ്ടും കരച്ചിൽ തുടങ്ങി.

കുട്ടികൾക്ക് കിളിമകൾ പറഞ്ഞത് കേട്ട് എന്താണ് മനസിലായത്? (കു.പ്ര)

അതെ, മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളാണല്ലേ ഇതിലൂടെ മനസിലായത്. കാടുകൾ തീയിട്ട് നശിപ്പിച്ചും, ശുദ്ധജലത്തിൽ വിഷം കലർത്തിയുമൊക്കെ പലതും മനുഷ്യർ പ്രകൃതിയോട് ചെയ്യുന്നു.

(ബാക് ഗ്രൗണ്ടിൽ ലൈറ്റ് മ്യൂസിക്ക്)

ആ സമയം ശരീരം മുഴുവൻ തരിപ്പ് കയറുന്നതു പോലെയാണ് തവളയ്ക്ക് തോന്നിയത്.കരുണയുടെ അദൃശ്യമായ കൈകൾ തലോടുന്നതു പോലെ തോന്നിയ തവള വീണ്ടും ബോധത്തിലേക്ക് വന്നതിനു ശേഷം മത്സ്യങ്ങളോട് ഇപ്രകാരം പറഞ്ഞു.

തവള : രണ്ടു മത്സ്യങ്ങളെ ഇതാ മരണം എന്നെ അനുഗ്രഹിക്കുകയാണ്. എത്രയും പെട്ടെന്ന് സുരക്ഷിതമായ ഒരിടം തേടി നിങ്ങൾ പുറപ്പെടുക. മനുഷ്യർ എത്തിച്ചേരാത്ത ഒരു പറുദീസ എവിടെയെങ്കിലും നിങ്ങളെ കാത്തിരിപ്പുണ്ടാകും.

ഇതൊക്കെ കണ്ട് വിസ്മയിച്ചു നിൽക്കുന്ന കിളിമകളോട് തവള ഇപ്രകാരം പറഞ്ഞു.

തവള : അല്ലയോ കിളിമകളെ നീ നല്ല പാട്ടുകാരിയല്ലേ, സ്വന്തം ദുഃഖത്തിന്മേൽ ഇങ്ങനെ അടയിരിക്കാതെ ഇക്കണ്ടതിന്റെയെല്ലാം പൊരുളുകളെ ഉലകത്തെ മുഴുവൻ നീ പാടിക്കേൾപ്പിക്കൂ.അതാകട്ടെ നിന്റെ നിയോഗം.

കിളി : ഞാനിനി കരയില്ല പ്രഭോ.

അങ്ങനെ തവളയുടെ കണ്ണുകൾ അടഞ്ഞു, ശരീരം നിശ്ചലമായി. തവള മരിച്ചിരിക്കുന്നു.

(ബാക്ഗ്രൗണ്ടിൽ ശോക മുഖമായ മ്യൂസിക് ).

പൂവാലിക്കിത് സഹിക്കാനായില്ല, അവൾ കരയാൻ തുടങ്ങി. അഴകൻ അവളെ സമാധിനിപ്പിച്ചു.

അഴകൻ : പൂവാലി കരയാനുള്ള നേരമല്ലിത്. നമ്മുക്കുടനെ പുറപ്പെടണം. മണ്ണിൽ എവിടെയെങ്കിലുമുണ്ടാകും ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം.

അങ്ങനെ അവസാനം രണ്ടു പേരും കിളിമകളോട് യാത്ര പറഞ്ഞ് വെള്ളം വറ്റി തുടങ്ങിയ അവിടെ നിന്ന് യാത്ര തുടങ്ങി. ഇവിടെയാണ് കൂട്ടുകാരെ നമ്മുടെ കഥ

Edit with WPS Office

അവസാനിക്കുന്നത്.

എല്ലാവർക്കും കഥ ഇഷ്ട്ടപ്പെട്ടോ? വളരെ ലളിതമായ കഥയല്ലേ നമ്മുടെ 'രണ്ടു മത്സ്യങ്ങൾ '.  (കു.പ്ര)

എല്ലാ കൂട്ടുകാർക്കും പൂവാലിയേയും അഴകനേയും ഇഷ്ടമായോ? (കു.പ്ര)

കുട്ടികൾക്കും വളരെ വിഷമമായല്ലേ.തവള ചിരഞ്ജീവി ആയിട്ട് കൂടി മരണം വരിച്ചു.

കഥയുടെ സാരാംശം എന്താണെന്ന് നോക്കാം.

പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ട്.മഴ വരാത്തതും, കുന്തം കൊണ്ട് മത്സ്യങ്ങളെ ആക്രമിക്കുന്നതും, ശൂലാപ്പ് കാവിലെ കാടുകൾ വെട്ടിനശിപ്പിച്ചതും അതുപോലെ തെളിനീര് പോലുള്ള വെള്ളത്തിൽ വിഷാംശം കലർത്തി മത്സ്യങ്ങളെ കൊന്നതുമടക്കം നിരവധി ക്രൂരതകളാണ് മനുഷ്യർ പ്രകൃതിയോട് ചെയ്തത് എന്ന് നമ്മൾ കണ്ടു. പരിസ്ഥിതി / പ്രകൃതി നമ്മുടെ അമ്മയല്ലേ, നമ്മളല്ലേ പ്രകൃതിയെ കാത്തു സൂക്ഷിക്കേണ്ടത്. നമ്മൾ ഒരിക്കലും ഇപ്രകാരമൊന്നും ചെയ്യരുത് അല്ലേ.(കു.പ്ര)

അതുപോലെ തവള ആരുടെ പ്രതിനിധിയായിട്ടാണ് കഥയിൽ കടന്നു വന്നത്?(കു.പ്ര)

അതെ, തവള യഥാർത്ഥത്തിൽ ഒരിക്കലും നശിക്കാത്ത ഭൂമിയുടെ പ്രതിബിംബമായിട്ടാണ് കടന്നു വന്നത്. ഒരിക്കലും നശിക്കാത്ത ഭൂമി പോലും മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ മൂലം നശിച്ചു കൊണ്ടിരിക്കുന്നു എന്നതാണ് തവളയിലൂടെ കഥാകൃത്ത് അവതരിപ്പിച്ചത്.അതുകൂടാതെ ചിരഞ്ജീവിയായ തവളയുടെ മരണത്തിലൂടെ പ്രകൃതിയുടെ തന്നെ നാശത്തെയാണ് കുറിക്കുന്നത്. കുട്ടികൾക്കെന്താണ് തോന്നുന്നത്?   (കു.പ്ര)

അപ്പോൾ കഥയെപ്പറ്റി പറഞ്ഞാൽ മനുഷ്യന്റെ ഇടപെടൽ പ്രകൃതിയിൽ ഏൽപ്പിക്കുന്ന ക്ഷതം മത്സ്യങ്ങളുടെ യാത്രയിലുടനീളം നമ്മുക്ക് കാണാനാകുന്നത്. കഥയിൽ പറഞ്ഞിരിക്കുന്നതു പോലെ നമ്മുടെ പ്രകൃതിയിൽ മനുഷ്യന്റെ ഇടപെടൽ മൂലം എന്തെല്ലാം മാറ്റങ്ങളാണ് വന്നിരിക്കുന്നതെന്ന് എല്ലാവരും രക്ഷിതാക്കളുടെ സഹായത്തോടെ പുസ്തകങ്ങളിൽ എഴുതാൻ ശ്രമിക്കണം കേട്ടോ.

അപ്പോൾ ടീച്ചർ അവസാനിപ്പിക്കുകയാണ്. എല്ലാവരും സന്തോഷത്തോടെ ആരോഗ്യവാന്മാരായി ഇരിക്കുക.

ശുഭം.

അഞ്ജലി.ആർ

മലയാള വിഭാഗം

Edit with WPS Office

# തേൻ കനി

സർവ്വശിക്ഷാ അഭിയാൻ എട്ടാം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി തയ്യാറാതായ ടെക്സ്റ്റിലെ തേൻ കനി എന്ന പാഠഭാഗമാണ് നമ്മൾ ഇന്ന് പഠിക്കാൻ പോകുന്നത്. നാടകം നിങ്ങൾ കണ്ടിട്ടുണ്ടോ ? നിറയെ കഥാപാത്രങ്ങളും ഒരു നിശ്ചിത സംഭവത്തേയോ വിഷയത്തെയോ അടിസ്ഥാനമാക്കിയാണ് നാടകം അവതരിപ്പിക്കുന്നത്. നാടകത്തിൽ എല്ലാവരും അഭിനയിക്കുകയാണ്.

പാഠഭാഗത്തേക്ക് പ്രവേശിക്കുന്നതിനു മുമ്പ് നാടകകൃത്തിനേക്കുറിച്ച് രണ്ട് വാക്ക് . കൊല്ലം ജില്ലയിലെ വയലാറിലാണ് വയലാർ വാസുദേവ പിള്ള ജനിച്ചത്. ഇദ്ദേഹം സംവിധായകൻ എന്ന നിലയിലും പ്രശസ്തനാണ്. ഒരു പക്ഷി കുഞ്ഞിന്റെ മരണം, വിശ്വദർശനം, കുഞ്ഞിച്ചിറകുകൾ, വരവേൽപ്പ് തുടങ്ങിയ നാടകങ്ങളും രംഗഭാഷ, പുത്രധാര ഇതിലേ ഇതിലേ തുടങ്ങിയ നാടകപഠന രംഗങ്ങളും കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ഈ കഥാപാത്രങ്ങളിലേക്ക് കടക്കാം. രാമൻ, ഭദ്രൻ , കൂട്ടുകാർ, വനപാലകൻ എന്നിവരാണ്.

(നാടകം വായിക്കുന്നു )



## തേൻകനി

(കുട്ടികൾ കൂട്ടം കൂടി നിന്നു രഹസ്യം പറയുന്നു. അൽപ്പമകലെ കാടും അതിനുള്ളിൽ ഒരു തേന്മാവും. രാമനും ഭദ്രനും മറ്റു കുട്ടികൾക്കും പത്തിനും പതിനഞ്ചിനും ഇടയ്ക്കു പ്രായം).

രാമൻ : അതാ, ആ കാണുന്നതാണ് ഉമ്മാക്കിക്കാട്!

ഭദ്രൻ : ഉമ്മാക്കിക്കാടോ! എന്നാൽ ഇനിയങ്ങോട്ടുള്ള യാത്രയ്ക്ക് ഞാനില്ല.

കൂട്ടുകാർ : (ചിരിച്ച്) അയ്യോ കഷ്ടം! പേടിത്തൊണ്ടൻ!

ഭദ്രൻ : ങ്ഹും, പേടിയൊന്നുമുണ്ടായിട്ടല്ല.

രാമൻ : പിന്നെ?

ഭദ്രൻ : പിന്നെ...പിന്നെ .... (തിരിഞ്ഞോടുന്നു. രാമനും കൂട്ടുകാരും പിറകേയും.)

രാമൻ : ഭദ്രനെ വിടല്ലേ... (എല്ലാവരും ചേർന്നു ഭദ്രനെ വളയുന്നു.)

ഭദ്രൻ : പിന്നെ...അമ്മ പറഞ്ഞു... ആ കാട്ടിൽ ഉമ്മാക്കിയുണ്ടെന്ന്...

കൂട്ടുകാർ : ഉമ്മാക്കിയോ? ഓ ചുമ്മാതെ...

ഭദ്രൻ : എന്നാൽ അങ്ങോട്ടുചെല്ല്. ഇപ്പം കാണാം കിയ്യോ കിയ്യോന്ന് അവിടെ കിടന്നു വിളിക്കുന്നത്.

രാമൻ : (ചെറുതായി പേടിച്ച്) ഉമ്മാക്കി എന്തോ ചെയ്യും...?

കൂട്ടുകാർ : ഉമ്മാക്കി എന്നു പറഞ്ഞാലാരാ...?
ഭദ്രൻ : പിശാചാ... കറുത്ത്, രണ്ടു നീണ്ട കൊമ്പുമായി, നാക്കും വെളിയിലിട്ട്, വാലുമാട്ടി കാട്ടിലങ്ങനെ നടക്കും. ആരെങ്കിലും കാട്ടിലോട്ടുചെന്നാൽ ഒറ്റപ്പിടി... വലിച്ചൊരു കീറൽ... കറ കറാന്നു രക്തമങ്ങു കുടിക്കും. (ഈ വർണന കേട്ടു മറ്റുള്ളവരും പേടിക്കുന്നു.)
കൂട്ടുകാർ : ഇനിയെന്താ ചെയ്യും?
ഭദ്രൻ : ഇവിടെയാണ് മാമ്പഴമുള്ളതെന്ന് ഞാനറിഞ്ഞില്ല. (രാമനോട്) ഈ രാമനാ എന്നോടു കള്ളം പറഞ്ഞത്...
രാമൻ : ഞാനുമറിഞ്ഞില്ല. ഇന്നലെ ക്ലാസിൽ സാറു പറഞ്ഞില്ലേ...
റോഡിനക്കരെ
വയലിനക്കരെ
വഴി കടക്കുമ്പോൾ
ഭദ്രൻ : ശരിയാ, ഞാനുമോർക്കുന്നു... തോടുതാണ്ടി, പുഴയിറങ്ങി, കാടു കാണുമ്പോൾ...
കൂട്ടുകാർ : നമ്മൾ ഈ വഴിയെല്ലാം കടന്നല്ലേ വന്നത്...
രാമൻ : ഇതാണ് സാറു പറഞ്ഞ കാട്... വലിയ കാട്!
കൂട്ടുകാർ : അയ്യോ... നോക്കിയപ്പോൾതന്നെ പേടിയാവുന്നു.
ഭദ്രൻ : പണ്ടേ... അമ്മ പറഞ്ഞിട്ടില്ലേ...
"കാട്ടിൽ പോകല്ലേ,
മരത്തിൽ കയറല്ലേ......."
കൂട്ടുകാർ : "കൂട്ടുകൂടല്ലേ
മോനേ കൂട്ടുകൂടല്ലേ..."
രാമൻ : അമ്മ അങ്ങനെ പറഞ്ഞെങ്കിലും... മാമ്പഴത്തിന്റെ കാര്യമോർക്കുമ്പോൾ...
കൂട്ടുകാർ : വായിൽ വെള്ളമൂറുന്നു...
ഭദ്രൻ : എനിക്കും...
രാമൻ : എന്നാലൊരു കാര്യം ചെയ്യാം... നമുക്കൊരുമിച്ച് ഉമ്മാക്കിയെ തോൽപ്പിക്കാം, മാവിൽ കയറി...
ഭദ്രൻ : അയ്യോ ഞാനില്ല... അമ്മ പറഞ്ഞു... അതിന്റെ കൊമ്പുകൊണ്ട് ഇരുളിൽ നമ്മുടെ വയറിന് കുത്തുമെന്ന്, അയ്യോ! എന്തൊരു വേദനയായിരിക്കും...നമുക്ക് മാവും കാണണ്ട, പഴോം തിന്നണ്ട.
കൂട്ടുകാർ : അങ്ങനെ തോറ്റു പിന്മാറിയാലോ...?
രാമൻ : പാടില്ല. പേടിച്ചു പിന്മാറാൻ പാടില്ല.
ഭദ്രൻ : നിങ്ങളെല്ലാവരും കൂടിയുണ്ടെങ്കിൽ ഞാനും ഒരുകൈ നോക്കാം...
രാമൻ : പക്ഷേ, നീ ഒടുവിൽ പേടിച്ച് പിറകോട്ടോടരുത്.
ഭദ്രൻ : ഇല്ല. നിങ്ങൾ മുമ്പിൽ നിൽക്കണം. ഞാൻ പിറകിൽ... (എല്ലാവരും ചേർന്ന് ധൈര്യമവലംബിച്ച് തിരിഞ്ഞു കാടിനെ ലക്ഷ്യമാക്കി നടക്കാൻ ഭാവിക്കുന്നു... ഒന്നുരണ്ടടി നടക്കുന്നു...)

(വെളിയിൽനിന്ന് കാടിനെയാകെ കുലുക്കുന്ന ഒരു പൊട്ടിച്ചിരി കേൾക്കുന്നു. അതിന്റെ അലകൾ ഒതുങ്ങുന്നതിനു മുമ്പുതന്നെ എല്ലാവരും അമ്പരന്ന് നാലുപാടും ഓടി ഒളിക്കുന്നു. രംഗത്തിന്റെ നാലു കോണുകളിൽ പോയി തലകുമ്പിട്ടിരിക്കുന്നു.)

കൂട്ടുകാർ : ഉമ്മാക്കിയാണോ?
ഭദ്രൻ : അതേ!
രാമൻ : യ്യോ! എന്തൊരു പൊട്ടിച്ചിരി...!
ഭദ്രൻ : ആ പിശാചു നമ്മളെ കണ്ടുകാണും... ഇനി കാട്ടിൽ നിന്നിറങ്ങി വന്നു നമ്മെ ഓരോരുത്തരേയും... പിടിച്ചു... കടിച്ചുകീറി, കറുമുറാ തിന്നാൽ...
രാമൻ : കാട്ടിനുള്ളിൽ ചെല്ലുന്നവരെയല്ലേ ഉമ്മാക്കി പിടിച്ചു തിന്നൂ... നമ്മൾ വെളിയിലല്ലേ...!
കൂട്ടുകാർ : മാമ്പഴം കാക്കുന്നൊരുമ്മാക്കി,
കാട്ടിന്നിരുട്ടിൽ നീ വാഴുമ്പോ
കുട്ട്യോളെ തിന്നാനൊരുങ്ങല്ലേ
കുട്ടിക്കും മാമ്പഴം കിട്ടേണ്ടേ...!

(തേന്മാവിന്റെ ഭാഗത്തുനിന്ന് വീണ്ടും പൊട്ടിച്ചിരി... എല്ലാവരും അങ്ങോട്ടു നോക്കുന്നു. ഒരു മൃഗത്തിന്റെ കറുത്ത തല (പൊയ്മുഖം) യുള്ള, അതിനിടയിലൂടെ നരച്ച താടി കാണാവുന്ന, വെള്ള വസ്ത്രമുടുത്ത വനഗായകൻ അവിടെനിന്നു സാവധാനം പാടിത്തുള്ളി വരുന്നു.)

വനഗായകൻ : കാടിനുയരെയാരാരെന്നെ
തേടി വരുന്നോരേ...
വരുവിൻ ഗാനവുമായി
കാടിൻ ഗീതവുമായ്...
ഭദ്രൻ : അയ്യോ... ഉമ്മാക്കി...(കരയുന്നു)
(എല്ലാവരും പേടിച്ച് നാലുവശത്തേക്കുമോടി നോക്കി നിൽക്കുന്നു.)
വനഗായകൻ : (കോപം നടിച്ച്) ആരു പറഞ്ഞു, ഈ വനത്തിൽ കടക്കാൻ!
(രാമോ കുട്ടിയെയും സമീപിക്കുന്നു... കുട്ടികൾ പേടിച്ച് പരക്കം പായുന്നു. ഒടുവിൽ എല്ലാവരും ചേർന്ന് ഉമ്മാക്കിയെ എതിർത്തു തോൽപ്പിക്കാൻ തന്നെ നിശ്ചയിക്കുന്നു.)
കുട്ടുകാർ : രാമനും ഭദ്രനും ഉമ്മാക്കിയുടെ രണ്ടു വശവും നിൽക്കണം. ഞങ്ങൾ മുമ്പിലും പിറകിലും.

(രാമനും ഭദ്രനും ഇരുവശവും നിന്ന് വനഗായകന്റെ കൈ പിടിച്ചുവലിക്കുന്നു. മറ്റുള്ളവർ മൃഗത്തിന്റെ കൊമ്പിലും. വനഗായകൻ അവരെ എതിർക്കുന്നു. ഈ ചലനമെല്ലാം താളാത്മകമായി നിയന്ത്രിക്കപ്പെടുന്നു. ഇടയ്ക്കിടയ്ക്ക് ആശ്രകാശവും പൊട്ടിച്ചിരികളും ഉയർന്നു കേൾക്കാം. ഒടുവിൽ കുട്ടികൾ ഉമ്മാക്കിയുടെ തല അടർത്തിയെടുത്ത് ആവേശം മുഴക്കുന്നു. അപ്പോൾ അവരുടെ മധ്യത്ത് ആകർഷണശക്തിയും സ്നേഹവും സ്ഫുരിക്കുന്ന തേജസ്സോടെ സുസ്മേരവദനനായി വനഗായകൻ നിൽക്കുന്നു. നീണ്ടു നരച്ച തലമുടിയും താടിമീശയും. കുട്ടികളെല്ലാം അദ്ഭുതസ്തബ്ധരായിപ്പോയി.)

വനഗായകൻ : എന്താ അദ്ഭുതം! ഉമ്മാക്കിയെ തോൽപ്പിച്ച സന്തോഷമോ.. അതോ...!

രാമൻ : (മറ്റുള്ളവരോട് രഹസ്യമെന്നവണ്ണം) ഈ സന്ന്യാസി മുമ്പൊരിക്കൽ വീട്ടിൽവന്ന് അപ്പുപ്പനോടു സംസാരിച്ചില്ലേ!
ഭദ്രൻ : പണ്ടൊരിക്കൽ സ്കൂൾമുറ്റത്തു കൂടിയ കുട്ടികൾക്കു മുട്ടായി വാരി വിതറിയോടിയത് ഈ...
കൂട്ടുകാർ : അമ്പലക്കുളത്തിൽ വന്നു കുളിച്ചുതൊഴുന്നത്...
വനഗായകൻ : (ഉറക്കെ ചിരിക്കുന്നു) ഞാനോ... അല്ല...
കുട്ടികൾ എല്ലാവരും ചേർന്ന് : ആണേ...ആണേ...
വനഗായകൻ : അല്ല... ഞാൻ ഉമ്മാക്കി... കുട്ടികളെ പിടിച്ചുതിന്നുന്ന ഉമ്മാക്കി.
കുട്ടികൾ : (രസിച്ച്) അല്ല... സന്ന്യാസി...
വനഗായകൻ : എങ്കിൽ ഇപ്പം നിങ്ങളെയെല്ലാം ഞാൻ പിടിച്ചു തിന്നു കാണിച്ചു തരാം...
(കുട്ടികൾ ആഹ്ലാദിച്ച് ഓടി അടുത്തുചെന്ന് താടിയിലും മീശയിലും പിടിക്കുന്നു. രാമൻ മുതുകത്തു ചാടിക്കയറുന്നു. സന്ന്യാസി അതിൽ രസിച്ച് കുട്ടികളെപ്പോലെ ഓടിക്കളിക്കുന്നു.)
വനഗായകൻ : അതിരിക്കട്ടെ... ഈ സന്ധ്യാസമയത്ത് നിങ്ങളെന്തിനാ ഈ കാടിനടുത്തു വന്നത്!
രാമൻ : മാങ്ങപെറുക്കാൻ...
ഭദ്രൻ : ഇരുട്ടുന്നതിനു മുമ്പേ വീട്ടിലെത്തണം.
കൂട്ടുകാർ : ഇല്ലെങ്കിൽ ചന്തി പാളവെച്ചുകെട്ടിക്കൊണ്ടാൽ മതി.
വനഗായകൻ : മാവിന്റെ മുട്ടിൽ മാങ്ങയില്ലെങ്കിലോ?
ഭദ്രൻ : കാണും. ഉമ്മാക്കിയെ തോൽപ്പിച്ചാൽ മാങ്ങ പെറുക്കാമെന്ന് അമ്മ പറഞ്ഞല്ലോ.
രാമൻ : സാറും പറഞ്ഞല്ലോ.
വനഗായകൻ : ഉമ്മാക്കിയെ തോൽപ്പിച്ചല്ലോ. (മൃഗത്തിന്റെ തലയുയർത്തിപ്പിടിച്ച്) ഉമ്മാക്കിയെ കൊന്നു. ഇനി കാടിനുള്ളിൽ കടക്കാം. തേന്മാവിൻ ചോട്ടിൽ... പഴുത്തുവീണ മാങ്ങ പെറുക്കാം.

(മൃഗത്തിന്റെ തല ഒരു മരത്തിന്റെ കൊമ്പിൽ തൂക്കിയിടുന്നു. എല്ലാവരും ചേർന്നു കാട്ടിനുള്ളിലേക്കു കടക്കുന്ന രീതിയിൽ ചലിക്കുന്നു. വള്ളികളും മുള്ളും മറ്റു തടസ്സങ്ങളും നീക്കി നാലുപാടും നോക്കി അവർ കാട്ടിലെത്തി.)

വനഗായകൻ : അതാ... ആ കാണുന്നതാണ് തേന്മാവ്!
(എല്ലാവരും അങ്ങോട്ടോടുന്നു.)
രാമൻ : ഹൊ... എന്തുയരം!
ഭദ്രൻ : നമുക്കിതിനു ചുറ്റും നോക്കാം. മാമ്പഴം!
(എല്ലാവരും മാവിനുചുറ്റും ആകാംക്ഷാപൂർവം ഓടിനടന്നു നോക്കുന്നു. ഒടുവിൽ നിരാശരായി ഒരുമിച്ചുകൂടുന്നു).
രാമൻ : ഒന്നും കിട്ടിയില്ല... ഇനി എന്താ ചെയ്യും?
വനഗായകൻ : എന്നാൽ ഞാനൊരു വിദ്യ കാണിക്കാം. പഴുത്തമാങ്ങ നിറഞ്ഞ ആ കൊമ്പ് പിടിച്ചു താഴ്ത്തിത്തരാം, പറിച്ചോണം.
രാമൻ : സ്വാമീ..... ഇങ്ങനെ കൊമ്പു താഴ്ത്തണ്ട. അതൊന്നു പിടിച്ചു കുലുക്കിയാൽ മതി. അപ്പോൾ എല്ലാം തറയിൽ! ഞങ്ങൾ പെറുക്കിക്കൊള്ളാം.
ഭദ്രൻ : ങാ, അതുമതി.
വനഗായകൻ : എന്നാലൊരു കാര്യം. നിങ്ങളെല്ലാം മാറി അകലെ ഒരു സ്ഥലത്തിരിക്കണം.
ഭദ്രൻ : സമ്മതിച്ചു. എല്ലാവരും മാറി ഇവിടെയിരിക്കിൻ.

(കുട്ടികൾ അൽപ്പമകലെ മാറി ഇരിക്കുന്നു. വനഗായകൻ മാങ്കൊമ്പ് പിടിച്ചു കുലുക്കുന്നു. ധാരാളം മാമ്പഴം തറയിൽ വീഴുന്ന ശബ്ദം. കുട്ടികൾ കൊതിപൂണ്ട് ഓടിച്ചെന്നെടുക്കാൻ തുടങ്ങുന്നു).

വനഗായകൻ : അതു പാടില്ല. ഒടുവിൽ ഞാൻ പറയുമ്പോൾ എല്ലാവരും ചേർന്ന് താളത്തിൽ ഓടിച്ചെന്നെടുക്കണം. ഇപ്പോൾ അകലെ മാറിയിരിക്കണം.
രാമൻ : സമ്മതിച്ചു. വരിൻ, നമുക്ക് പഴയതുപോലെ നോക്കിയിരിക്കാം.

(വനഗായകൻ വീണ്ടും മാങ്കൊമ്പു കുലുക്കുന്നു. ധാരാളം മാമ്പഴം വീഴുന്നു.)


വനഗായകൻ : ഒന്ന്, രണ്ട്, മൂന്ന്! (മൂന്നിൽ കുട്ടികൾ ഒറ്റ ഓട്ടത്തിന് മാഞ്ചോട്ടിലെത്തുന്നു... തറയിൽ നിന്നു വാരിയെടുക്കുന്നു. വാശിയോടെ വാരിക്കൂട്ടുന്നു) ഇനി നിങ്ങൾ തിന്നിട്ട് എനിക്കും തരണം.
കുട്ടികൾ : തരാം... (മാങ്ങ കടിക്കുന്നു.)
രാമൻ : അയ്യോ... ഇതു മാങ്ങയല്ല...
ഭദ്രൻ : ഇതും മാമ്പഴമല്ല...
കുട്ടികൾ : ഇത് കല്ലാ...കല്ല്!
വനഗായകൻ : (പൊട്ടിച്ചിരിക്കുന്നു) ങേ...കല്ലോ. നോക്കട്ടെ. (തറയിൽ നിന്ന് ഒരെണ്ണമെടുത്തു തിന്ന്) നല്ല മാങ്ങ. അപ്പോൾ ഞാൻ കുലുക്കിയിട്ടു നിങ്ങൾക്കു മാങ്ങ വീണില്ലേ! ഇനി എന്താ ചെയ്യും?

(ആലോചിച്ച് നടക്കുന്നു. കുട്ടികളും അതുപോലെ ഗൗരവമായി കൂടിയാലോചിക്കുന്നു.)

രാമൻ : എന്നാലൊരു കാര്യം ചെയ്യാം, സ്വാമി കയറി പറിച്ചുതരട്ടെ.
കുട്ടികൾ : അതേ...നമുക്ക് വാരിയെടുക്കാം.
വനഗായകൻ : (ആലോചിച്ച്) ഞാൻ കയറിപ്പറിച്ചാൽ എനിക്കേ പഴം കിട്ടൂ. നിങ്ങളെടുക്കുമ്പോൾ അതു കല്ലായിത്തീരും.
ഭദ്രൻ : അതെന്താ?
വനഗായകൻ : വേല ചെയ്യണം... വിയർക്കണം... ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം! ങാ... വിദ്യ മനസ്സിലിരിക്കട്ടെ.
കുട്ടികൾ : നേരമിരുട്ടാറായി. വീട്ടിൽ പോകുന്നതിനുമുമ്പ്... ഒരു മാമ്പഴമെങ്കിലും...
വനഗായകൻ : ഇരുട്ടിൽ കാടിനെന്തു സൗന്ദര്യം...! ഞാൻ ആ കാട്ടിൽ പോയൊളിക്കട്ടെ...
ഭദ്രൻ : വേണ്ട... ഇവിടെ നിന്നാൽ മതി. സ്വാമി കൂടെ നിന്നാൽ എനിക്കു പേടിയില്ല...
കുട്ടികൾ : ഞങ്ങൾക്കും...
രാമൻ : എന്നാലേയ്... ഞങ്ങൾ കയറി പറിക്കട്ടെ.
വനഗായകൻ : കൊള്ളാം, മിടുക്കൻ...
കുട്ടികൾ : എന്നാലങ്ങനെത്തന്നെ...
ഭദ്രൻ : അയ്യോ, വേണ്ട. എനിക്ക് പേടിയാ.
രാമൻ : നീ ജോലി ചെയ്തില്ലെങ്കിൽ നിനക്ക് മാമ്പഴം കിട്ടത്തില്ല...

Edit with WPS Office







- വയലാ വാസുദേവൻപിള്ള

(വയലാ വാസുദേവൻപിള്ളയുടെ നാടകങ്ങൾ)

നാടകം വായിച്ചുകേട്ടപ്പോൾ നിങ്ങൾക്ക് എന്തുതോന്നി.

(കുട്ടികളുടെ മറുപടി )

ഭദ്രൻ പറയുന്ന സംഭാഷണം നിങ്ങൾ ശ്രദ്ധിച്ചോ?

"എന്റെ കൂട്ടുകാർക്ക്  ബോധം തെളിയാതെ ഞാൻ എങ്ങനെ പോകും "

കാട്ടിൽ അകപ്പെട്ട കുട്ടികളുടെ ബോധം പോയപ്പോൾ കൂടെയുള്ള കൂട്ടുകാരൻ മരുന്നുകൾ ശേഖരിക്കുകയും അത് കൊടുക്കുകയും ചെയ്തില്ലേ .... ആപത്തിൽപ്പെട്ട കൂട്ടുകാരനെ സഹായിക്കുന്നത് ശ്രദ്ധിച്ചില്ല. നിങ്ങളും ഇങ്ങനെ ചെയ്യാറുണ്ടോ . നിങ്ങളുടെ കൂട്ടുകാരെ നിങ്ങൾ സഹായിക്കാറുണ്ടോ ?

(കുട്ടികളുടെ പ്രതികരണം)

ഭദ്രൻ എന്ന കഥാപാത്രത്തെ നിങ്ങൾക്ക് ഇഷ്ടപ്പെട്ടോ. എന്തൊക്കെയാണ് ഭദ്രന്റെ മാത്രം സവിശേഷതകൾ.

Edit with WPS Office

( കുട്ടികളുടെ പ്രതികരണം )

അതെ ഭദ്രൻ കൂട്ടുകാരെ എല്ലാം സഹായിച്ചില്ലേ. അവന് ഒറ്റക്ക് രക്ഷപെടാൻ കഴിയുമായിട്ടും അവൻ അത് ചെയ്യാതെ ആപത്തിൽപ്പെട്ട കൂട്ടുകാരെ സഹായിച്ചു .

"വേല ചെയ്യണം വിയർക്കണം ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം! ഓ വിദ്യ മനസ്സിലിരിക്കട്ടെ" ഈ സംഭാഷണം നിങ്ങൾ ശ്രദ്ധിച്ചോ ആര് പറയുന്നതാണിത്?

(കുട്ടികളുടെ മറുപടി )

ഇന്നത്തെ സമൂഹിക ചുറ്റുപാടുകളുമായി ഈ വാക്കുകൾക്ക് ബന്ധമുണ്ടോ . നിങ്ങൾ കണ്ടുപിടിച്ചു കൊണ്ട് വരുമല്ലോ

തയ്യാറാക്കിയത്

Nivya Joseph

Malayalam

Roll no 15

Edit with WPS Office

എട്ടാംതരം അടിസ്ഥാനപാഠാവലിയിലെ 'ഓർമ്മകൾക്കെന്ത് സുഗന്ധം ' എന്ന മൂന്നാം യൂണിറ്റിലുൾപ്പെടുന്ന, എം.ടി വാസുദേവൻനായരുടെ 'കുപ്പായം' എന്ന കഥയാണ് ടോക്കിംങ്ങ് ടെക്സ്റ്റായി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.
മൂന്ന് ടോക്കിംങ്ങ്ടെക്സ്റ്റുകളാണ് അവതരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

## ടോക്കിംങ്ങ് ടെക്സ്റ്റ് - 1
## (പാഠത്തിന്റെ ആമുഖം അഥവാ പാഠവതരണം )

(ബാക്ക്ഗ്രൗണ്ടിൽ ഗൃഹാതുരതയുണർത്തുന്ന മ്യൂസിക്. )

അധ്യാപകവിദ്യാർത്ഥിനി പറയുന്നു ;

"ഒരു കഥ എഴുതിക്കഴിഞ്ഞപ്പോൾ മാത്രമാണ് ഞാൻ കരഞ്ഞിട്ടുള്ളത് ; അതാണ് നിന്റെ ഓർമ്മയ്ക്ക് "

( ബാക്ക്ഗ്രൗണ്ട് മ്യൂസിക് കട്ട് ചെയ്തതിനു ശേഷം)

കൂട്ടുകാരെ, ഇത് ആരുടെ വാക്കുകളാണെന്ന് നിങ്ങൾക്ക് മനസ്സിലായോ? ഒന്നോർത്തുനോക്കിയേ..
ആ....., മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരൻ എം.ടി വാസുദേവൻനായരുടെ വാക്കുകളാണല്ലേ ഇത്.തന്റെ സഹോദരി ലീലയെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ഓർമ്മകളാണ് അദ്ദേഹം ഈ കഥയിലൂടെ നമ്മോട് പങ്കുവയ്ക്കുന്നത്. കൂട്ടുകാരിൽ ആരെങ്കിലും ഈ കഥ വായിച്ചവരുണ്ടോ ? ഇല്ലെങ്കിൽ.., നമുക്ക് കഥയൊന്നു കേട്ടാലോ?

(അധ്യാപകവിദ്യാർത്ഥിനി 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയുടെ ചുരുക്കം അവതരിപ്പിക്കുന്നു. )

Edit with WPS Office

കഥാകാരനായ വാസൂന് മൂന്ന് ഏട്ടന്മാരാണുണ്ടായിരുന്നത്.ഒരു പെങ്ങൾ വേണമെന്ന് അദ്ദേഹത്തിനു അതിയായ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെയിരിക്കെയാണ് സിലോണിൽ നിന്നും നാട്ടിലേക്ക് എത്തിയ അച്ഛന്റെ കൂടെ ലീലയെന്ന പെൺകുട്ടിയെ കൂടി കാണുന്നത്. വന്നതുമുതൽ അവളുടെ കയ്യിലുള്ള റബ്ബർ മൂങ്ങയിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ.
റബ്ബർ മൂങ്ങയെ കൂട്ടുകാർ കണ്ടിട്ടുണ്ടോ ? അതൊരു കളിയുപകരണമാണ്.

(അധ്യാപകവിദ്യാർത്ഥിനി അത്ഭുതഭാവത്തോടെ മൂങ്ങയെക്കുറിച്ച് വിവരിക്കുന്നു )

റബ്ബർ മൂങ്ങയ്ക്ക് ഒത്തിരി സവിശേഷതകൾ ഉണ്ട്.
എന്താന്ന് അറിയണ്ടേ കൂട്ടുകാർക്ക്,

മൂങ്ങയുടെ അടിഭാഗത്ത് ഒരു കുറ്റിയുണ്ട്.അത് അമര് ത്തിയാല് അതിന്റെ വയര് തുറന്നു വരും. വയറിന്റെ അകത്ത് ഒരു കുഞ്ഞു ഇരിപ്പിടമുണ്ട്. അതിന് മുകളില് കടുംനീലനിറത്തിലുള്ള,ഒരു ചെറിയ കുപ്പി.അതില് നിറയെ സെന്റാണ് ! അടപ്പു തുറന്നാല് മുല്ലപ്പൂക്കളുടെ മണം പരക്കുന്ന സെന്റ്.
പിന് വശത്ത് മൂങ്ങക്ക് കമ്പികളുണ്ടായിരുന്നു.അത് ഇളക്കിയാൽ മൂങ്ങ കണ്ണുരുട്ടുമായിരുന്നു.



Edit with WPS Office

ന്ത് രസമുള്ള മൂങ്ങയായിരുന്നുവല്ലേ ലീലയുടെ കയ്യിലുണ്ടായിരുന്നത്.

വാസുനും അതിനോട് വലിയ താല്പര്യമായിരുന്നു. വാസു ചോദിച്ചെങ്കിലും ലീല ആദ്യമത് നൽകിയതേയില്ല. കുടുംബത്തിൽ വാക്കുതർക്കങ്ങൾ ഉണ്ടായതിൽ പിന്നെയാണ് ലീല തന്റെ അച്ഛന്റെ മകളാണെന്ന സത്യം വാസു മനസ്സിലാക്കുന്നത്. വാക്കുതർക്കങ്ങൾ കൂടിയപ്പോൾ ലീലയും അച്ഛനും തിരികെപ്പോകാനൊരുങ്ങിയപ്പോൾ ലീല തന്റെ പ്രിയപ്പെട്ട റബ്ബർ മൂങ്ങയെ വാസുനു സമ്മാനിക്കുന്നു. അതിൽ അദ്ദേഹം അത്യധികം സന്തോഷിച്ചു. എങ്കിലും തന്റെ ഒരേ ഒരു പെങ്ങൾ വിട്ടുപോകുന്നതിൽ വാസുന് സങ്കടവുമുണ്ടായിരുന്നു. അവളുമായി പിരിഞ്ഞതിനു ശേഷം പന്ത്രണ്ട് വർഷങ്ങൾ കഴിഞ്ഞാണ് അദ്ദേഹം അവളെപ്പറ്റി ഓർക്കുന്നത്. തന്റെ പഴയ പെട്ടി (വസ്ത്രങ്ങളും മറ്റു സാധന സാമഗ്രികകളും ഇട്ടുവയ്ക്കാൻ ഉപയോഗിച്ചിരുന്നത്) തുറന്നു നോക്കിയപ്പോൾ വർഷങ്ങൾക്ക് മുൻപ് അവൾ അദ്ദേഹത്തിനു സമ്മാനിച്ചിരുന്ന റബ്ബർമൂങ്ങയെ കാണുകയും അവളെക്കുറിച്ചോർത്ത് നൊമ്പരപ്പെടുകയും, അവളുടെ ഓർമ്മകളിൽ മുഴുകുകയും ചെയ്യുന്നു.കാലം ഏറെ കടന്നു പോയിരിക്കുന്നു.മൂങ്ങയുടെ നിറം മങ്ങിയിരിക്കുന്നു.ലീലയും അദ്ദേഹത്തിന്റെ അരികിൽ നിന്നും അകന്നുപോയിരിക്കുന്നു.

അവളുടെ ഓർമ്മ പുതുക്കിയ ഈ കഥ അദ്ദേഹം അവൾക്കായി സമർപ്പിക്കുകയും ചെയ്യുന്നു.
കഥ എല്ലാവർക്കും ഇഷ്ടായോ?

ലീലയുടെ ഓർമ്മകളിൽ നിറയുന്ന വാസൂന് കൂട്ടായി ഇപ്പോൾ റബ്ബർമൂങ്ങ മാത്രമാണുള്ളതല്ലേ.വാസൂന്റെ കുട്ടിക്കാലത്തുണ്ടായ ഈ അനുഭവം നമ്മളെ എല്ലാവരെയും ഒരുപോലെ സ്വാധീനിച്ചുവല്ലേ.. എം.ടി യുടെ കൃതികളിൽ എല്ലാംതന്നെ ഇങ്ങനെ അനുഭവങ്ങളുടെ ഒരു പൂന്തോട്ടം തന്നെയുണ്ട്.അദ്ദേഹത്തിന്റെ കൃതികൾ ഏതൊക്കെയാണ് എന്നറിയാമോ കൂട്ടുകാർക്ക് ?

Edit with WPS Office

(അധ്യാപകവിദ്യാർത്ഥിനി എം.ടി യെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും ഒരു ലഘു വിവരണം നൽകുന്നു )

ബാക്ക്ഗ്രൗണ്ടിൽ ലൈറ്റ് മ്യൂസിക്

1933-ൽ കൂടല്ലൂരിൽ ജനിച്ച അദ്ദേഹത്തിന്റെ മുഴുവൻപേര് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻനായർ എന്നാണ്.വ്യത്യസ്തമാർന്ന ആശയാവിഷ്കാരത്തിലൂടെ മലയാളസാഹിത്യത്തിൽ തന്റെതായ ഒരിടം കണ്ടെത്തിയ എഴുത്തുകാരനാണ് അദ്ദേഹം.

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്,സംവിധായകൻ,പത്രാധിപർ എന്നീ നിലകളിൽ പ്രസിദ്ധനാണ് അദ്ദേഹം.

പാതിരാവും പകൽ വെളിച്ചവും, നാലുകെട്ട്, അസുരവിത്ത്,മഞ്ഞ്,രണ്ടാമൂഴം എന്നിവ പ്രധാന നോവലുകളാണ്.

വളർത്തുമൃഗങ്ങൾ,കുട്ട്യേടത്തി,വാനപ്രസ്ഥo,കർക്കിടകം,കാഴ്ച,ഇരുട്ടിന്റെആത്മാവ്, കുപ്പായം എന്നിവ ചെറുകഥകളാണ്.

(ബാക്ക്ഗ്രൗണ്ട് മ്യൂസിക് ഓഫ് )

എം.ടി.യുടെ 'നിന്റെ ഓർമ്മയ്ക്ക്' എന്ന ഓർമ്മക്കുറിപ്പ് കഥാരൂപത്തിൽ നമ്മൾ കേട്ടുവല്ലേ.അതുപോലെ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ മറക്കാനാവാത്ത ഒരനുഭവമാണ്, ഓർമ്മകളാണ് 'കുപ്പായം' എന്ന കഥയിലും ആവിഷ്കരിച്ചിരിക്കുന്നത്.

Edit with WPS Office

# ടോക്കിംങ്ങ് ടെക്സ്റ്റ് - 2
# ( കുപ്പായം എന്ന കഥ - അവതരണം )

അധ്യാപകവിദ്യാർത്ഥിനി :

പുത്തനുടുപ്പുകളിടാനും,അതുമിട്ട് യാത്ര ചെയ്യാനും,കൂട്ടുകാരുടെ മുന്നിൽ ചെത്തിനടക്കാനും ഒക്കെ നമുക്കെല്ലാവർക്കും വലിയ ഇഷ്ടാണല്ലേ. പുത്തനുടുപ്പിട്ട്,കരുമ്പറമ്പിലെ അമ്മിണി ഓപ്പുവിന്റെ (സഹോദരിയുടെ) കല്യാണത്തിനു പോയപ്പോഴുണ്ടായ ഹൃദയസ്പർശിയായ ഒരനുഭവമാണ് 'കുപ്പായം' എന്ന കഥയിലൂടെ എം.ടി നമ്മോട് പങ്കുവയ്ക്കുന്നത്.നമ്മുക്ക് കഥയൊന്നു കേട്ടാലോ..!

(അധ്യാപകവിദ്യാർത്ഥിനി കഥയിലെ പ്രസക്തഭാഗങ്ങളും, സംഭാഷണങ്ങളും അവതരിപ്പിക്കുന്നു )

കരുമ്പറമ്പിലെ അമ്മിണിയോപ്പുവിന്റെ കല്യാണം ക്ഷണിക്കാൻ അമ്മായിയുടെ (വാസൂന്റെ അച്ഛന്റെ അനിയൻ ഗോവിന്ദന്റെ ഭാര്യ) ആങ്ങള രാമൻകുട്ടിനായർ വാസുവിന്റെ വീട്ടിലെത്തുന്നതോടുകൂടിയാണ് കഥ ആരംഭിക്കുന്നത്.വാസൂന്റെ അച്ഛൻ സിലോണിലേക്ക് മടങ്ങിപോകുന്നതിനു മുൻപേ തന്നെ കല്യാണം നടത്തണമെന്നായിരുന്നു കുടുംബാംഗങ്ങളുടെയെല്ലാം തീരുമാനം. കുടുംബത്തിലൊരു കല്യാണം !അതും അമ്മിണി ഓപ്പുവിന്റെ ! കേട്ടപ്പോൾത്തന്നെ വാസൂന്റെ ചിന്ത താൻ ഏതു കുപ്പായമിട്ടു കല്യാണത്തിനു പോകും എന്നതിലായിരുന്നു.

നമ്മളും അങ്ങനെയാണല്ലേ. കല്യാണത്തിനൊക്കെ പോവുമ്പോ പുതിയ കുപ്പായോക്കെ ഇട്ട് അടിപൊളിയായി പോവുന്നതാണല്ലേ നമ്മുക്കും ഇഷ്ടം. ഇന്ന് നമ്മുക്ക് ധാരാളം കുപ്പായങ്ങളുണ്ടല്ലേ. പുതിയത് പെട്ടന്ന് വാങ്ങാൻ കാശും ഇണ്ടല്ലേ. ന്നാൽ വാസൂന്റെ അവസ്ഥ അങ്ങനെയായിരുന്നില്ല.വിലകുറഞ്ഞ തുണി കൊണ്ട് തുന്നിച്ച മൂന്ന് ഷർട്ടും

Edit with WPS Office

രണ്ടു ട്രൗസറും മാത്രമേ നാലാംക്ലാസിൽ പഠിക്കുന്ന വാസൂന് ഉണ്ടായിരുന്നുള്ളു. മഴക്കാലത്ത് ഒന്ന് ഉണങ്ങാതെ വന്നാൽ മാത്രം ഉപയോഗിക്കാനുള്ളതായിരുന്നു മൂന്നാമത്തേത്.

മാസത്തിലൊരിക്കൽ തുണിക്കെട്ട് തലയിലേറ്റിക്കൊണ്ടുവരുന്ന നെയ്ത്തന്റെ അടുത്ത്നിന്നാണ് വാസൂന്റെ അമ്മ അവനുള്ള കുപ്പായം തുന്നേണ്ട തുണികൾ വാങ്ങിയിരുന്നത്.

ഇന്ന് നമ്മളൊക്കെയും കടയിൽ പോയി നമ്മുക്ക് ഇഷ്ടമുള്ള തുണികൾ തിരഞ്ഞെടുക്കാലണല്ലേ. അച്ഛനും അമ്മയും നമുക്ക് ഇഷ്ടമുള്ളത് വാങ്ങിത്തരും അല്ലേ. എന്നാൽ വാസുവിന്റെ കുട്ടിക്കാലത്ത് ഇതൊന്നും പതിവില്ലായിരുന്നു. നെയ്ത്തന്റെ അടുത്ത് നിന്നും വാങ്ങിക്കുന്ന ഒന്നോ രണ്ടോ കുപ്പായങ്ങൾ മാത്രമായിരുന്നു വാസുനുള്ളത് . ക്ലാസിൽ ഷർട്ടിടാത്ത കുട്ടികളും വരാറുള്ളതിനാൽത്തന്നെ തനിക്ക് കുപ്പായങ്ങൾ കുറവാണെന്നോ, കുപ്പായങ്ങൾ കുറെ വേണം എന്ന തോന്നലോ വാസൂനുണ്ടായിരുന്നില്ല. ഒരിക്കലും മറ്റുള്ളവരുടെ വേഷങ്ങളുമായി താരതമ്യപ്പെടുത്താറുമുണ്ടായിരുന്നില്ല. എങ്കിലും അമ്മിണിയോപ്പുവിന്റെ കല്യാണത്തിന് പുതിയൊരു കുപ്പായം തന്നെ വേണമെന്ന ആഗ്രഹം വാസൂനുണ്ടായിരുന്നു. കൊച്ചുണ്ണിയേട്ടൻ മുഖേന അമ്മയോട് കാര്യം അവതരിപ്പിച്ചപ്പോൾ  സിലോണിൽ നിന്നും അച്ഛൻ കൊണ്ടുവന്ന പെട്ടിയിൽ എന്തെങ്കിലും ഉണ്ടോന്ന് നോക്ക്  എന്ന മറുപടിയായിരുന്നു വാസൂന് കിട്ടിയത്.
വാസു അച്ഛന്റെ വരവിനെക്കുറിച്ചോർത്തു.

അച്ഛന്റെ വരവിനുവേണ്ടി എല്ലാരും കാത്തിരിക്കാറുണ്ടായിരുന്നു. വീട്ടിലെത്തുമ്പോഴേക്കും അച്ഛന് കൊടുക്കാനായി കുന്നിൻചെരുവിലെ ഉറുണിയൻ മാവിന്റെ മാങ്ങ പൊട്ടിച്ചു പിഴിഞ്ഞ് സത്തുണ്ടാക്കുമായിരുന്നു കുട്ടേട്ടൻ .  സത്ത് എന്നാൽ മാമ്പഴച്ചാറാണ്.

അച്ഛൻ വരുമ്പോൾ ധാരാളം തുണികൾ കൊണ്ടുവരാറുണ്ടായിരുന്നു.എന്നാൽ വിതരണം കഴിഞ്ഞപ്പോൾ വാസൂന് ഒന്നും കിട്ടിയില്ല. കഷ്ടം അല്ലേ.
നീണ്ടവരയുള്ള രണ്ടു തുണികഷണങ്ങൾ മാത്രമായിരുന്നു അച്ഛന്റെ പെട്ടിയിൽ

Edit with WPS Office

ഉണ്ടായിരുന്നത്.അതു കണ്ടപ്പോ വാസു കൊച്ചുണ്ണിയേട്ടനോട് ചോദിച്ചു ;

(വാസുവിന്റെ ശബ്ദം.ചെറിയ കുട്ടിയുടെ ശബ്ദരൂപത്തിൽ തന്നെ അവതരിപ്പിക്കുന്നു)

വാസു : ഇത് ഷർട്ടിന് പറ്റ്ല്ല്യേ?

( ഗൗരവമുള്ള ഒരു യുവാവിന്റെ - (വാസുവിന്റെ കൊച്ചുണ്ണിയേട്ടന്റെ) ശബ്ദം പരിഹാസഭാവത്തിൽ കൊച്ചുണ്ണി വാസൂനോട് )

കൊച്ചുണ്ണിയേട്ടൻ :എടാ,ഇത് കിടക്കശീലയാണ്.തലയണയുടെ ഉറയുണ്ടാക്കാനൊക്കെ പറ്റും.

വാസൂന് സങ്കടം തോന്നി. അവൻ അമ്മയോട് തന്റെ വേവലാതി അറിയിച്ചു.

വാസു(ദയനീയതയോടെ):എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിനു വരുന്ന കുട്ട്യോളു കണ്ടാ പരിഹസിക്ക്ല്ല്യേ.

വാസൂന്റെ കുപ്പായങ്ങളെല്ലാം പരിശോധിച്ച പ്പോൾ എല്ലാം പഴയതും മുഷിഞ്ഞതും ആണെന്ന് അമ്മയ്ക്കും ബോധ്യമായി. ശേഷം വാസൂനോട് പറഞ്ഞു,

( ബാക്ഗ്രൗണ്ടിൽ മധ്യവയസ്കയായ ഒരു സ്ത്രീയുടെ ശബ്ദം )

അമ്മ ( ആഹ്വാനഭാവത്തിൽ ) : നീയ് കൊത്തലങ്ങാട്ടേല് പോ. വല്യമ്മോട് പറ. കുട്ടന്റെ കയ്യിൽ ഇഷ്ടം പോലെ ഷർട്ടും ട്രൗസറുംണ്ട്. ഇവടെ പാലത്തറേന്ന് അടിപ്പിക്കണതൊന്നല്ല.അവന്റെ ഏട്ടൻ ബാലൻ കോഴിക്കോട്ടന്ന് അസ്സല് തുണിയെടുത്ത് അടിപ്പിച്ച് കൊണ്ടരുന്നതാ. അന്യന്മാരല്ലല്ലോ. ഒരു ഷർട്ടും ട്രൗസറും തരാൻ പറ.

Edit with WPS Office

അമ്മ പറഞ്ഞതുകേട്ട് വാസു വലിയമ്മയുടെ വീട്ടിൽ പോയെങ്കിലും കുട്ടനോട് കുപ്പായങ്ങൾ ചോദിച്ചു വാങ്ങാൻ വാസൂന് തോന്നിയില്ല. വീട്ടിൽ തിരികെയെത്തിയപ്പോൾ അമ്മ ചോദിച്ചു,

അമ്മ : കുപ്പായൊന്നും എട്ത്തില്യേ?.
വാസു : എനിക്ക് പറ്റീതൊന്നുംല്യ അമ്മേ, അവന്റെ കയ്യില്.

( എന്ന് വാസു അമ്മയോട് നുണ പറഞ്ഞു )

എന്തുകൊണ്ടായിരിക്കും കൂട്ടുകാരെ വാസു അമ്മയോട് നുണ പറഞ്ഞേ.?
ആ വാസുവിന്റെ അഭിമാനബോധമാണല്ലേ കാരണം. മറ്റൊരാളുടെ കുപ്പായം ചോദിച്ചു വാങ്ങി ധരിക്കുന്നതിലുള്ള മടിയാണല്ലേ.

ഒരു കുപ്പായത്തിനു വേണ്ടി ആശിച്ചിട്ട് ഇനിയും വാസുന് ഒന്ന് കിട്ടിയില്ലാലേ. ഇനിയെങ്ങനെ വാസു അത് സംഘടിപ്പിക്കും. നമ്മുക്ക് നോക്കാം ലേ...

കിടക്കവിരിക്കേ പറ്റൂ ന്ന് കൊച്ചുണ്ണിയേട്ടൻ പറഞ്ഞ തുണികഷ്ണമെടുത്ത് അമ്മ വാസുന് കൊടുത്തു. ന്നിട്ട് പറഞ്ഞു,

അമ്മ :- നീയേ വെയിലാറീട്ട് അങ്ങാടീലേക്ക് പോ. ആ മൊഹമ്മദിന്റെ കടെട മുമ്പില് മെഷീനും വച്ച് അപ്പൂട്ടി ഇരുന്ന് തുന്നണില്യേ. അവനോട് നിന്റെ അളവ് എടുത്ത് രണ്ട്ഷർട്ട് തുന്നാൻ പറ. ഒന്ന് പെട്ടന്ന് വേണം. ഒന്ന് പിന്നെയായാലും മതി. ഇത് കെടക്കശീലക്കേ പറ്റൂന്ന് പറയാൻ കൊച്ചുണ്ണിക്കെങ്ങനെ തോന്നീത്? അളവെടുക്കാൻ ചെന്നപ്പോൾ അപ്പൂട്ടിക്കും തുണിയെപ്പറ്റി നല്ല അഭിപ്രായം.

( മധ്യവയസ്കനായ ഒരു പുരുഷന്റെ ശബ്ദം)

അപ്പൂട്ടി : അച്ഛൻ കൊണ്ടന്നതാ അല്ലേ? നല്ല തുണി.

(അധ്യാപകവിദ്യാർത്ഥിനി ശേഷം ഭാഗങ്ങൾ വിവരിക്കുന്നു. )

Edit with WPS Office

കല്യാണത്തിനു അവൻ തലേന്ന് തന്നെ പുറപ്പെട്ടു. കല്യാണത്തിന്റെയന്ന് കുളിച് പുതിയ ഷർട്ടിട്ടപ്പോൾ വാസൂന് അതിയായ സന്തോഷം തോന്നി.വിരുന്ന് വന്ന ആൺകുട്ടികളും പെൺകുട്ടികളും തന്നെത്തന്നെയാണ് ശ്രദ്ധിക്കുന്നതെന്നു തോന്നിയപ്പോൾ വാസൂന് അഭിമാനം തോന്നി.വരനും സംഘവുമെത്തിയപ്പോൾ, അവരെ സ്വീകരിക്കുമ്പോൾ പനിനീര് തളിക്കാനുള്ള ജോലി രാമൻകുട്ടിനായർ വാസൂനെ ഏല്പിച്ചു. ആ ഉത്തരവാദിത്വം വാസു സന്തോഷത്തോടെ നിറവേറ്റി. വൈകുന്നേരം കല്യാണം കഴിഞ്ഞു മടങ്ങുമ്പോൾ അമ്മ പറഞ്ഞു,

അമ്മ : എടാ, ആ ഷർട്ട് മാറ്റിയിട്, നലത്തത് മതിയല്ലോ മടക്കത്തിന്.

എന്നാൽ വാസു അത് കേട്ട ഭാവം നടിച്ചില്ല. അത്രമേൽ അവൻ ആ കുപ്പായം ഇഷ്ടപ്പെട്ടിരുന്നു.

വാസൂന്റെ കുട്ടിക്കാലത്തുണ്ടായ ഈ അനുഭവം നിങ്ങൾക്ക് ഇഷ്ടായോ കൂട്ടുകാരെ?
വാസൂന് പുത്തനുടുപ്പു കിട്ടിയപ്പോ നമുക്കും ഒരുപാട് സന്തോഷായി അല്ലേ.എത്ര ലളിതമായ ഭാഷയിലൂടെയാണ് കഥാകാരൻ തന്റെ ഓർമ്മകൾ ആവിഷ്കരിച്ചിരിക്കുന്നത്.അദ്ദേഹത്തിന്റെ നാട്ടിലെ ഭാഷാപ്രയോഗങ്ങൾ (വള്ളുവനാടൻഭാഷ) കഥയ്ക്ക് പ്രത്യേകമായൊരു സൗന്ദര്യം നൽകുന്നുണ്ടല്ലേ.എം.ടി പങ്കുവച്ച ഈ ഓർമ്മക്കുറിപ്പിൽ നിങ്ങൾക്ക് ഏറ്റവും കൂടുതൽ ഇഷ്ടമായ സന്ദർഭമേതാണ്.അതിന്റെ കാരണമെന്താണ് ? എല്ലാരും ഓർത്തുനോക്കി പറയണേ.. !

Edit with WPS Office

## ടോക്കിംങ്ങ് ടെക്സ്റ്റ് - 3
## (കുപ്പായം ആശയവിശദീകരണം, പ്രവർത്തനങ്ങൾ )

(അധ്യാപകവിദ്യാർത്ഥിനി ആശയം വിവരിക്കുന്നു )

കുപ്പായം ഈ കഥയിൽ പ്രധാനപ്പെട്ടൊരു കഥാപാത്രം തന്നെയാണല്ലേ.പുതിയ കുപ്പായം ഇട്ടപ്പോൾ, രാമൻകുട്ടിനായർ തന്നെ വലിയൊരു ഉത്തരവാദിത്വം ഏൽപ്പിച്ചപ്പോൾ വാസുന് അതുവരെ ഇല്ലാതിരുന്ന ഒരാത്മവിശ്വാസവും സന്തോഷവും ഒക്കെ തോന്നുന്നുണ്ടല്ലേ. അതുപോലെ തന്നെ മത്സരബുദ്ധിയോടും ആർഭാടത്തോടുകൂടിയും കാണേണ്ട ഒന്നല്ല കുപ്പായം പകരം, ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ളതായിരിക്കണം എന്ന ആശയം വാസൂന്റെ അനുഭവങ്ങൾ നമ്മോട് പങ്കുവയ്ക്കുന്നുണ്ട് അല്ലേ. പഴയകാലത്തെ ജീവിതരീതികളും സാമൂഹിക ചുറ്റുപാടുകളുമൊക്കെ ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് എന്ന കാര്യവും നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടല്ലേ. ഇന്നിപ്പോ നമ്മുക്ക് ഉപയോഗിക്കാൻ ധാരാളം കുപ്പായങ്ങളും എല്ലാ ജീവിതസൗകര്യങ്ങളും ഒക്കെയുണ്ട്.ഇന്ന് പുറത്ത് പോകുമ്പോൾ ഏത് കുപ്പായം ഇടണമെന്നതിലാണ് നമുക്ക് സംശയമുണ്ടാവൽ അല്ലേ.എന്നാൽ ഇത്രയധികം സൗകര്യങ്ങളോന്നും ഇല്ലാതിരുന്ന കാലത്ത് ഒരു കുപ്പായം കിട്ടുകയെന്നത് എത്ര വലിയ ഒരു കാര്യമായിരുന്നു, പ്രശ്നമായിരുന്നുവെന്ന് എം.ടി യുടെ ബാല്യകാല ഓർമ്മകളിലൂടെ നമ്മൾ തിരിച്ചറിഞ്ഞു. ഹൃദ്യമായ രീതിയിലുള്ള അവതരണം നമ്മെ ഒരുപാട് ആകർഷിക്കുകയും ചെയ്തുവല്ലേ.
ഇതുപോലെ നമ്മുക്കെല്ലാവർക്കും ഒരുപാട് അനുഭവങ്ങളും ഓർമ്മകളും ഒക്കെ ഇണ്ടല്ലേ. നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരനുഭവത്തിന്റെ ഓർമ്മകൾ കുറിച്ച് വയ്ക്കാൻ കൂട്ടുകാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ അല്ലേ.

സമാപനം - ശുഭം.

**തയ്യാറാക്കിയത്**
**അപർണ.യു , മലയാളവിഭാഗം**

Edit with WPS Office

Edit with WPS Office

**ബഷീർ എന്ന ബല്യ ഒന്ന് - വിഷ്ണു നാരായണൻ നമ്പൂതിരി.**

അധ്യാപിക : കുട്ടികളെ എല്ലാവർക്കും സുഖമല്ലേ   എന്താണ് എല്ലാവരുടെയും മുഖത്ത് ഒരു പുഞ്ചിരി. എല്ലാവരും നല്ല സന്തോഷത്തിൽ ആണെന്ന് ടീച്ചർക്ക് മനസിലായി.ഇതുപോലെ എപ്പോഴും സന്തോഷവാന്മാരായി ഇരിക്കുന്നതിന് നമ്മൾ എന്തൊക്കെയാണ് ചെയ്യേണ്ടത്..?

കുട്ടികൾ :

അധ്യാപിക : ആ അതെ പാട്ട് പാടും, തമാശകൾ പറയും, കൂട്ടുകാരുമൊത്തു കഥ പറയും.. അങ്ങനെ കുറെ കാര്യങ്ങൾ ഉണ്ടല്ലേ.. എങ്കിൽ അതുപോലെ തന്റെ വായനക്കാരെയൊക്കെ സന്തോഷമുള്ളവരാക്കി നിർത്താൻ കഴിവുള്ള, കുട്ടികൾക്ക് വളരെ ഇഷ്ട്ടമുള്ള ഒരു എഴുത്തുകാരൻ ഉണ്ട്. ആരാണെന്ന് പറയാമോ.. ഒരു സൂചന തരാം.

കുഞ്ഞുപാത്തുമ്മ, പാത്തുമ്മയുടെ ആട്.. ആ ഉത്തരം കിട്ടിയല്ലേ..

കുട്ടികൾ :

അധ്യാപിക  : അതെ ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ. ആ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്വഭാവ സവിശേഷതകൾ വർണിക്കുന്ന കവിതയാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

'ബഷീർ എന്ന ബല്യ ഒന്ന് '

ഈ കവിത എഴുതിയത് ആരാണെന്ന് നിങ്ങൾക്കറിയാമോ..?

ആ..മലയാളത്തിലെ പ്രമുഖ കവിയായിട്ടുള്ള വിഷ്ണു നാരായണൻ നമ്പൂതിരിയാണ്. ഭൂമിഗീതങ്ങൾ, ഇന്ത്യയെന്ന വികാരം, തുടങ്ങിയ കവിതകൾ അദേഹത്തിന്റെതാണ്.

ഒരു കവിയെക്കൂടി ഇതിൽ പറയുന്നുണ്ട് അതാണ് എൻ. എൻ കക്കാട്. അദ്ദേഹവും മലയാളത്തിലെ പ്രധാനപ്പെട്ട കവിയാണ്.

കവിതയുടെ ശീർഷകം എന്താണ്

കുട്ടികൾ :

അധ്യാപിക : അതെ ബഷീർ എന്ന ബല്യ ഒന്ന്.. അല്ലേ..ബഷീറിന്റെ സ്വഭാവസവിശേഷതകളാണ് അതിൽ പറയുന്നത്.. എന്തൊക്കെയാണ് അദ്ദേഹത്തിന്റെ പ്രത്യേകതകൾ.. നമുക്ക് നോക്കാം.

നമുക്ക് കവിത പഠിച്ചാലോ..

ആദ്യത്തെ നാല് വരി ശ്രദ്ധിച്ചേ എല്ലാവരും..

" അവശൻ കക്കാടിന്റെ

Edit with WPS Office

ദീനശയ്യയിലന്നാൾ

അവിടന്നിരിക്കെ ഞാൻ

അർഥിച്ചേൻ : പേരക്കുട്ടി "

അവശൻ.. അവശൻ എന്നാൽ വയ്യാതെ കിടക്കുക എന്നാണല്ലേ അർത്ഥം.. അതെ അങ്ങനെ രോഗശയ്യയിൽ കിടക്കാണ്..ആര്.. എൻ. എൻ. കക്കാട്. അദ്ദേഹത്തെ കാണാൻ ബഷീറും വിഷ്ണു നാരായണൻ നമ്പൂതിരിയും പോകുന്നു.

"ഇവൾ :ഈശ്വരസത്യ-

ജ്ഞാനി സൂഫിയാം താങ്കൾ

ഇവളെ നിറുകയിൽ

തൊട്ടനുഗ്രഹിച്ചാലും "

എന്താണ് പറയുന്നത്.. വിഷ്ണു നാരായണൻ നമ്പൂതിരി തന്റെ പേരക്കുട്ടിയെയും കൂടെ കൂട്ടിയിരുന്നു പോവുമ്പോൾ. അവിടുന്ന് ബഷീറിനോട് പറയുകയാണ് : തന്റെ പേരക്കുട്ടിയെ നിറുകയിൽ ( തലയിൽ ) കൈവച്ച് അനുഗ്രഹിക്കണമെന്ന്.

വീട്ടിൽ പ്രായമായവർ ഉണ്ടെങ്കിൽ അവരും നമ്മളെ തലയിൽ കൈവച്ച് അനുഗ്രഹിക്കില്ലേ നന്നായി വരട്ടെ എന്ന്..

കുട്ടികൾ :

അധ്യാപിക : ആ..അതുപോലെ അനുഗ്രഹിക്കാൻ ആണ് കവി ബഷീറിനോട് ആവശ്യപ്പെടുന്നത്.

ഇനി അടുത്ത വരികൾ ശ്രദ്ധിച്ചേ..

"കുഴിയാനയി, ലാടിൽ,

അണ്ഡകോടിയിൽ സ്നേഹ -

പ്പൊരുൾ തേടിന കൈയാൽ

താങ്കളെൻ കിടാവിനെ "

കുഴിയാനയിൽ.. എന്താണ് കുഴിയാന.. മണ്ണിൽ ചെറിയ കുഴികളിലാണ് ഈ ചെറിയ ജീവി ഉണ്ടാവുക.

അങ്ങനെ ഉള്ള കുഴിയാനയിൽ, ആടിൽ.. ആട് എങ്ങനെയാണ് കരയുക.. ബേ.. ബേ അല്ലേ.. ആ ആടിലും പിന്നെയോ സർവചരാചരങ്ങളിലും അല്ലെങ്കിൽ ലോകത്തിലെ എല്ലാ ജീവജാലങ്ങളിലും സ്നേഹം തേടിയ കൈകളാണ് അങ്ങയുടേതെന്ന് ആര് പറയുന്നു.. അതെ കവി പറയുന്നു.. ആരെക്കുറിച്ച് പറയുന്നു..?

കുട്ടികൾ :

അധ്യാപിക : ബഷീറിനെക്കുറിച്ച് അല്ലേ.. അതെ. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്..

Edit with WPS Office

ലോകത്തിലുള്ള എല്ലാത്തിനും ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്നു പറഞ്ഞ ആളാണ് ബഷീർ. അതുകൊണ്ടാണ് കവി ഇങ്ങനെ പറഞ്ഞത് മനസിലായോ.. അതുകൊണ്ട് അങ്ങ് തന്നെ എന്റെ പേരക്കുട്ടിയെ അനുഗ്രഹിക്കണമെന്ന് കവി അഭ്യർത്ഥിക്കുന്നു.

" എടുത്തു മടിയിൽ ചേർ

ത്തിരുത്തി വികൃതിക -

ലുരച്ചും കളിചിരി -

യുതിർത്തും രണ്ടാംബാല്യം "

ഇതുകേട്ട് ബഷീർ എന്താണ് ചെയ്തത് കുട്ടിയെ മടിയിലിരുത്തി കളി തമാശകൾ പറഞ്ഞു. നമ്മുടെ രക്ഷിതാക്കളും നമ്മളെ ചെറുപ്രായത്തിൽ മടിയിലിരുത്തിയിട്ടില്ലേ..

കുട്ടികൾ :

അധ്യാപിക: ആ അതുപോലെ ബഷീറും കുട്ടിയെ മടിയിലിരുത്തി കളിപ്പിച്ചു. ആ സമയം ബഷീർ തന്റെ രണ്ടാം ബാല്യം അനുഭവിക്കുകയായിരുന്നു എന്ന് കവി പറയുന്നു. കുട്ടികളോട് സംസാരിക്കുമ്പോഴും കളിക്കുമ്പോഴും നമ്മൾ അവരിലൊരാളായി മാറുന്ന പോലെ തോന്നും.

ഇമ്പമായി നുണച്ചിരി -

ക്കുമ്പോൾ ഞാൻ ചൊന്നേൻ : "പൈതൽ

മുണ്ടിൻമേൽ അഴുക്കാക്കാം,

കരുതിയിരിക്കുക."

ഉറക്കെച്ചിരിച്ചുകൊ -

ണ്ടങ്ങതൻ മറുപടി :

" മിടുക്കത്തിയെൻ മെയ്യിൽ

തളിച്ചോളട്ടെ തീർത്ഥം!"

കുട്ടി മുണ്ടിൽ അഴുക്കാക്കും അതുകൊണ്ട് കരുതിയിരിക്കണം എന്ന് കവി മുന്നറിയിപ്പ് കൊടുക്കുകയാണ്. ചെറിയ കുട്ടികളെ നമ്മൾ എടുക്കാനും മടിയിലിരുത്താനും മറ്റും ശ്രമിക്കുമ്പോൾ രക്ഷിതാക്കൾ പറയുമല്ലേ ശ്രദ്ധിക്കണം എന്ന്. അതുപോലെ ബഷീറിനോട് കവിയും പറയുന്നു. അതിനു മറുപടിയായിട്ട് ബഷീർ എന്താണ് പറയുന്നത്,ആ മിടുക്കത്തി, കുട്ടിയെ കുറിച്ച് പറയുന്നു അല്ലേ.. അവൾ എന്റെ മേൽ തീർത്ഥം തളിച്ചോട്ടെയെന്ന്. ബഷീർ ചിരിച്ചു കൊണ്ട് കുട്ടി അഴുക്കാക്കട്ടെ എന്നും പറയുന്നു.

"ഒന്നോടൊന്നു ചേരുമ്പോൾ

Edit with WPS Office

രണ്ടാകുമെന്നേ ഞായം,

ഹിന്ദുവും മുസൽമാനും

ആചരിപ്പതീ ദ്വൈതം.

ഉണ്മയുണ്മയിൽ ചേർന്നാൽ

ഇമ്മിണി വലുതായി -

ട്ടൊന്നുളവാകും ;താങ്ക-

ളോരുമീയദ്വൈതത്താൽ

പുഴയും പുഴയും ചേർ -

ന്നാനന്ദക്കടലാകും

കലയങ്ങതൻ കണ്ണിൽ

നർമ്മമായ് തിളങ്ങുന്നു."

ഇനി എന്താണ് പറയുന്നത്.. ബഷീറിന്റെ ദർശനങ്ങളാണ്.. അതായത് ബഷീറിന്റെ ചിന്തകൾ.. എന്തൊക്കെയാണ്..

ഒന്നോട് ഒന്ന് ചേരുമ്പോൾ രണ്ടാകും.. ഹിന്ദുവും മുസൽമാനും ആചരിക്കുന്നത് ഈ ദ്വൈതമാണ്. ദ്വൈതമെന്നാൽ രണ്ടെന്നവസ്ഥ. ഒന്നും ഒന്നും ചേർന്നാൽ രണ്ട് എന്നാണല്ലേ കണക്കു ക്ലാസിൽ നമ്മൾ പഠിച്ചത്.. അതെ അതുപോലെയാണ് മതങ്ങൾ തമ്മിലും. മനുഷ്യൻ മതത്തിന്റെ പേരിൽ രണ്ടായിരിക്കുന്നുവെന്ന് പറയാം.

എന്നാൽ, ബഷീർ പറഞ്ഞതെന്താണ് ഒന്നും ഒന്നും ചേരുമ്പോൾ ഇമ്മിണി ബല്യ ഒന്ന് എന്നാണ്. അതായത് ഒരു സത്യവും മറ്റൊരു സത്യവും ചേരുമ്പോൾ വലിയൊരു സത്യമുണ്ടാകുന്നുവെന്നാണ്. പുഴയും പുഴയും ചേർന്ന് ആനന്ദക്കടലാകുന്നതു പോലെ.

ലോകത്ത് എല്ലാവരും ഒന്നാണ്, ഈ സത്യത്തിന്റെ ഭാഗമാണ് നാം എന്നാണ് ചുരുക്കം.

കുട്ടികളെ, ഇതുപോലെ  വലിയ ജീവിതദർശനവും നർമ്മവും ചേർന്നതാണ് ബഷീറിന്റെ കല. അവിടെ എല്ലാവരെയും അദ്ദേഹം ഒരു പോലെ കാണുന്നു.

നിങ്ങൾക്ക് ഈ കവിത ഇഷ്ടമായോ..? മനസ്സിലായോ.. ആ മിടുക്കർ.

ഇനി പാഠപുസ്തകത്തിലെ ചോദ്യങ്ങൾ നോക്കിയാലോ..

1. 'കുഴിയാനയി, ലാടിൽ

അണ്ഡകോടിയിൽ സ്നേഹ

പ്പൊരുൾ തേടിന കൈയാൽ..' ജീവിതത്തെക്കുറിച്ച് ബഷീർ പുലർത്തിയ എന്തൊക്കെ കാഴ്ചപ്പാടുകൾ ഈ വരികളിൽ കാണാം ?

Edit with WPS Office

നമ്മൾ പറഞ്ഞു അല്ലേ .. ലോകത്തിലെ സകല ചരാചരങ്ങളെയും തുല്യരായി കാണാനുള്ള കഴിവ്.ആരെയും മാറ്റി നിർത്തുന്നില്ല. മതങ്ങൾ തമ്മിൽ ഒരു വ്യത്യാസവും ഇല്ല ഇതൊക്കെ നമ്മുടെ ഉത്തരത്തിൽ ഉണ്ടായിരിക്കണം.

2. "ഉണ്മയുണ്മയിൽ ചേർന്നാൽ.

ഇമ്മിണി വലുതായി -

ട്ടൊന്നുളവാകും

താങ്കളോരുമീയദ്വൈതത്താൽ "( ബഷീർ എന്ന ബല്യ ഒന്ന് )

"പരസുഖമേ സുഖമെനിക്കു നിയതം

പരദു:ഖം ദു:ഖം

പരമാർത്ഥത്തിൽ പരനും ഞാനും

ഭവാനുമൊന്നല്ലീ " (പ്രേമസംഗീതം ഉള്ളൂർ )

വരികൾ താരതമ്യം ചെയ്യുക.

'ബഷീർ എന്ന ബല്യ ഒന്ന് ' എന്ന കവിത പറയുന്നതെന്താണെന്ന് നാം കണ്ടു. ഉള്ളൂർ എസ്. പരമേശ്വരയ്യർ പ്രേമസംഗീതം എന്ന കവിതയിലെന്താണ് പറയുന്നത് :അപരന്റെ സുഖം ,മറ്റൊരാളുടെ സുഖം തനിക്ക് സുഖമാണെന്നും മറ്റൊരാളുടെ ദുഃഖം എനിക്ക് ദു:ഖമാണെന്നും പറയുന്നു. അങ്ങനെയാവുമ്പോൾ ഞാനും നീയും എങ്ങനെയാണ് വ്യത്യാസം ഉണ്ടാകുക. നമ്മളെല്ലാം ഒന്നാണെന്ന സൂചനയും കവി നൽകുന്നു.രണ്ട് കവിതയും ഒരേ ആശയം തന്നെയല്ലേ പറയുന്നത്.. അതെ ലോകത്ത് എല്ലാവരും ഒരു സത്യത്തിന്റെ ഭാഗമാണ്.

3.ബഷീർ എന്ന ബല്യ ഒന്ന് എന്ന ശീർഷകം കവിതയ്ക്ക് എത്ര മാത്രം യോജിക്കുന്നു ?

സത്യവും സത്യവും ചേർന്ന വലിയ സത്യത്തിന്റെ ഭാഗമാണ് നാമെല്ലാവരും എന്ന് പറഞ്ഞ വ്യക്തിയാണല്ലോ ബഷീർ ,അങ്ങനെയുള്ള ബഷീർ ഒരു വലിയ മനസ്സിന്റെ ഉടമയാണെന്ന് നമുക്ക് പറയാമല്ലേ.. അപ്പോൾ ഈ ശീർഷകം കവിതയ്ക്ക് ഏറെ യോജിച്ചതാണെന്ന് നമുക്ക് പറയാം. കവിതയിലെ വരികളെയെല്ലാം കൂട്ടിച്ചേർത്ത് വേണം ഉത്തരം എഴുതാൻ .

4. അർത്ഥിച്ചേൻ > ഞാൻ അർത്ഥിച്ചു.

വന്ദിച്ചേൻ > ഞാൻ വന്ദിച്ചു.

കണ്ടാൾ > ഞാൻ കണ്ടു.

വന്നാർ > ഞാൻ വന്നു.

ഇന്ന് നമ്മൾ ബഷീർ എന്ന ബല്യ ഒന്ന് എന്ന വിഷ്ണു നാരായണൻ നമ്പൂതിരിയുടെ ( വൈഷ്ണവം ) കവിതയാണ് പഠിച്ചത്.

മലയാളത്തിലെ പ്രധാനപ്പെട്ട രണ്ട് കവികളെയും നാം പരിചയപ്പെട്ടു.

Edit with WPS Office

ഇത്രയും കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലായെന്ന് കരുതുന്നു. അപ്പോൾ ഇന്നത്തെ ക്ലാസ് ടീച്ചർ ഇവിടെ നിർത്തുന്നു.പാഠപ്രവർത്തനങ്ങളൊക്കെ നന്നായി ചെയ്യുക ,നന്നായി പഠിക്കുക.

***സൂര്യ ബാബു***

***മലയാള വിഭാഗം***

നനഞ്ഞയാത്ത മഴ - പ്രിയ എ എസ്

മലയാളം 8 ക്ലാസിലെ അടിസ്ഥാന പാഠാവലിയിലെ യൂണിറ്റ് 3, പേജ് നമ്പർ 54 ലെ  പ്രിയ എ എസിന്റെ ഒരു കഥയെ ക്കുറിച്ച് ആണ് പറയുന്നത്, കഥ എന്ന് ഒറ്റ വാക്കിൽ പറയാൻ കഴിയില്ല അതൊരു ഓർമ്മക്കുറിപ്പ് ആണ് അതിന്റെ പേര് 'നനയാത്ത മഴ '.

Tr voice :കുട്ടികളെ നമുക്ക് ഇനി ഒരു  കഥയിലേക്ക പോകാം...

Tr voice :എല്ലാവർക്കും പ്രിയ എ എസിനെ അറിയുമോ?
(കുട്ടികൾ പ്രതികരിക്കുന്നു.)

മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ ഒരാളാണ് പ്രിയ.എ.എസ്

അധ്യാപകരായിരുന്ന ആനന്ദവല്ലിയുടേയും കെ.ആർ സദാശിവൻ നായരുടേയും മകളായി 1967 മേയ് 28 ന് ജനിച്ചു. മികച്ച കഥക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം അടക്കം നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്....

Tr voice :പ്രിയ എ സ് ന്റെ പുസ്തകങ്ങൾ പരിചയപെടാം.

വിവർത്തനം

ജന്മാന്തര വാഗ്ദാനങ്ങൾ  - ജയശ്രീ മിശ്രയുടെ ആൻഷ്യന്റ് പ്രോമിസസ് എന്ന നോവലിന്റെ മലയാള പരിഭാഷ

കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ - അരുന്ധതി റോയിയുടെ ദ ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ് എന്ന നോവലിന്റെ മലയാള പരിഭാഷ

അനുഭവക്കുറിപ്പുകൾ

ഒഴുക്കിൽ ഒരില

കഥബാക്കി

മായാക്കാഴ്ചകൾ

ചെറുകഥാ സമാഹാരങ്ങൾ

ഓരോരോ തിരിവുകൾ

പ്രിയ എ.എസിന്റെ കഥകൾ

മഞ്ഞമരങ്ങൾ ചുറ്റിലും

ജാഗരൂക

വയലറ്റ് പൂച്ചകൾക്ക് ശൂ വെക്കാൻ തോന്നുമ്പോൾ

Tr voice :  ഇനി നമുക്ക് കഥയിലേക്ക് കടക്കാം.

നനയാത്ത മഴ

(ആമുഖം )

Tr voice :ആ പേരിൽ തന്നെ ഒരു ചെറു കൗതുകം ഒളിഞ്ഞിരിക്കുന്നുണ്ടല്ലോ, അല്ലെ.
(കുട്ടികൾ പ്രതികരിക്കു ന്നു.)

എന്താണ് യഥാർത്ഥത്തിൽ നനയാത്ത ആ മഴ?

അതെ അത് കഥാകാരിയുടെ ഓർമ്മക്കുറിപ്പാണ്, തനിക്കു നഷ്ടപ്പെട്ടുപോയ തന്റെ ബാല്യത്തിന്റെ കണ്ണീരുപ്പ് പുരണ്ട കഥ.
ചെറുപ്പത്തിൽ അസുഖങ്ങൾ പലവിധത്തിൽ ഉള്ളത് കൊണ്ട് നമ്മുടെ കവിയത്രിക്ക് മഴ അനുഭവങ്ങൾ വിരളമായിരുന്നു.
അച്ഛനും,അമ്മയും പ്രിയയെ പുറത്ത് പോകാനെ വിടില്ല.

Tr voice : ഇത്തരത്തിൽ മഴ അനുഭവം നിങ്ങൾക്കും ഉണ്ടാകില്ലേ, ഉണ്ടാകും തീർച്ച, ഈ കഥ വായിച്ചു കഴിഞ്ഞാൽ തീർച്ചയായും നിങ്ങൾക്ക് ഒരു മഴ നനഞ്ഞ പ്രതീതി ഉണ്ടാകും.

( പാഠഭാഗം )

ഞാൻ മഴയുമായി അടുത്ത് ഇടപഴകി വളർന്ന ഒരാൾ അല്ല. എന്നാണ് പ്രിയ പറയുന്നത്. കാരണം എന്താ?

ആ അസുഖക്കൂടുതൽ തന്നെ. എന്നാലും മഴ എന്റെ ബന്ധുവാണ്.മഴ ബന്ധു.

ഇവിടെ കഥാകാരി പറയുന്നത് ഇതാണ് മറ്റുള്ള ബന്ധുക്കൾ വന്നാൽ തനിക്ക് മടുപ്പ് ആണ്. . എന്നാൽ മഴ ബന്ധു വിരുന്നു വരുമ്പോൾ സന്തോഷം ആണ്.
ഒടുക്കം തിരിച്ചു പോകുമ്പോഴോ

"വേണ്ട,പോകണ്ട ഇത്തിരി നേരം കൂടി കഴിഞ്ഞു പോയാൽ മതി എന്നൊരു സ്നേഹ ശാഠ്യം ഉള്ളിൽ നിറച്ചു ഞാൻ മഴയുടേതായി മാറുന്നു.
ഇവിടെ കഥാകാരി പറഞ്ഞുവയ്ക്കുന്നത് ഇത്രമാത്രം
എന്താണെന്നല്ലേ, സ്നേഹ ശാഠ്യം കൂടുതൽ അടുപ്പമുള്ളവരോട് അല്ലേ ഉണ്ടാക്കുക. അത്രമേൽ കവിയത്രി മഴയെ ഇഷ്ടപ്പെടുന്നു.

മഴയുടെ വരവ് സുന്ദരമാ യിട്ടാണ് കഥാകാരി വർണ്ണി ച്ചിരിക്കുന്നത്, എങ്ങനെയെന്നല്ലേ..
ഓടിട്ട വീട്ടിൽ ഇരുന്ന് മഴയെ കാണണം മഴയുടെ ചറുപിറന്നനെയുള്ള വരവ്,
ഇത്തരത്തിൽ നിങ്ങളെല്ലാവരും മഴയുടെ വരവിന്റെ ശബ്ദം ആസ്വദിക്കാറുണ്ടോ,..

പിന്നെ കഥാകാരിപറയുന്നു ഓടിട്ട വീട്ടിലിരുന്നു കാണണം മഴ.
ഓടി മേൽ വീണു തട്ടിത്തെറിച്ചു ഉള്ള സംഗീതവിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്. ഓടിറമ്പിലൂടെയുള്ള മഴയൊഴുക്കിന്റെ നേരത്ത് മഴയുടെ വെള്ളിനൂലുകൾ വീടിനു ചുറ്റും തോരണം തൂക്കുന്നത് പോലെ തോന്നും. വീട് ഒരു കല്യാണവീടായി ചമഞ്ഞു ഒരുങ്ങുന്ന അനുഭവം.

എന്താണ് ഇവിടെ കഥാകാരി പറഞ്ഞിരിക്കുന്നത് , ആ മഴയുടെ വെള്ളിനൂലുകൾ വീടിനു ചുറ്റും തോരണം തൂക്കുന്നത് പോലെ തോന്നും, എന്നാണ്. എത്ര മനോഹരം ആയിട്ടാ ഇവിടെ കവിയത്രി മഴയെ വർണിച്ചിരിക്കുന്നത് അല്ലെ.

ഓടിൻ മുകളിൽ വീഴുന്ന മഴയുടെ ശബ്ദം സംഗീതവിരുന്ന് ഒരുക്കും പോലെ. എന്താ പറയുന്നേ സംഗീതവിരുന്ന്, അതെ മഴയുടെ ശബ്ദം സംഗീതം പോലെ സുന്ദരം ആണ് അല്ലെ.നല്ല കോരിചൊരിയുന്ന മഴ,സംഗീതം പോലെ നമ്മുടെ മനസ്സിന്റെ മാലിന്യം എല്ലാം കളഞ്ഞു സന്തോഷം നൽകുന്നു.അല്ലെ, അത് ഈ വാക്കുകളിൽ നിന്ന് വ്യക്തമാണ്.
നമുക്ക് അത് എന്താണെന്ന നോക്കാം.

മഴ മരക്കൊമ്പുകളിൽ നിന്ന് നേരെ എന്റെ മനസ്സിലേക്ക് ആണ് വീഴാറ്. ചുമ്മാ വേവലാതികളെയും കാര്യകാരണസഹിതമുള്ള വേവലുകളെയും കൊണ്ട് സാദാ അശാന്തമാകാറുള്ള എന്റെ മനസ്സ് മഴ വീണ കഴിയുമ്പോൾ പുറമേയുള്ള എന്നേപ്പോലെ അകമെയും ഒരാഘോഷമായി മാറും.

പിന്നെയോ

മഴയത്ത് ഉതിരുന്ന പവിഴമല്ലി പൂക്കൾ മുറ്റത്ത് അല്ല, ഉയിരിലേക്കാണു വീഴുന്നത് എന്നാണ് എനിക്കു തോന്നാറ്... ഞാൻ സ്വയം ഒരു പൂക്കളം ആകുന്ന അനുഭവം.

ഇവിടെ ഒക്കെ എന്താ പറയുന്നേ, ആ ബാല്യ കാലത്തെ അനുഭവം ആ അല്ലെ.
എത്ര വ്യത്യസ്തമായ മഴ അനുഭവം അല്ലെ.
നിങ്ങൾക്കും ഇത്തരത്തിൽ അനുഭവങ്ങൾ പങ്കുവെക്കാൻ ഉണ്ടാകില്ലെ?

പിന്നെ ഓണത്തിന് പൂവ് ഇടുമ്പോൾ വരുന്ന മഴയെ കുറിച്ച് പറയുന്നു കവിയത്രി. എന്താ അത്," നല്ല മഴ വരുമ്പോൾ ഓടിമാറി. പിന്നെ മഴ കുറയുമ്പോൾ ഓടിയടുത്ത് ഞങ്ങൾ നേരമേറെയെടുത്ത് പണിയാറുണ്ടായിരുന്ന ആ പൂക്കളം. "

സ്കൂളിൽ പോകുമ്പോൾ മഴ ആർത്തലച്ചു ഉണ്ടാകാറുണ്ട് എന്നുപറയുന്നു. ഉച്ചക്ക് ചോറ് തിന്നാൻ വീട്ടിൽ വരുന്ന കവിയത്രിക്ക് ദിവസവും നാലു മഴ സ്വന്തമായി....
പിന്നെ എന്താ പറയുന്നേ,വസ്ത്രം പൊതിഞ്ഞ ദേഹത്തെ മാത്രം മഴയിക്കുവിട്ടു കൊടുത്തു. കുട ചായ്ച്ചു പിടിച്ചു വസ്ത്രങ്ങളിലേക്ക് കഴിയുന്നത്ര ഏറ്റു വാങ്ങി, അങ്ങനെ ഞാൻ പാതി മഴയുടെയും പാതി അസുഖങ്ങളുടെതും ആയി. ഒരു ചെറിയ ദുഃഖം ഉണ്ടെങ്കിലും, മഴ നന്നായി ആസ്വദിക്കുന്നുണ്ട് കവിയത്രി.

അമ്മയുടെ സഹപ്രവർത്തകർ ആയ അധ്യാപകരെല്ലാം, അസുഖക്കരിയായ എനിക്ക് ചുറ്റും വേലി കെട്ടിയിരുന്നു. ഇവിടെ എന്താ

വേലിക്കെട്ട് കൊണ്ട് അർത്ഥം ആക്കുന്നത്, കുട്ടിക്കാലത്തെ ഒരു സ്വാതന്ത്ര്യവും കുസൃതിയും പുറത്ത് എടുക്കാൻ കവിയത്രിക്ക് അവസരം ഇല്ലായിരുന്നു എന്നാണ്.ആ കാലത്തു വരുന്ന മഴയെ എങ്ങനെയാ കവിയത്രി പറയുന്നെ

ഒരു കൊച്ചല്ലേ പാവം, ഇത്തിരി കുസൃതി അതും കാണിച്ചു കൊള്ളട്ടെ എന്ന സ്നേഹവായിപായി ഞാൻ ആ മഴകളെ ഇന്നു തർജമ ചെയ്യുന്നു.

ദുഃഖങ്ങൾ  മറക്കാൻ മഴ ഒരു കാരണം ആയി എന്നുപറയണം.അത്രമേൽ കവിയത്രി മഴയെ ഇഷ്ടപ്പെടുന്നു. അത്ര ഇഷ്ടപ്പെട്ടത് കൊണ്ട് ഇടക്ക് പിണങ്ങിയിട്ടുമുണ്ട്.
എന്തിനാണെന്നോ,
നാട്ടിൻ പുറസിനിമാക്കൊട്ടകയിൽ ഏതു നിമിഷവും മാറിപ്പോയേക്കാമെന്ന മട്ടിൽ 'നവംബറിന്റെ നഷ്ടം' വന്നു. മഴ ആയത് കൊണ്ട് അതുകാണാൻ പറ്റില്ല.മണിക്കൂർ നേരം, കാനത്ത പുകപോലെ റോഡിലൂടെ ഓടിപ്പാഞ്ഞ് കുലം കുത്തിയൊഴുകുന്ന മഴ.

കുലം എന്നുപറയുന്നത് ശക്തി ആയ മഴ എന്നാണ്.

പിന്നെ പറയുന്ന ചരൽ പോലെ
കൂർത്തുനിൽക്കുന്ന ഒരു മഴയെക്കുറിച്ച് പ്രിയ എ എസ് പറയുന്നുണ്ട്.

പ്രീഡിഗ്രി റിസൾട്ട് വന്ന സമയം. ആശുപത്രിയിൽ ആണ് ഞാൻ. മലയാള വേണോ ഇംഗ്ലീഷ് വേണോ, ഏതു കോളേജ് വേണം എന്നൊക്കെ സ്വയം ചോദിച്ചു, സ്വയം തീരുമാനിച്ചു അമ്മ പരപ്പൻ അപേക്ഷകൾ പൂരിപ്പിച്ചയച്ചു.

എനിക്ക് ഒന്നിനും താല്പര്യം ഒന്നിലും താല്പര്യശേഷിച്ചിരുന്നില്ല. വേദനയുടെ പൂക്കാലം കഴിഞ്ഞു തിരികെ വീട്ടിൽ എത്തുമ്പോൾ എനിക്ക് നടക്കാൻ വയ്യ. എന്റെ ഈർക്കിലി ക്കാല് മുഴുവൻ നീര്, മത്തു പോലെ നീര്. വെയിൻ കിട്ടാതെ വന്ന് കട്ട്ഡൗൺ ചെയ്തത് നീരുവച്ചു വീങ്ങിയതാണ്. മുടന്തിക്കുട്ടിയോ എന്ന് അയൽമുറിക്കാരുടെ സംശയം.

ഈ വേദനയുടെ ഇടയിൽ വന്ന മഴ ആയത് കൊണ്ട് തന്നെ പ്രിയക്ക് ആ മഴ ചരൽ പോലെ കൂർത്ത് നിൽക്കുന്നത് ആയിരുന്നു. ചരൽപോലെ കൂർത്തെ ആണ് എന്നുപറയുന്നു. കൂർത്ത് നിൽക്കുന്ന ചരലിൽ ചവിട്ടിയാൽ വേദന ഉണ്ടാകും അല്ലെ. കഥാകാരിയുടെ വേദനയുടെ സമയത്ത് വന്ന മഴ ആണ്. അത്രമേൽ വേദനഅനുഭവിക്കുന്നത് കൊണ്ടാവാം. അങ്ങനെ ഒരു ഉപമ മഴക്ക് നൽകിയത്.

പിന്നെ ബി എ ഇന്റർവ്യൂവിന് മഹാരാജാസിൽ നിന്ന് കാർഡ് വന്നപ്പോൾ കാൽ ഒന്ന് നിവർക്കാൻ പോലും ആകാതെ, നിൽക്കുന്ന ആ സമയം ഒരു മഴ വന്നു, ആ മഴയെ കഥാകാരി പറയുന്നത് ഇപ്രകാരം ആണ്.

'ഊക്കൻ മഴ, നനഞ്ഞു മുടിയഴിച്ചു ആടുന്നു യക്ഷിമഴ. "

ഇത്തരത്തിൽ കഥാകാരിയുടെ ജീവിതത്തിലെ ഓരോ കാലഘട്ടത്തിലും, അല്ലെങ്കിൽ ഓരോ സങ്കടത്തിലും ഉണ്ടാകുന്ന മഴക്ക് ഓരോ ഭാവങ്ങൾ ആണ്.

നമളും ഇത്തരത്തിൽ ഓരോ സമയത്തും നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന മഴയെ  ഉപമിച്ച കാണും അല്ലെ.ഉണ്ടാകും തീർച്ച.

ഇവിടെ കഥാകാരി പറയുണ്ട് അച്ഛൻ മഴയുടെ വലിയ ആളാണ്., ഒരു മഴ ഉള്ള ദിവസം വയ്യാതെ കിടന്ന എന്റെ മുറിയിലേ ക്ക് തലനീട്ടി അച്ഛൻ പറഞ്ഞു.
"എന്തൊരു മഴ! കിഴക്കേപ്പുറത്ത് ചെന്ന് നിന്ന് കാണണം. എന്തൊരു ഭംഗി നമ്മുടെ പൂക്കാ ത്ത മരത്തിന്!".

വേണമെന്നോ വേണ്ടെന്നോ ഞാൻ പറഞ്ഞില്ല. ഒരു തരി ഭാവാമാറ്റ മില്ലാതെ അങ്ങനെ കിടന്നു. അച്ഛൻ എന്നെ അൽപ്പനേരം നോക്കി നിന്നിട്ട് ഉത്തരം കിട്ടാതായപ്പോൾ തിരിച്ചു പോയി. ഇത്തിരി കഴിഞ്ഞു അച്ഛൻ തിരിച്ചു വന്നു. കിഴക്കേപ്പുറത്ത് ചാരുകാസേര എടുത്തു ഇട്ടിട്ടുണ്ട് എന്ന് പറഞ്ഞു എന്നെ കൈകളിൽ കോരിയെടുത്ത് കൊണ്ട് പോയി അതിൽ ഇരുത്തി.

ഒരു ചെറിയ വേദനയോടെ കഥാകാരി പറഞ്ഞു
"മഴയും ഞാനും മുഖത്തോട് മുഖം നോക്കിയങ്ങനെ മഴ തീരും വരെ. കൺ നിറയെ കണ്ടു ആ മഴ എന്നു പറയാൻ ആവില്ല. എന്റെ കണ്ണിലും മഴയായിരുന്നല്ലോ,"കണ്ണീർ മഴ.

അന്ന് കഥാകാരി ആ മഴ കണ്ടത് സങ്കട സങ്കടത്തോടെയാണ്.

അന്ന് മഴ കഴിഞ്ഞു ഞാൻ വിതുമ്പിക്കര ഞ്ഞു. രാത്രിയിൽ തലയിണയിൽ മുഖമമർ ത്തിക്കൊണ്ട് ഇരുട്ടിനോട് എന്തിനെന്നെയിങ്ങനെ....എന്ന ചോദിച്ചു. മതിവരുവോളം കരഞ്ഞു.

ഇന്നും മഴ കാണുമ്പോൾ വേദനയുടെ ആ മഴക്കാലം ആർത്തിരമ്പി ഓർമ്മയിലേക്കു വരുന്ന എന്ന് കഥാകാരി.

ആ സങ്കടാവസ്ഥകൾ കടന്നുപോയി,
അതിനെ ഇങ്ങനെ ആണ് കഥാകാരി പറയുന്നത്. കാണാമഴകളും കേൾക്കാമഴകളും പാറും മഴകളും കടന്ന് ഞാൻ ഒരു നടുമുറ്റത്തിന്റെ സ്വാതന്ത്ര്യത്തിൽ ആണോ?
നടുമുറ്റത്തിന്റെ പ്രത്യേകത എന്താണ്, നാല് ഭാഗത്തു നിന്നും മഴ കൊള്ളാം അല്ലെ, കഥാകാരിയുടെ അസുഖങ്ങൾ എല്ലാം മാറി എന്നൊരു സൂചനയും ഇതിൽ ഉണ്ട്.

വിശ്വസിക്കാൻ വിഷമം. ചാരുകസേരയിലിരുന്ന് കണ്ട വേദന മഴ. അതു കഴിഞ്ഞു പോയോ? ഏതോ ഒരാൾ മലയിറങ്ങി മഴയിൽ ഒഴുകിവരും. ആ കൈകോർത്തുപിടിച്ച് മലച്ചുവട്ടിലെ സമനിരപ്പിൽ ഊടെ പിന്നെ അതിനപ്പുറമുള്ള ചരുവിലേക്ക് ഓടി ഇറങ്ങണം എന്ന് ലീലയോടും ഉണ്ണിയോടും രാധാകൃഷ്ണനോടും ഒക്കെ ഞാൻ പുലമ്പുന്നു.എനിക്ക് കുട്ടിക്കാലം ഈ വയസ്സാം കാലത്ത് ആണല്ലോ എന്ന് എനിക്ക് തന്നെ ചിരി വരുന്നു ഉപ്പു ചുവ യ്ക്കുന്ന ചിരി!

ഉപ്പ് ചുവക്കുന്ന ചിരി എന്നാ പറയുന്നെ, അല്ലെ ഉപ്പു ചുവക്കുന്ന ചിരി എപ്പോഴാണ് ഉണ്ടാകുക?
കണ്ണുനീർ ഉണ്ടാകുമ്പോൾ ആണ് അല്ലെ. ആ സന്തോഷത്തിലും ചെറിയ ഒരു വേദന കഥാകാരിക്ക് ഉണ്ട്. നഷ്ട്ടപെട്ടു പോയ ആ കുട്ടികാലത്തെ മഴകളെ കുറിച്ച് ആയിരിക്കാം. അത് കൊണ്ടല്ലെ

'എനിക്ക് ഈ  കുട്ടിക്കാലം ഈ വയസ്സാം കാലത്ത് ആണല്ലോ എന്ന് പറയുന്നത്.'

എവിടെ തീരുകയാണ്
പ്രിയ എ എസ് ന്റെ' നനയാത്ത മഴ '
എന്ന ഓർമ്മ കുറിപ്പ്.

ഒരു മഴ നനഞ്ഞ പ്രതീതി അല്ലെ , ഇത്തരത്തിൽ രസകരം ആയ മഴ അനുഭവം നിങ്ങളുടെ ജീവിതത്തിലും ഉണ്ടാകും അല്ലെ.

(കുട്ടികൾ പ്രതികരിക്കുന്നു.)